നം.കെഎസ്എ.കെടിഎം.പി.16-2224/2018 തീയതി : 18.02.2019

# കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 01.10.2017 മുതൽ 31.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.2018-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടികൾ പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സുരേഷ് രാജു ഡി., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2018 മുതൽ 21.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ബാച്ച് ലീഡർ | ശ്രീ രാധാകൃഷണന്‍ എം. എൻ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| ഉപബാച്ച്-1 | ശ്രീമതി അനിതാകുമാരി കെ. എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഷാജിമോൻ പി. ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ലൂക്കോസ് കുര്യൻ | ഓഡിറ്റർ(ഹ.ഗ്രേ.) |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |
| ഉപബാച്ച്-2 | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുമേഷ് പി. വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ഉപബാച്ച്-3 | ശ്രീ സജി പി. ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം. എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |
| ഉപബാച്ച്-4 | ശ്രീ പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ആൽബിൻ സിറിയക് | ഓഡിറ്റർ |
| ഉപബാച്ച്-5 | ശ്രീ രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബാബുരാജ് കെ. ബി. | ഓഡിറ്റർ(ഹ.ഗ്രേ.) |
| | ശ്രീ ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |
| ഉപബാച്ച്-6 | ശ്രീ നടരാജൻ പി. ബി. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ യോഗേഷ് ആർ. | ഓഡിറ്റർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ ജോഷി ഫിലിപ്പ് | 01.04.2017 മുതൽ 02.05.2017 വരെ |
| | ശ്രീ സഖറിയാസ് കുതിരവേലി | 03.05.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | മേരി സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ സഖറിയാസ് കുതിരവേലി | 01.04.2017 മുതൽ 02.05.2017 വരെ |
| | ശ്രീ ജോഷി ഫിലിപ്പ് | 03.05.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ബെറ്റി റോയി മണിയങ്ങാട്ട് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശശികല നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | അഡ്വ. സണ്ണി പാമ്പാടി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ റ്റി. ജെ. വർക്കി | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രിൻസിപ്പൽ ഹയർ സെക്കൻഡറി സ്കൂൾ, കടപ്പൂർ | ഷാജി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രോജക്ട് ഓഫീസർ(ഐ.റ്റി.ഡി.പി.) | സി. യു. ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ(കൃഷി) | ലത ജി. പണിക്കർ | 01.04.2017 മുതൽ 12.07.2017-FN വരെ |
| | ഷാജൻ സെബാസ്റ്റ്യൻ | 12.07.2017-AN മുതൽ 31.01.2018-FN വരെ |
| | യു. കവിത | 31.01.2018-AN മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ. ദിലീപ് കെ. എം. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | മുഹമ്മദ് ഷെരീഫ്(i/c) | 01.04.2017 മുതൽ 23.04.2017 വരെ |
| | സി. എൽ. ലാൽ(i/c) | 24.04.2017 മുതൽ 03.07.2017 വരെ |
| | മുഹമ്മദ് ഷെരീഫ്(i/c) | 04.07.2017 മുതൽ 10.08.2017 വരെ |
| | സി. എൽ. ലാൽ(i/c) | 11.08.2017 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | കെ. സുധ | 01.04.2017 മുതൽ 31.05.2017 വരെ |
| | ത്രേസ്യാമ്മ ജോസഫ് (ഇൻ-ചാർജ്) | 01.06.2017 മുതൽ 05.06.2017 വരെ |
| | ഷൈലകുമാരി സി. (ഇൻ-ചാർജ്) | 06.06.2017 മുതൽ 01.08.2017 വരെ |
| | എ. കെ. അരവിന്ദാക്ഷൻ | 02.08.2017 മുതൽ 31.03.2018 വരെ |
| ജില്ല മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | ടാനി തോമസ് | 01.04.2017 മുതൽ 31.05.2017 വരെ |
| | സുരേഷ് പി. എൻ | 01.06.2017 മുതൽ 31.03.2018 വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | കെ. ബി. ലാലാജി | 01.04.2017 മുതൽ 31.05.2017 വരെ |
| | ജോസഫ് ജോൺ (i/c) | 01.06.2017 മുതൽ 19.09.2017 വരെ |
| | ഡി. സജിനിമോൾ(i/c) | 20.09.2017 മുതൽ 26.09.2017 വരെ |
| | ബി. അനിൽകുമാർ | 27.09.2017 മുതൽ 20.12.2017 വരെ |
| | ഡി. സജിനിമോൾ(i/c) | 21.12.2017 മുതൽ 21.01.2018 വരെ |
| | എസ്. കൃഷ്ണകുമാർ | 29.01.2018 മുതൽ 31.03.2018 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | അനികുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| ജില്ലാ സാമൂഹ്യ സുരക്ഷ ഓഫീസർ | എസ്. എൻ. ശിവന്യ | 01.04.2017 മുതൽ 31.03.2018 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ-ISM (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ) | ഡോ. രതി ബി. ഉണ്ണിത്താൻ | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പാമ്പാടി | സാജൻ എസ്. നായർ | 01.04.2017 മുതൽ 24.10.2017 വരെ |
| | രതീഷ് ജെ. ബാബു | 25.10.2017 മുതൽ 31.03.2018 വരെ |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | ജി. രാജീവ് | 01.04.2017 മുതൽ 03.07.2017 വരെ |
| | സി. കെ. ജോസഫ് | 04.07.2017 മുതൽ 31.03.2018 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് | സി. കെ. ജിജി | 01.04.2017 മുതൽ 22.08.2017 വരെ |
| | എം. കെ. വിജയകുമാർ | 23.08.2017 മുതൽ 31.03.2018 വരെ |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (PAU) | ജെ. ബെന്നി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുൻപാദന കേന്ദ്രം | സിസി കുര്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി(അലോപ്പതി) | ഡോ. ബിന്ദുകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി(ആയുർവേദം) | ഡോ. ഷീബ എം. എം. | 01.04.2017 മുതൽ 01.06.2017 വരെ |
| | ഡോ.ആർ.വി.അജിത്ത് | 02.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി(ഹോമിയോ) | ഡോ. ജോഷി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | ഡോ. മായ ജെയിംസ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | രാധാകൃഷ്ണൻ വി. | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| | ഭാഗം 1 -- പൊതു അവലോകനം |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | ക്യാഷ് പരിശോധന |
| 1-8 | ആഭ്യന്തരനിയന്ത്രണം |
| 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-10 | വാർഷിക കണക്കുകളുടെ അവലോകനം |
| | ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | അക്കൗണ്ടിങ്ങിൽ കൃത്യതയില്ല |
| 2-2 | സംയുക്ത പ്രോജക്ട് ഫണ്ട് വിനിമയത്തിന് പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| 2-3 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം (കോഴ) - വരവ് തുകകൾ അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല |
| 2-4 | തുകകൾ പഞ്ചായത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല |
| 2-5 | ടെണ്ടർ ഫീ വിശദാംശങ്ങൾ ലഭ്യമായില്ല |
| 2-6 | ഇ-ടെണ്ടർ ഫോറവില ലഭിക്കുന്നതിന് നടപടികൾ സ്വീകരികരിച്ചിട്ടില്ല |
| 2-7 | ഓഡിറ്റ് റിക്കവറി-വികസന ഫണ്ട് വിഹിതം സർക്കാരിലേക്ക് ഒടുക്കിയില്ല |
| | ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ജില്ലാ പഞ്ചായത്തിലെ വാഹനങ്ങളുടെ പരിപാലനം – സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല |
| 3-2 | ജില്ലാ പഞ്ചായത്തിലെ ജനറേറ്റർ പ്രവർത്തനവും പരിപാലനവും- ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേട് |
| 3-3 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ |
| 3-4 | സംയുക്ത പ്രോജക്ടുകൾക്കായി കൈമാറിയ തുക – വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| 3-5 | എസ്.എസ്.എ.വിഹിതം നൽകൽ – വിനിയോഗവിവരം ലഭ്യമല്ല |
| 3-6 | പൊട്ടിച്ചെടുത്ത പാറയുടെ വില ബില്ലിൽ കുറവു ചെയ്തില്ല – കരാറുകാരന് 67,720/- രൂപ അധികം നൽകി |
| 3-7 | ആസൂത്രണ, നിർവ്വഹണഘട്ടങ്ങളിൽ അപാകതകൾ – വനിതാ തൊഴിൽ പരിശീലനകേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല |
| 3-8 | വാഴൂർ ഗവ.ഹൈസ്കൂൾ മെയിന്റനൻസ് – പെയിന്റിംഗ് ജോലികൾ ചെയ്യാതെ തന്നെ |

| | |
|---|---|
| | കരാറുകാരന് തുക നൽകി – സേവനനികുതി അധികം നൽകി |
| 3-9 | വൈക്കം ഡിവിഷനിൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് കുലശേഖരമംഗലം ഗവ.ഹയർ സെക്കന്ററി സ്കൂൾ അടിസ്ഥാനസൗകര്യവികസനം – തെറ്റായി അളവു രേഖപ്പെടുത്തി തുക നൽകി |
| 3-10 | തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 16 – അംബേദ്കർ കോളനി സമഗ്രവികസനം – അപാകതകൾ |
| 3-11 | അയ്മനം പഞ്ചായത്ത് – ഉമ്പലശ്ശേരി എസ്.ടി.കോളനി അടിസ്ഥാന വികസനം – അപാകതകൾ |
| 3-12 | പുതുപ്പള്ളി ഡിവിഷനിൽ മണർകാട് റീജിയണൽ പൗൾട്ടി ഫാമിൽ ലെയർ ബ്രീഡർ ഹൗസ് നിർമ്മാണം – പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും അപാകതകൾ |
| 3-13 | വാഴപ്പള്ളി പഞ്ചായത്തിൽ കടമ്പനാടം – പേരിക്കകം ഒഡേറ്റിവടക്ക് പാടശേഖരം ട്രാക്ടർ ടില്ലർ ബ്രിഡ്ജ് നിർമ്മാണം – നിർമ്മാണഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസ് നിലനിൽക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി |
| 3-14 | ഉഴവൂർ ഡിവിഷനിൽ രാമപുരം പഞ്ചായത്തിൽ നടുവിലാമാവ്-ചിറകണ്ടം കുടിവെള്ള പദ്ധതി – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-15 | വാകത്താനം ഗ്രാമപഞ്ചായത്ത് – വാകത്താനം ബസ്സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷൻ – നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റാതെ നിർമ്മാണം ആരംഭിച്ചു |
| 3-16 | റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾ – കാലിബാരലിന്റെ വില ഈടാക്കിയില്ല |
| 3-17 | മരാമത്തുവേലകൾ -ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലടവാക്കിയില്ല |
| 3-18 | റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തിയുടെ ബാരൽവില – ജി.എസ്.ടി. ഈടാക്കിയില്ല |
| 3-19 | പ്രവൃത്തി പൂർത്തീകരണ കാലാവധി അനാവശ്യമായി ദീർഘിപ്പിച്ച് നൽകുന്ന നടപടി ഒഴിവാക്കേണ്ടതാണ് |
| 3-20 | കുറവ് തുക ക്വോട്ട് ചെയ്ത വ്യക്തിയ്ക്ക് പ്രവൃത്തി നൽകിയില്ല – പൊതുമരാമത്ത് നടപടിക്രമങ്ങളിൽ അപാകത |
| 3-21 | എ.ജെ.ജോൺ മെമ്മോറിയൽ സ്കൂൾ ഓഡിറ്റോറിയം – അറ്റകുറ്റപ്പണിക്ക് ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചു |
| 3-22 | റോഡിന് മതിയായ സ്ഥല ലഭ്യത ഉറപ്പുവരുത്താതെ പ്രവൃത്തി ആരംഭിച്ചു – പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ചു |
| 3-23 | കരാർ ചമയ്ക്കാൻ താമസിച്ചു – പിഴ ഈടാക്കിയിട്ടില്ല |
| 3-24 | വാകത്താനം ഗ്രാമപഞ്ചായത്തിലെ ഇടത്തറക്കടവ് പാടശേഖരത്തിന് പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി – അധികനിരക്ക് നൽകി |
| 3-25 | ബില്ലിൽ നിന്നും ഓവർഹെഡ് കുറവ് ചെയ്തില്ല – ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധിക തുക നൽകി |
| 3-26 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 3-27 | അഗ്രോസർവ്വീസ് സെന്ററിന് പോളവാരൽ യന്ത്രം – മോണിട്ടറിംഗ് കാര്യക്ഷമമാക്കണം |
| 3-28 | പ്രോജക്ട് നം.659/18 – കടുത്തുരുത്തി ഡിവിഷൻ – കടുത്തുരുത്തി പഞ്ചായത്തിലെ മാന്നാർ മിച്ചഭൂമി പാടശേഖരസമിതിക്ക് ട്രാക്ടർ, ബെയിലിംഗ് മെഷീൻ വാങ്ങൽ – അധിക സബ്സിഡി നൽകി |
| 3-29 | പ്രോജക്ട് നം.658/2018 – വൈക്കം ഡിവിഷനിൽ ചെമ്പ് പഞ്ചായത്തിലെ അരികപുരം പാടശേഖരത്തിന് 20 എച്ച്.പി.മോട്ടോർ, പെട്ടി, പറ, 3 ഫേസ് ലൈൻ വലിക്കൽ – നാളിതുവരെ പൂർത്തിയായില്ല |
| 3-30 | വാലാച്ചിറ സീഡ് ഫാം – തൊഴിലാളികൾക്ക് വിശ്രമകേന്ദ്രം – പ്രവൃത്തി നിർവ്വഹണത്തിലെ |

| | |
|---|---|
| | അപാകതകൾ |
| 3-31 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല |
| 3-32 | പാലിക്കുന്നേൽ തുരുത്തേൽ തോട് ആഴം കൂട്ടലും വരമ്പ് ബലപ്പെടുത്തലും – ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരിഗണിച്ചില്ല |
| 3-33 | നെൽകൃഷി ചെയ്യുന്ന പട്ടികജാതി കർഷകർക്ക് കൂലിച്ചെലവ് – ഗുണഭോക്താക്കളുടെ എണ്ണത്തിൽ അവ്യക്തത |
| 3-34 | ജൈവകൃഷി എക്കോഷോപ്പുകളുടെ തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ് |
| 3-35 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം – രേഖകൾ അപൂർണ്ണം |
| 3-36 | വാട്ടർ പ്യൂരിഫയർ വാങ്ങൽ – അവശ്യാധിഷ്ഠിതമല്ലാത്ത ചെലവ് |
| 3-37 | ലൈഫ് മിഷൻ പദ്ധതി ഫണ്ട് തുക കൈമാറൽ – വിനിയോഗത്തിൽ അവ്യക്തത |
| 3-38 | മെച്ചപ്പെട്ട വിദ്യാഭ്യാസം – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-39 | വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 3-40 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3-41 | ക്യാൻസർ കീമോതെറാപ്പി യൂണിറ്റ് ലഭ്യമാക്കിയിട്ടില്ല |
| 3-42 | പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 3-43 | തെരുവുനായ നിയന്ത്രണം – പ്രോജക്ട് നിർവ്വഹണത്തിലെ പുരോഗതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |

| | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 91,287,857/- | 118,965,443/- | 27,677,586/- | - |
| വരവ് | 2,706,000,900/- | 499,094,543/- | - | 2,206,906,357/- |
| ആകെ | 2,797,288,757/- | 618,059,986/- | - | 2,179,228,771/- |
| ചെലവ് | 2,759,395,900/- | 599,319,083/- | - | 2,160,076,817/- |
| നീക്കിയിരിപ്പ് | 37,892,857/- | 18,740,903/- | - | 19,151,954/- |

2017-18 വർഷം 270 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 275 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 45.76 കോടി രൂപയും ചെലവ് 35.86 കോടി രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് 50 കോടിയോളം രൂപയും ചെലവ് 60 കോടിയോളം രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥ വരവുചെലവുകളുടെ 5 ഇരട്ടിയിലധികമാണ് ബജറ്റിൽ കണക്കാക്കിയിരിക്കുന്നത്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കുന്നത് എന്ന് മേൽ പ്രസ്താവിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവു കണക്കുകൾ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്. ബജറ്റ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്തിലെ മറ്റ് സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ നിന്നുള്ള ബജറ്റ് പ്രൊപ്പോസൽ ലഭ്യമാക്കി ആയത് ക്രോഡീകരിച്ച് തുടർവർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കോട്ടയം ജില്ലാപഞ്ചായത്തിന്റെ ബജറ്റ് പുതുക്കി 16.09.2017-ൽ മൂന്നാം നമ്പർ തീരുമാനപ്രകാരം അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 27.06.2018-ലെ 2/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.06.2018 ലെ എ1-2434/16 നം. കത്ത് പ്രകാരം 03.07.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 30.08.2018 തീയതിയിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 05.09.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി16-1715/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-10 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 118,965,443/- |
| വരവ് | 499,094,543/- |
| ആകെ | 618,059,986/- |
| ചെലവ് | 599,319,083/- |

| | |
|---|---|
| നീക്കിയിരിപ്പ് | 18,740,903/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 348,391,845/- | 348,391,845/- | 219,815,975/- | 128,575,870/- | 63.09 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 101,798,000/- | 101,798,000/- | 55,770,262/- | 46,027,738/- | 54.79 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 19,394,000/- | 19,394,000/- | 6,023,659/- | 13,370,341/- | 31.06 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 89,250,000/- | 89,250,000/- | 51,100,985/- | 38,149,015/- | 57.26 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 64,038,000/- | 64,038,000/- | 37,808,423/- | 26,229,577/- | 59.04 |
| സർവ്വ ശിക്ഷാ അഭിയാൻ (SSA) | 491,575/- | 18,310/- | 509,885/- | 0 | 509,885/- | - |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(RMSA) | 16,052,910/- | 35,456,000/- | 51,508,910/- | 167,034/- | 51,341,876/- | - |
| വെർച്വൽ ക്ലാസ്റൂം ഫണ്ട് | 0 | 1,200,000/- | 1,200,000/- | - | 1,200,000/- | - |
| മൃഗസംരക്ഷണ വകുപ്പ് ഗ്രാന്റ് | 10,000,000/- | 0 | 10,000,000/- | 3,303,975/- | 6,696,025/- | 33.04 |
| ഹയർ സെക്കൻഡറി ഗ്രാന്റ് | 4,098,681/- | 0 | 4,098,681/- | 0 | 4,098,681/- | - |
| കേരളോൽസവം ഗ്രാന്റ് | 63,900/- | 250,000/- | 313,900/- | 204,200/- | 109,700/- | 65.05 |
| ഹയർ സെക്കൻഡറി വകുപ്പ് ഗ്രാന്റ്ടോയ്ലെറ്റ് നിർമ്മാണം | 609,857/- | 0 | 609,857/- | 0 | 609,857/- | - |
| നബാർഡ് ഫണ്ട് | 1,142,571/- | 3,283,000/- | 4,425,571/- | 3,283,000/- | 1,142,571/- | 74.18 |
| സംയുക്ത പ്രോജക്ട്(ഗ്രാമ പഞ്ചായത്ത്-മൂലധന ചെലവുകൾ) | 77,356/- | 0 | 77,356/- | 0 | 77,356/- | - |
| സംയുക്ത പ്രോജക്ട്(ഗ്രാമ പഞ്ചായത്ത്-റവന്യൂ ചെലവ്) | 6,793,303/- | 0 | 6,793,303/- | 3,668,639/- | 3,124,664/- | 54 |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക് പഞ്ചായത്ത്-മൂലധന ചെലവുകൾ) | 0 | 1,250,000/- | 1,250,000/- | 0 | 1,250,000/- | - |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക് പഞ്ചായത്ത്-റവന്യൂ ചെലവ്) | 4,176,818/- | 0 | 4,176,818/- | 0 | 4,176,818/- | - |
| സംയുക്ത പ്രോജക്ട്(നഗരസഭ ) | 900,000/- | 0 | 900,000/- | 0 | 900,000/- | - |
| ഗുണഭോക്തൃ വിഹിതം | 38,677/- | 0 | 38,677/- | 0 | 38,677/- | - |
| സംസ്ഥാന സർക്കാർ അവാർഡ് | 500,000/- | 0 | 500,000/- | 0 | 500,000/- | - |

| | | | | | | |
|---|---|---|---|---|---|---|
| സാമൂഹ്യ നീതി വകുപ്പ് ഗ്രാന്റ് (ബി-ഫണ്ട്) | 0 | 34,958,000/- | 34,958,000/- | 34,958,000/- | 0 | 100 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | 7.11 കോടി | 5.15 കോടി | 12.26 കോടി | 5.63 കോടി | 6.63 കോടി | 45.92 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വികസന ഫണ്ട്-പൊതുവിഭാഗം, സംരക്ഷണ ഗ്രാന്റ്-റോഡിതരം എന്നീ ഗ്രാന്റുകളിലെ ചെലവുതുക വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 273.41 ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. എ.ബി.സി. പ്രോഗ്രാമിനായി ലഭിച്ച തുകകൾ സംയുക്ത പ്രോജക്ടിനായുള്ള(റവന്യൂ ചെലവ്) തുകകളുടെ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 13-ാം പഞ്ചവത്സരപദ്ധതിയിലെ (2017-22)ഒന്നാം വാർഷികപദ്ധതിയ്ക്ക് (2017-18)29.5.2017 ൽ ചേർന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 15.6.17ലെ 490/17/DPC/DPO /KTMനം.ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് പ്രാഥമിക അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 296 സ്പിൽഓവർ പ്രോജക്ടുകളും 483 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 779 പ്രോജക്ടുകളാണ് അംഗീകാരത്തിന് സമർപ്പിച്ചത്. ഇതിൽ 136 പ്രോജക്ടുകൾ നിരസിക്കുകയും 98 എണ്ണം പരിഷ്കരിച്ച് പുന:സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ റീടാറിംഗിനും പുനരുദ്ധാരണത്തിനും തയ്യാറാക്കിയ പ്രോജക്ടുകളാണ് ആസൂത്രണസമിതി നിരസിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 10 ലക്ഷം രൂപയിൽ താഴെ അടങ്കലിൽ സമർപ്പിച്ച പ്രോജക്ടുകളാണ് പരിഷ്കരിച്ച് പുനസമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ഭാവിയിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ആസൂത്രണസമിതി രൂപീകരണം</u>

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും സെക്രട്ടറി കൺവീനറായും 12 അംഗ ആസൂത്രണസമിതി രൂപീകരിച്ച് 17.2.17ൽ ആദ്യയോഗം ചേർന്നിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും</u>

ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 1.2.17ലെ 2(3)-ാം നം.തീരുമാനപ്രകാരം വിവിധ വിഷയമേഖലകളിലായി 15 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 23.2.17, 14.3.17, 30.12.17 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മൂന്നു യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഓരോ വികസനമേഖലയുടെയും അവസ്ഥ സൂക്ഷ്മവിശകലനം നടത്തി പതിമൂന്നാം പദ്ധതി ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്.എന്നാൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും നിർദ്ദേശിച്ച പ്രോജക്ടുകൾ അധികവും മുൻവർഷങ്ങളുടെ ആവർത്തനമായിരുന്നെന്ന് മിനിട്ട്സ് പരിശോധനയിൽ വ്യക്തമാകുന്നു. കോട്ടയം ജില്ലാ സ്ത്രീസൗഹൃദജില്ലയാക്കുന്നതിന്റെ ഭാഗമായി സ്ത്രീസുരക്ഷ ഉറപ്പാക്കാൻ സ്ത്രീകളുടെയും കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച 'ജെൻഡർ പാർക്ക് ' തികച്ചും വ്യത്യസ്തമായ ഒരു പ്രോജക്ടായിരുന്നു. ജെൻഡർ പാർക്കും, പാർക്കിൽ ജാഗ്രതാസമിതി ഓഫീസ്, നിർഭയ കമ്മിറ്റി ഓഫീസ്, ഷെൽട്ടർ ഹോം എന്നിങ്ങനെയുള്ള സംവിധാനങ്ങൾ ക്രമീകരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതായിരുന്നു പ്രോജക്ട്. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ

ഉടമസ്ഥതയിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലുള്ള സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിച്ച പാർക്കിന് വികസനഫണ്ട് 80 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ

ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനസാധ്യതകൾ, സ്വീകരിക്കാവുന്ന തന്ത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 11.4.17ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്.

വികസന സെമിനാർ

വികസനസെമിനാറിനു മുന്നോടിയായി ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻമാർ എന്നിവരുടെ യോഗം (ഗ്രാമസഭായോഗത്തിനു സമാനമായി ) 26.4.17ൽ ചേർന്നു. തുടർന്ന് 22.5.17 ൽ വികസന സെമിനാറും ചേർന്നിട്ടുണ്ട്.

വാർഷികപദ്ധതി അന്തിമഅംഗീകാരം

ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച ഭേദഗതികളോടെ പുനസമർപ്പിച്ച വാർഷികപദ്ധതിയ്ക്ക് 27.3.18 ൽ അന്തിമഅംഗീകാരം ലഭിച്ചു. ആകെ 964 പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 97,97,12,167/-രൂപയാണ്.

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 964 പ്രോജക്ടുകളിൽ 403 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 41,03,58,168/- രൂപയാണ്. ചെലവ് കേവലം 42%. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ പകുതിയോളം നടപ്പാക്കാത്തതും ലഭ്യമായ വികസനഫണ്ടിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതും ഗുരുതരമായ വീഴ്ചയാണ്. പദ്ധതി ആസൂത്രണത്തിൽ സംഭവിച്ച പാളിച്ചകൾ, അശാസ്ത്രീയമായ ഫണ്ട് വകയിരുത്തൽ, ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെ പ്രോജക്ടുകൾ തെരഞ്ഞെടുക്കൽ, സ്ഥലലഭ്യത ഉറപ്പാക്കാതെ പ്രോജക്ടുകൾ വിഭാവനം ചെയ്യൽ, പ്രോജക്ട് നടപ്പാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചകൾ എന്നിവ മൂലം ഭൂരിഭാഗം പ്രോജക്ടുകളും നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. അസി.എക്സി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായ 451 പ്രോജക്ടുകളിൽ 41 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ 7,60,500 രൂപ അടങ്കൽ നിശ്ചയിച്ച പ്രോജക്ട് (മൊബൈൽ മിൽക്കിംഗ് യൂണിറ്റ് – പദ്ധതി നം.9) നടപ്പാക്കിയില്ല. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 22 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 83 | 69 | 121,741,956/- | 106,073,442/- | 87.13 |
| 2. | പ്രിൻസിപ്പൽ<br>ഹയർ സെക്കൻഡറി സ്കൂൾ, കടപ്പൂർ | 1 | 1 | 200,000/- | 192,000/- | 96.00 |
| 3. | പ്രോജക്ട് ഓഫീസർ(ഐ.റ്റി.ഡി.പി.) | 2 | 2 | 554,182/- | 510,116/- | 42 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 4 | 3 | 9,195,000/- | 3,144,274/- | 34.2 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 2 | 1 | 950,000/- | 141,400/- | 14.88 |
| 6. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ (കൃഷി) | 79 | 43 | 68,575,435/- | 24,231,009/- | 35.33 |
| 7. | ഡെപ്യൂട്ടി ഡയറക്ടർ,<br>പൊതുവിദ്യാഭ്യാസം | 16 | 11 | 23,825,900/- | 13,861,226/- | 58.18 |

| | | | | | | |
|---|---|---|---|---|---|---|
| 8. | ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 1 | 1 | 10,000,000/- | 3,668,639/- | 36.69 |
| 9. | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 2 | 2 | 1,750,000/- | 1,749,831/- | 99.99 |
| 10. | ഡെപ്യൂട്ടി ഡയറക്ടർ,ക്ഷീരവികസനം | 1 | 0 | 760,500/- | 0 | - |
| 11. | ജില്ലാ സാമൂഹ്യ സുരക്ഷ ഓഫീസർ | 4 | 4 | 12,300,000/- | 10,129,200/- | 82.35 |
| 12. | ജില്ലാ മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 2,124,637/- | 2,124,637/- | 100 |
| 13. | പ്രിൻസിപ്പൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പാമ്പാടി | 1 | 1 | 150,000/- | 105,990/- | 70.66 |
| 14. | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | 1 | 1 | 1,000,000/- | 970,000/- | 97 |
| 15. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് | 302 | 208 | 290,736,847/- | 136,129,256/- | 46.82 |
| 16. | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്(PAU) | 3 | 3 | 69,346,168/- | 69,346,168/- | 100 |
| 17. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം | 3 | 3 | 175,000/- | 118,911/- | 67.95 |
| 18. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) | 2 | 2 | 1,000,000/- | 1,000,000/- | 100 |
| 19. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 1 | 1 | 8,000,000/- | 8,000,000/- | 100 |
| 20. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 2 | 2 | 1,320,000/- | 1,320,000/- | 100 |
| 21. | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | 2 | 2 | 6,040,000/- | 4,197,233/- | 69.49 |
| 22. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | 451 | 42 | 349,966,542/- | 23,344,836/- | 6.67 |
| ആകെ | | 964 | 403 | 979,712,167/- | 410,358,168/- | 41.89 |

തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 451 പ്രോജക്ടുകൾ വിഭാവനം ചെയ്തത് എങ്കിലും 42 എണ്ണം മാത്രമാണ് നിർവ്വഹിച്ചത്.

<u>വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും</u>

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | ഉത്പാദനം | 130 | 73 | 150,214,244/- | 56,073,857/- | 37.33 |
| 2. | സേവനം | 428 | 160 | 496,592,468/- | 241,630,908/- | 48.66 |
| 3. | പശ്ചാത്തലം | 406 | 170 | 332,905,455/- | 112,653,403/- | 33.84 |
| ആകെ | | 964 | 403 | 979,712,167/- | 410,358,168/- | 41.89 |

മേഖല അടിസ്ഥാനത്തിലുള്ള ചെലവ് 50 ശതമാനത്തിൽ താഴെയാണ്. പശ്ചാത്തല മേഖലയിൽ വകയിരുത്തിയ തുകയുടെ മൂന്നിലൊന്നു തുക മാത്രമാണ് ചെലവഴിച്ചത്.

<u>ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവു വിവരവും</u>

| ക്രമ നം. | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) | 416,061,932/- | 219,815,975/- | 52.83 |
| 2. | വികസനഫണ്ട് (എസ്.സി.പി) | 129,023,398/- | 55,770,262/- | 43.22 |
| 3. | വികസനഫണ്ട് (ടി.എസ്.പി.) | 28,649,798/- | 6,023,659/- | 21.03 |
| 4. | കേന്ദ്രാവിഷ്കൃത ഫണ്ട് | 44,583,818/- | 3,471,009/- | 7.79 |
| 5. | തനത് ഫണ്ട് | 98,528,831/- | 33,084,855/- | 33.58 |
| 6. | ഗ്രാമപഞ്ചായത്ത് വിഹിതം | 1,547,710/- | - | - |
| 7. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,250,000/- | - | - |
| 8. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 145,713,684/- | 51,100,985/- | 35.07 |
| 9. | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 104,765,025/- | 37,808,423/- | 36.09 |
| 10. | മറ്റുള്ളവ | 9,587,971/- | 3,283,000/- | 34.24 |
| ആകെ | | 979,712,167/- | 410,358,168/- | 41.89 |

സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/തുകകൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതിബോർഡ് വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽവിഭാഗം) എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും വിശദമായ പഠനം നടത്താതെയുമാണ് പ്രോജക്ടുകൾ നടപ്പാക്കിയത്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നല്ലൊരുഭാഗം നിർവ്വഹണഏജൻസികളുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എ,ബി,സി പ്രോഗ്രാം മികച്ചരീതിയിൽ പുരോഗമിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്. പട്ടികജാതി വികസനഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'മെച്ചപ്പെട്ട വിദ്യാഭ്യാസം' എന്ന പ്രോജക്ടൊഴികെ ബാക്കിയെല്ലാ പ്രോജക്ടുകളും അപാകതകളില്ലാത്തവയായിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടർ വൻതുക ചെലവഴിച്ച് നടപ്പിലാക്കിയ പലപ്രോജക്ടുകളും ഇനിയും ലക്ഷ്യം കൈവരിച്ചിട്ടില്ല. ഉദാഹരണം ഗുരുകുലം, വിവിധ സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫൈയർ വാങ്ങൽ, യോഗാ മാറ്റ് വാങ്ങൽ എന്നിവ. എന്നാൽ ജില്ലയിലെ രണ്ട് സ്കൂളുകൾക്ക് 'സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ' എന്ന പ്രോജക്ട് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഐ.റ്റി,ഡി,പി പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിന് വാട്ടർ പ്യൂരിഫൈയർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വാങ്ങിയ ആറ് വാട്ടർ പ്യൂരിഫൈയറുകളും ഉപയോഗിക്കാത്ത അവസ്ഥയിലാണെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. നിർവ്വഹണോദ്യോഗസ്ഥർ നടത്തിയ പല 'വാങ്ങലുകളും' ആവശ്യാനുസരണമായിരുന്നോ എന്നത് പ്രോക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചിരുന്നില്ല എന്ന വസ്തുത ഓഡിറ്റിന് ബോദ്ധ്യമായി. കൂടാതെ ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനത്തിന്റെ അപര്യാപ്തതയും പ്രകടമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രവൃത്തികൾ മാത്രമാണ് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കേണ്ടത്. എന്നാൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ 5 ലക്ഷത്തിലധികം അടങ്കലുള്ള പല പ്രോജക്ടുകളും ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പാക്കിയത്. അധിക സാങ്കേതിക വൈദഗ്ധ്യം വേണ്ടി വരുന്ന പ്രവൃത്തികളുടെ നിർവ്വഹണം സമിതിയെ ഏൽപ്പിച്ച നടപടി നിയമവിരുദ്ധമാണ്.

അൻപത് ലക്ഷത്തോളം രൂപ ചെലവഴിച്ച് തൻവർഷം പോളവാരൽയന്ത്രം വാങ്ങിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് എക്സി.എൻജിനിയർ നടപ്പാക്കിയ പ്രോജക്ട് വഴി വാങ്ങിയ യന്ത്രം അടുത്തിടെയാണ് പ്രവർത്തനം ആരംഭിച്ചത്. ആയതിനാൽ യന്ത്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പൂർണ്ണതോതിൽ വിലയിരുത്തൽ നടത്താൻ സാധിച്ചില്ല. ഇത്രയും തുക ചെലവഴിച്ച് വാങ്ങിയ യന്ത്രത്തിന്റെ പ്രവർത്തനം കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2018 തീയതിയിൽ 3:27 PM-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2400 /- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ജില്ലാപഞ്ചായത്തിന്റെ ആഭ്യയന്തരനിയന്ത്രണസംവിധാനം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വലിനെ അടിസ്ഥാനപ്പെടുത്തി വിലയിരുത്തുകയുണ്ടായി. ആയതിൽനിന്നും ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമായി കാണപ്പെട്ടു എങ്കിലും, രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ച ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകുകയും ചെയ്യുന്നുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്. ചെലവ് വൗച്ചറുകളുടെയും സബ് വൗച്ചറുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഫാമുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളിൽ ശക്തമായ ഇടപെടലുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ നടത്തേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ സമയക്ലിപ്തത പാലിക്കുന്നതിന് ഭരണസമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യപ്രാപ്തി ഉറപ്പാക്കുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമ സാധുത എന്നിവ ഉറപ്പാക്കാൻ ജില്ലാപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം ജില്ലാപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2018 | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.05.2017 മുതൽ 09.06.2017 വരെ | 2015-16 മുതൽ 2016-17 വരെ | LBA(HQ) II/8A-2634/17-18 തീയതി 14.07.2017 |

## 1-10 വാർഷിക കണക്കുകളുടെ അവലോകനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 457,606,864/- രൂപയും ചെലവ് 378,591,056/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 79,015,808/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 777,625,844/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 486,262,419/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 291,363,425/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ജില്ലാ പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ജില്ലാ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.7-ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. സർക്കാർ/മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന തുകകളുടെ വരവ്/വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
5. ഗവൺമെന്റിലും മറ്റ് ഏജൻസികളിലും ഒടുക്കുന്നതിന് റിക്കവർ ചെയ്ത തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.9 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. മുൻകൂർ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബി.18-ഷെഡ്യൂളുകളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
7. വികസന ഫണ്ടിലെ വരവ് തുക ഒന്നാകെ റവന്യൂ ഹെഡിലാണ് I & E അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
8. I.14-ഷെഡ്യൂളിൽ പോഷകാഹാര പരിപാടിയ്ക്ക് വേണ്ടിയുള്ള ചെലവ് 20,00,000/- രൂപ (സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടത്) ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
9. RP.5-ഷെഡ്യൂളിൽ ടെണ്ടർ ഫോം വിറ്റുവരവ്, ലേലവരവ്, എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമല്ല.
10. RP.6-കൈമാറിക്കിട്ടിയ സ്ഥാപനം-കാർഷിക മേഖലയിൽ നിന്നും ഉള്ള വരവ് സംബന്ധിച്ച രജിസ്റ്ററുകൾ അപൂർണ്ണമാണ്.
11. R.10-പലവക വരവായി ചേർത്തിട്ടുള്ള 585,830/- രൂപ റീക്ലപ്പ് ചെയ്ത തുക യഥാർത്ഥ വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നതാണ്.
12. വികസന ഫണ്ട്-പൊതുവിഭാഗം, സംരക്ഷണ ഗ്രാന്റ്-റോഡിതരം എന്നീ ഫണ്ടുകളുടെ ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
13. നിക്ഷേപ പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ്, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. 31.03.2018 ബാലൻസ് ഷീറ്റിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത നിക്ഷേപ പ്രവൃത്തികളുടെ മൂല്യം ഡെപ്പോസിറ്റ് ശീർഷകത്തിൽ അവശേഷിക്കുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ ആസ്തി/മറ്റ് ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.
14. 31.03.2018 ബാലൻസ് ഷീറ്റിൽ 320800101-Beneficiary Contribution ശീർഷകത്തിൽ മുൻവർഷങ്ങളിലെ അവശേഷിക്കുന്ന 38,677/- രൂപയുടെ വിശദാംശം ലഭ്യമല്ല.
15. 31.03.2018 ബാലൻസ് ഷീറ്റിൽ 412010101-Capital Work in Progress ശീർഷകത്തിലെ 125,526,321/- രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബിൽ നൽകിയിട്ടുള്ള പ്രോജക്ടുകളുടെ വിശദാംശം

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

16. നബാർഡ് അസിസ്റ്റൻസ് ഫണ്ട് 31.03.2018 ൽ അവശേഷിക്കുന്ന തുക 1,142,571/- രൂപയാണ്(B-4). എന്നാൽ നബാർഡ് ഫണ്ട് നിക്ഷേപിക്കുന്നതിനായുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് 31.03.2018-ൽ 10/- രൂപ മാത്രമാണ്(B-17).
17. എ.ബി.സി. പ്രോഗ്രാമിന് മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ യഥാക്രമം 320700201, 320700203, 320700204 എന്നീ സംയുക്ത പ്രോജക്ട് ശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രോജക്ടിനായുള്ള ഫണ്ടിന്റെ വിനിമയം എ.സി.ആർ. തയ്യാറാക്കി നിരീക്ഷിക്കുന്നില്ല. മേൽപറഞ്ഞ ശീർഷകങ്ങളിലെ 31.03.2018-ലെ നീക്കിയിരിപ്പിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്കൗണ്ടിങ്ങിൽ കൃത്യതയില്ല

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും വിവിധ ഇനങ്ങളിലായി ഓഡിറ്റ് വർഷം 2232615/- രൂപ ഒടുക്ക് വരുത്തിയിട്ടുള്ളതായി സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ്, മറ്റനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ലഭിച്ച പത്രിക പ്രകാരമുള്ള ഒടുക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ക്രമ നം | മെഷിനറി | കുട്ടനാട് പാക്കേജ് | ജില്ല പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|
| 2017 - 18 | 1 | കാമ്പയിൻ ഹാർവെസ്റ്റർ | 1726620 | 242020 | 1968640 |
| | 2 | പവർ ടില്ലർ | 44000 | 0 | 44000 |
| | 3 | ട്രാക്ടർ | 49000 | 0 | 49000 |
| | 4 | ലോറി | 156675 | 0 | 156675 |
| | 5 | ബേയ്‌ലർ | 9600 | 0 | 9600 |
| | 6 | ട്രേ | 3800 | 0 | 3800 |
| | 7 | ത്രെഷർ കം വിന്നോവർ | 900 | 0 | 9000 |
| ആകെ | | | 1990595 | 242020 | 2232615 |

മേൽ പട്ടികയിലെ അതാത് ഇനങ്ങളിലെ തുകകളുമായി ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള റസീപ്റ്റ് & പേയ്മെന്റ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പന് (നം. 31/17.12.2018) മറുപടി ലഭ്യമായിട്ടില്ല. ഘടക സ്ഥാപനങ്ങൾ ഒടുക്ക് വരുത്തുന്ന വിവിധ ഇനങ്ങളിലുള്ള തുകകൾ ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഇനം തിരിച്ചുള്ള തുകകളിൽ കൃത്യതയുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. തുടർ വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി അക്കൗണ്ടിങ്ങിൽ കൃത്യത പുലർത്തുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 2-2 സംയുക്ത പ്രോജക്ട് ഫണ്ട് വിനിമയത്തിന് പ്രത്യേക ട്രഷറി അക്കൗണ്ട്

ആരംഭിച്ചിട്ടില്ല

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് മാത്രമായി ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതും സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിമയം ടി അക്കൗണ്ടിലൂടെ മാത്രം നടത്തേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് നാളിതുവരെ സംയുക്ത പ്രോജക്ടുകൾക്കായി പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (മുൻവർഷങ്ങളിൽ ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഉൾപ്പടെ).

| കണക്ക് ശീർഷകം | ഇനം | തുക |
|---|---|---|
| 320700103 | ഗ്രാമപഞ്ചായത്ത് വിഹിതം(മൂലധന ചെലവുകൾ) | 77,356/- |
| 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (മൂലധന ചെലവുകൾ) | 1,250,000/- |
| 320700201 | നഗരസഭ വിഹിതം (റവന്യൂ ചെലവുകൾ) | 900,000/- |
| 320700203 | ഗ്രാമപഞ്ചായത്ത് വിഹിതം (റവന്യൂ ചെലവുകൾ) | 3,124,664/- |
| 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവുകൾ) | 4,176,818/- |
| സംയുക്ത പ്രോജക്ട്-ആകെ പഞ്ചായത്ത് ഫണ്ടിലുള്ള തുക | | 9,528,838/- |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച 95 ലക്ഷത്തിലധികം രൂപ നിലവിൽ തനത് ഫണ്ട് അക്കൗണ്ടിലാണുള്ളത്. ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിലുള്ള മേൽപ്പറഞ്ഞ തുക സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗത്തിനായി മാത്രം പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ച് ആയതിലേക്ക് മാറ്റേണ്ടതാണ്. ടി അക്കൗണ്ടിൽ സംയുക്ത പ്രോജക്ട് ഫണ്ട് മാത്രം നിക്ഷേപിക്കുകയും ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് ഓരോ ശീർഷകത്തിനും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 സംസ്ഥാന വിത്തുല്പാദന കേന്ദ്രം (കോഴ) - വരവ് തുകകൾ അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല.

പ്രസ്തുത സ്ഥാപനത്തിൽ നിന്നും 01.04.2017 മുതൽ 21.11.2018 വരെയുള്ള കാലയളവിൽ, 01/2017-18 ൽ തുടങ്ങി 38/2018-19 വരെയുള്ള നമ്പറുകളിലായി, ആകെ 18,56,906/- രൂപയുടെ ഇൻവോയ്സുകൾ, വിവിധ കൃഷിഭവനുകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങൾക്കായി നൽകിയിട്ടുണ്ട്. ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ വിവിധ സ്ഥാപനങ്ങൾ, സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ പേരിലുള്ള SBI കോഴ ബ്രാഞ്ചിന്റെ 67203319622 നം. അക്കൗണ്ടിൽ NEFT / RTGS മുഖേനയാണ് തുക നിക്ഷേപിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും തുകയുടെ ഒടുക്ക് വിവരങ്ങൾ അറിയുവാൻ സാധിക്കുന്നില്ലെന്നും, ആയതിനാൽ ഇൻവോയ്സുമായി പൊരുത്തപ്പെടുത്തി വരവ് തുകകൾ വേർതിരിച്ച് അക്കൗണ്ട് ചെയ്യാൻ സാധിക്കുന്നില്ലെന്നുമുള്ള വാക്കാലുള്ള മറുപടിയാണ് സ്ഥാപനത്തിൽ നിന്നും ലഭ്യമായത്. ഒരു സാമ്പത്തിക വർഷത്തിൽ ഇഷ്യൂ ചെയ്ത ഇൻവോയ്സുകൾക്കനുസൃതമായ തുകകൾ, അതത് സാമ്പത്തിക വർഷം തന്നെ വരവ് വന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

NEFT / RTGS മുഖേന പണമിടപാട് നടത്തുമ്പോൾ, ഒടുക്ക് വരുത്തുന്ന ബാങ്കിന്റെ ബ്രാഞ്ചിൽ നിന്നും ജനറേറ്റാകുന്ന പതിനാറക്ക UTR (Unique Transaction Reference)നമ്പർ ഉപയോഗിച്ച് സേർച്ച് ചെയ്ത്, ബ്രാഞ്ച്, തുക, മറ്റനുബന്ധ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കാവുന്നതാണ്. അതോടൊപ്പം തന്നെ, തുക ഒടുക്ക് വരുത്തുന്ന സ്ഥാപനം ഇ-മെയിൽ മുഖേന അറിയിപ്പും നൽകാവുന്നതാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അക്കൗണ്ടിങ്ങിൽ കൃത്യത പുലർത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

2017-18 ഓഡിറ്റിന്റെ ഭാഗമായി 15.12.2018-ൽ പഞ്ചായത്ത് സീനിയർ ക്ലർക്ക്/അക്കൗണ്ടന്റിന്റെ

സാന്നിദ്ധ്യത്തിൽ കാഷ് ചെസ്റ്റ് തുറന്ന് പരിശോധിച്ചു. പരിശോധനയിൽ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സ്ഥിരനിക്ഷേപ(FD)രസീതുകൾ കണ്ടെത്തി. പഞ്ചായത്ത് കണക്കുകളിലോ രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം. 27/15.12.2018) മറുപടിക്കൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരം 19 സ്ഥിര നിക്ഷേപങ്ങളുടെ മൂല്യമായ 8,300/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 3 സാമ്പത്തിക വർഷം കഴിഞ്ഞ റവന്യൂ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം അതിൻമേലുള്ള ഭരണപരമായതും നിയമാനുസൃതമായതുമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ നിക്ഷേപങ്ങളുടെ വിശദാംശം അവ അടവാക്കിയ രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഇ.എം.ഡി നം. & തിയതി | നൽകിയ വ്യക്തി/സ്ഥാപനം | ബാങ്ക്/ട്രഷറി | തുക (രൂപ) | പ്ലഡ്ജ് ചെയ്ത തിയതി | നിക്ഷേപം വാങ്ങിയതിന്റെ ഉദ്ദേശ്യം,പദ്ധതി വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| 1) | 1 year NS Certificate 59 AA, 444870 dtd 14.10.2010 | C T Senalkumar | National Savings Certificate | 100 | 14.10.10 | Electrification of new office building |
| 2) | 1 year NS Certificate 59 AA,44870 dtd 14.10.2010 | C T Senalkumar | National Savings Certificate | 100 | 03.12.2010 | Electrification of new office building |
| 3) | 1 year NS Certificate 59 AA, 44847 dtd 26.08.2010 | C T Senalkumar | National Savings Certificate | 100 | 26.08.2010 | Electrification of new office building |
| 6) | 51/2 year Kisan Vikas Pathrika 11EE748384 dtd 16.12.2009 | C T Senalkumar | Kisan Vikas Pathrika | 500 | 16.12.2009 | Electrification of new office building |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 7) | 51/2 year Kisan Vikas Pathrika 11EE748384 dtd 16.12.2009 | C T Senalkumar | Kisan Vikas Pathrika | 500 | 16.12.2009 | Electrification of new office building |
| 8) | 6 years NS 32BB385551 dtd 03.09.2010 | C T Senalkumar | National Savings Certificate | 500 | 03.09.2010 | Electrification of new office building |
| 9) | 6 years NSC 32BB163785 dtd 13.07.2010 | C T Senalkumar | National Savings Certificate | 500 | 13.07.2010 | Electrification of new office building |
| 10) | 6 years NSC 32BB163785 dtd 13.07.2010 | C T Senalkumar | National Savings Certificate | 500 | 13.07.2010 | Electrification of new office building |
| 11) | 6 years NSC 32BB385445 dtd 16.09.2010 | C T Senalkumar | National Savings Certificate | 500 | 16.09.2010 | Electrification of new office building |
| 12) | 6 years NSC 32BB385454 dtd 14.09.2010 | C T Senalkumar | National Savings Certificate | 500 | 14.09.2010 | Electrification of new office building |
| 13) | 6 years NSC 35BB657674 dtd 02.07.2010 | C T Senalkumar | National Savings Certificate | 500 | 02.07.2010 | Electrification of new office building |
| 14) | 6 years NSC | C T Senalkumar | National | 500 | 14.10.2010 | Electrification |

| | | | | | | |
|---|---|---|---|---|---|---|
| | 12BB163789 dtd 14.10.2010 | | Savings Certificate | | | of new office building |
| 15) | 6 years NSC 32BB385465 dtd 14.10.2010 | C T Senalkumar | National Savings Certificate | 500 | 14.10.2010 | Electrification of new office building |
| 16) | 51/2 year Kisan Vikas Pathrika 11EE748381 dtd 08.12.2009 | C T Senalkumar | National Savings Certificate | 500 | 08.12.2009 | Electrification of new office building |
| 17) | 51/2 year Kisan Vikas Pathrika 11EE748364 dtd 07.12.2009 | C T Senalkumar | National Savings Certificate | 500 | 07.12.2009 | Electrification of new office building |
| 18) | 6 years NS Scheme 69 CC 252516 dtd 11.10.2010 | C T Senalkumar | National Savings Certificate | 1000 | 11.10.2010 | Electrification of new office building |
| 19) | 6 years NS Scheme 69 CC 949540 dtd 29.07.2010 | C T Senalkumar | National Savings Certificate | 1000 | 29.07.2010 | Electrification of new office building |
| | TOTAL | | | 8300/- | | |

## 2-5 ടെണ്ടർ ഫീ വിശദാംശങ്ങൾ ലഭ്യമായില്ല

ജില്ലയിലെ വിവിധ നിർവ്വഹണാദ്യോഗസ്ഥർ ഇ-ടെണ്ടർ ക്ഷണിച്ചതുവഴി ലഭിച്ച ടെണ്ടർ ഫീസ്, ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകിയതിന്റെ/നൽകാൻ ബാക്കി നിൽക്കുന്നതിന്റെ വിശദാംശങ്ങൾ

ആരാഞ്ഞുകൊണ്ട് നിർദ്ദിഷ്ട ഫോറത്തിൽ റിക്വസിഷൻ നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമായിട്ടില്ല. ടെണ്ടർ ഫീസ് സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ഫോറവില ലഭിക്കുന്നതിന് നടപടികൾ സ്വീകരികരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഇ-ടെണ്ടർ നടപടികളിലൂടെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് വഴി നടപ്പിലാക്കേണ്ട പദ്ധതികളുടെ ഇ- ദർഘാസ് വില കൃഷിവകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ജില്ലാ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ടി ഇനത്തിൽ ലഭിക്കേണ്ട തുകയുടെ കൃത്യത കണക്കാക്കാൻ സാധിക്കുന്നില്ല. 23.02.17ൽ കൂടിയ ജനറൽ കമ്മിറ്റി ടെണ്ടർ ഫോം വില ഡി.ഡി.യായി സമർപ്പിക്കാൻ നടപടി സ്വീകരിക്കാൻ കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ടി തീരുമാനം നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ, 2017-18 വർഷം ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫാറവില, ഇ.എം.ഡി മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകളുടെ വിവരങ്ങൾ, തുക ലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് 2,17,094/- രൂപ ലഭിക്കാനുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ഇനത്തിൽ നാളിതുവരെ ലഭിക്കാനുള്ള തുക ജില്ലാ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രജിസ്റ്ററായ ടെണ്ടർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യുന്ന വേലയുടെ പേര്, ടെണ്ടർ തുറക്കുന്ന സമയം, ലഭിച്ച വിവരം, അംഗീകരിച്ച വിവരം, തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-7 ഓഡിറ്റ് റിക്കവറി-വികസന ഫണ്ട് വിഹിതം സർക്കാരിലേക്ക് ഒടുക്കിയില്ല

2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം ശ്രീ. ജയ്സൺ വർഗീസ് എന്ന കരാറുകാരനിൽ നിന്നും 11,007/- രൂപ ഓഡിറ്റ് റിക്കവറിയായി ഈടാക്കിയിരുന്നു (രസീത് നം.117010100037/16.05.2017). കുറിച്ചി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് അഡീഷണൽ ക്ലാസ് റൂം നിർമാണം (പ്രോജക്ട് നം.617/15) പ്രോജക്ടിന് അധിക തുക അനുവദിച്ചതാണ് തിരികെ ഈടാക്കിയത്. ടി പ്രോജക്ടിൽ വികസനഫണ്ടാണ് ചെലവഴിച്ചിരുന്നത്. ആയതിനാൽ ഓഡിറ്റ് റിക്കവറിയായി ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു. ആയത് നാളിതുവരെ സർക്കാരിലേക്ക് ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.49/19.12.2018) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ ഓഡിറ്റ് റിക്കവറി തുക സർക്കാരിലേക്ക് ഒടുക്കി ട്രഷറി ചെലാൻ ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജില്ലാ പഞ്ചായത്തിലെ വാഹനങ്ങളുടെ പരിപാലനം -സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ചുള്ള ധനവകുപ്പിന്റെ സർക്കുലർ നം. 41/2008/ധന. തീയതി 02.08.2008 ഖണ്ഡിക 3 പ്രകാരം യാത്ര തുടങ്ങുന്നതിനു മുമ്പ് തന്നെ ലോഗ് ബുക്കിൽ യാത്രയെ സംബന്ധിച്ചുള്ള അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും യാത്ര അവസാനിച്ചാലുടൻ യാത്ര ചെയ്ത ദൂരവും

ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്തിലെ ചില വാഹനങ്ങളുടെ ലോഗബുക്കുകളിൽ രേഖപ്പെടുത്തലുകൾ വരുത്തി പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു.

സർക്കാർ ഉത്തരവ് നം. ജി.ഒ.(എം.എസ്)170/07ത.സ്വ.ഭ.വ2007 പ്രകാരം ഇന്ധന ക്ഷമത ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്തിലെ നാല് വാഹനങ്ങളുടെയും രേഖകൾ പരിശോധിച്ചതിൽ കഴിഞ്ഞ 21 മാസ കാലയളവിൽ വാഹനങ്ങളുടെ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതായികാണുന്നില്ല.

മാരുതി സ്വിഫ്റ്റ് ഡിസയർ (ഡീസൽ) മോഡലിലുള്ള നം.KL-05 AC 5058 എന്ന വാഹനത്തിന്റെ കമ്പനി നൽകുന്ന വിവരങ്ങൾ പ്രകാരം ഇന്ധനക്ഷമത 23km/liter ആണ്. ലോഗ് ബുക്ക് പരിശോധനാപ്രകാരവും അവസാനമായി നടത്തിയ ഇന്ധന ക്ഷമത ടെസ്റ്റ് പ്രകാരവും വാഹനത്തിന്റെ ഇന്ധന ക്ഷമത 12km/liter മാത്രമാണ്. കമ്പനി ഉറപ്പുനൽകുന്ന മൈലേജിനെക്കാളും പകുതിയോളം മാത്രം ഇന്ധന ക്ഷമതലഭിക്കുന്ന പ്രസ്തുത വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ രണ്ട് ഡ്രൈവർമാർ 2017 ഡിസംബർ മാസത്തെ ശമ്പളം കൈപ്പറ്റിയിട്ടുള്ളതോടൊപ്പം പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് അതേ മാസത്തിൽ തന്നെ ദിവസ വേതനാടിസ്ഥാനത്തിൽ രണ്ട് ഡ്രൈവർമാരെ നിയമിക്കുകയും വേതനം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ 4 ഔദ്യോഗിക വാഹനങ്ങൾക്ക് 2017 ഡിസംബർ മാസത്തിൽ ഡീസൽ അടിച്ചിട്ടുള്ളതായി കാണുന്നു. ജി.ഒ(പി) 265/2004 ത.സ്വ.ഭ.വ 13.08.14 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് മൂന്ന് വാഹനങ്ങൾ മാത്രമേ ഉണ്ടായിരിക്കുവാൻ വ്യവസ്ഥയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6), 4 വാഹനങ്ങൾ ഉപയോഗിക്കുന്നതിനും 4 ഡ്രൈവർമാരുടെ സേവനം ലഭ്യമാക്കുന്നതിനും ആധാരമായ സർക്കാർ ഉത്തരവ് സഹിതമുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (KL-05-AH-999) 2017 ഡിസംബറിൽ അപകടത്തിൽ പെട്ടതിനെ തുടർന്ന് 22,100/- രൂപ റിപ്പയറിംഗിന് നൽകിയതായി കാണുന്നു. വൗച്ചറിനൊപ്പം നിപ്പോൺ - ടൊയോട്ടയുടെ ഒരു ബില്ല് മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ചെക്ക മുഖേനയോ, R.T.G.S ആയോ തുക നൽകിയതിന്റെ രേഖകൾ ഇല്ല. ഇൻഷ്വറൻസ് ക്ലയിം ലഭിക്കുന്ന മുറയ്ക്ക് ടി തുക തനതുഫണ്ടിൽ വരവ് ചെയ്യേണ്ടതാണെന്ന നിർദേശം വൗച്ചർ നോട്ടിലുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6, 25, എന്നിവയ്ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഇൻഷ്വറൻസ് ക്ലയിം ചെയ്ത് തുക ലഭിച്ചതിന്റെയും ആയത് തനതുഫണ്ടിൽ വരവ് വച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്. കോട്ടയം ജില്ലാ പഞ്ചായത്തിലെ വാഹനങ്ങളുടെ ഉപയോഗം ക്രമാനുസൃതമാണെന്നും വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 ജില്ലാ പഞ്ചായത്തിലെ ജനറേറ്റർ പ്രവർത്തനവും പരിപാലനവും- ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ പൊരുത്തക്കേട്

ജനറേറ്റർ റണ്ണിംഗ് ലോഗ് രജിസ്റ്റർ പ്രകാരം ഒരു മണിക്കൂർ പ്രവർത്തനത്തിന് രണ്ട് ലിറ്റർ ഡീസൽ ചെലവാകുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിനായി ജനറേറ്ററിന്റെ പ്രവർത്തന മാനുവൽ ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ ഫയൽ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 2017-18 വർഷം 237.95 മണിക്കൂർ ജനറേറ്റർ പ്രവർത്തിച്ചതായി കാണുന്നു. ഫ്യുവൽ രജിസ്റ്റർ പ്രകാരം 555 ലിറ്റർ ഡീസൽ (മുന്നിരിപ്പ് ഉൾപ്പെടെ) വാങ്ങിയിട്ടുണ്ടെങ്കിലും പ്രവർത്തന ചെലവ് (476 liter ഡീസൽ) കിഴിച്ചുള്ള 79 ലിറ്റർ ഡീസലിന് പകരം 31.03.2018- ലെ നീക്കി ബാക്കി 37ലിറ്റർ മാത്രമാണ്. 42 ലിറ്റർ ഡീസലിന്റെ കുറവ് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34- ന് മറുപടി ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിലെ ജനറേറ്റർ പരിപാലനവുമായി ബന്ധപ്പെട്ട രേഖകളുടെ രേഖപ്പെടുത്തലുകളും സൂക്ഷിപ്പും ക്രമപ്രകാരമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ

2017-18 സാമ്പത്തികവർഷം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിൽ ഭൂരിഭാഗവും നിക്ഷേപ, തുക കൈമാറൽ പ്രവൃത്തികളായിരുന്നു. വിവിധ പ്രോജക്ടുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) എന്നീ നിർവ്വഹണ ഏജൻസികളിൽ ആകെ 2,64,36,778/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| തുക നിക്ഷേപിച്ച സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|
| കേരള വാട്ടർ അതോറിറ്റി | 7337528 |
| വൈദ്യുതി ബോർഡ് | 7392106 |
| ഭൂജല വകുപ്പ് | 8459644 |
| പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ വിഭാഗം) | 3247500 |
| ആകെ | 26436778 |

<u>നിക്ഷേപ പ്രവൃത്തികൾ - അപാകതകൾ</u>

എ) ആവശ്യകതാ നിർണ്ണയം നടത്തിയില്ല.

ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഓരോ വർഷവും ഭീമമായ തുക വൈദ്യുതി ബോർഡിൽ നിക്ഷേപിക്കുന്നുണ്ട്. വിവിധ പഞ്ചായത്തുകളുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളിലെ വൈദ്യുത ലൈനുകൾ ഓരോ വർഷവും ഏതെല്ലാം പ്രദേശത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്നും തുടർന്നുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തി പഞ്ചായത്തുകൾ തയ്യാറാക്കേണ്ട പവർ ലൈൻ മാപ്പുകളുടെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ നിശ്ചയിക്കേണ്ടത്. എന്നാൽ പഞ്ചായത്തുകൾ ഇപ്രകാരം പവർ ലൈൻ മാപ്പ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഇത്തരത്തിൽ ചെലവഴിക്കുന്ന തുക ആവശ്യാധിഷ്ഠിതമാണോ എന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

ബി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിവിധ പ്രോജക്ടുകളുടെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി, തുക നിക്ഷേപിച്ച് ഒരു മാസം മുതൽ മൂന്ന് മാസം വരെയാണ്. എന്നാൽ നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കരാർ തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് നിർവ്വഹിച്ച പ്രവൃത്തിയുടെ വിശദമായ മൂല്യനിർണ്ണയം നടത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യങ്ങളിലേക്ക് ഭരണസമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ പേര്, നം. | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|---|
| 1 | ഉഴവൂർ ഡിവിഷൻ രാമപുരം പഞ്ചായത്ത് ചിറക്കപ്പാറ കുടിവെള്ള പദ്ധതി, ത്രീ ഫേസ് ലൈൻ വലിക്കുക SO 263/18 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, രാമപുരം | 97,228 | 195/30.11.17 |
| 2 | കാഞ്ഞിരപ്പള്ളി ഡിവിഷനിൽ മണിമല ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ തേക്കാനം കുടിവെള്ള പദ്ധതി പൂർത്തീകരണം SO 275/18 | ഭൂഗർഭജല വകുപ്പ് | 500000 | 110/28.09.17 |
| 3 | കോട്ടയം ജില്ലാ പഞ്ചായത്ത്--വിവിധ ഡിവിഷനുകളിലെ പൈപ്പ് ലൈൻ നീട്ടൽ SO 811/18 | കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, കോട്ടയം, കട്ടുത്തുരുത്തി, | 1497119 | 202/22.12.17 |

| | | | | |
|---|---|---|---|---|
| | | പി.എച്ച്.ഡിവിഷൻ | | |
| 4 | കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുഴൽ കിണർ നിർമ്മാണം SO 812/18 | ഭൂഗർഭജല വകുപ്പ് | 2000000 | 119/12.10.17 |
| 5 | അയർക്കുന്നം ഡിവിഷനിലെ വാർഡ് 4, പുതുപ്പള്ളി ഡിവിഷനിലെ, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ SO820/18 | കെ.എസ്.ഇ.ബി. | 596716 | 274/25.01.18 |
| 6 | പാമ്പാടി ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് കുഴൽ കിണർ നിർമ്മാണം SO825/18 | ഭൂഗർഭജല ജലവകുപ്പ് | 250000 | 109/28.09.2017 |
| 7 | കോട്ടയം ജില്ലയിലെ വിവിധ ഡിവിഷനുകളിലെ എസ്.സി. കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ SO849/18 | കേരള വാട്ടർ അതോറിറ്റി | 1778409 | 201/22.12.17 |
| 8 | ഏറ്റുമാനൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കുഴൽ കിണർ നിർമ്മാണം. SO867/18 | ഭൂഗർഭജലവകുപ്പ് | 250000 | 108/28.09.17 |
| 9 | കോട്ടയം ജില്ലയിലെ വിവിധ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിർമ്മിച്ചിട്ടുള്ള ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് വൈദ്യുതീകരണം SO901/18 | പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോട്ടയം | 797500 | 239/12.01.18 |
| 10 | മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ സോളാർ പാനൽ സ്ഥാപിക്കുക SO954/18 | റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ്, കെഎസ്ഇ.ബി.ലിമിറ്റഡ്, തിരുവനന്തപുരം | 1590000 | 272/25.01.18 |
| 11 | കുറവിലങ്ങാട് ഡിവിഷൻ കടപ്പൂർ സ്കൂളിലേയ്ക്ക് ത്രീ ഫേസ് കണക്ഷൻ SO1038/18 | ഇലക്ട്രിക്കൽ സെക്ഷൻ, കെഎസ്ഇബി, ലിമിറ്റഡ് കുറവിലങ്ങാട് | 130512 | 194/30.11.17 |
| 12 | അയർക്കുന്നം ഡിവിഷനിലെ വിജയപുരം പഞ്ചായത്ത് വാർഡ് 5 കുടിവെള്ള പദ്ധതി പൂർത്തീകരണം- ഭൂഗർഭജലവകുപ്പിൽ തുക അടവാക്കൽ | ഭൂഗർഭ ജലവകുപ്പ് | 300000 | 228/08.01.18 |

| | | | | |
|---|---|---|---|---|
| | SO1081/18 | | | |
| 13 | SO-1136/18 അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 800000/ | 109/28.02.18 |
| 14 | S1141/18 കങ്ങഴ ഡിവിഷൻ തേരാളി കടുകുന്ന് കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | കെ.എസ്.ഇ.ബി.കറുകച്ചാൽ സബ് ഡിവിഷൻ | 133120 | 108/28.02.18 |
| 15 | S1021/18 കുറിച്ചി ഭാസ്കരൻ കോളനി കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 500000 | 124/24.3.18 |
| 16 | S1139/18 കടുത്തുരുത്തി ഡിവിഷനിൽ കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വാർഡ് 4ൽ പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ കടുത്തുരുത്തി | 1012000/- | 101/24.2.18 |
| 17 | S1159/18 കങ്ങഴ ഡിവിഷനിലെ കങ്ങഴ പഞ്ചായത്ത് എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ | കെ.എസ്.ഇ.ബി കങ്ങഴ ഡിവിഷൻ | 1620000/ | 142/27.3.18 |
| 18 | S1137/18 കടുത്തുരുത്തി ഡിവിഷനിൽ കല്ലറ പഞ്ചായത്തിൽ ളുമ്പിൽത്താഴം റോഡിൽ പൈപ്പ് ലൈൻ വലിച്ച് കണക്ഷൻ | കേരള വാട്ടർ അതോറിറ്റി കടുത്തുരുത്തി | 1000000/- | 99/24.02.18 |
| 19 | S1020/ 18 കുറിച്ചി ഡിവിഷനിൽ കുറിച്ചി പഞ്ചായത്ത് ആനക്കുഴി എസ്.സി.കോളനി കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം | 1000000/- | 125/ 24.03.18 |
| 20 | S951/18 കുമരകം ഡിവിഷനിൽ കുമരകം പഞ്ചായത്ത് വാർഡ് 14 കൃഷ്ണവിലാസം പട്ടിക വർഗ കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി കുമരകം | 100000/- | 126/24.03.18 |
| 21 | S1150/18 കടുത്തുരുത്തി ഏറ്റുമാനൂർ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം | കെ.എസ്.ഇ.ബി. | 2001240/- | 113/14.2.18 |

| | | | | |
|---|---|---|---|---|
| 22 | S1131/18 വൈക്കം ഡിവിഷനിൽ മുല്ലക്കരി പാടശേഖരം ട്രാൻഫോർമർ | കെ.എസ്.ഇ.ബി.തലയാഴം സെക്ഷൻ | 71850/- | 108/28.2.18 |
| 23 | S1097/18 കുറിച്ചി ഡിവിഷനിൽ കുറച്ചി പഞ്ചായത്തിൽ സചിവോത്തമപുരം പഴയ കോളനി കുഴൽ കിണർ നിർമ്മിച്ച് ഓവർ ടാങ്ക് നിർമ്മിച്ച് ഹൗസ് കണക്ഷൻ നൽകൽ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 260000/- | 138/ 27.3.18 |
| 24 | 1135/18 മരങ്ങോലി കുടിവെള്ള പദ്ധതി - ഞീഴൂർ ഗ്രാമപഞ്ചായത്ത് 2-ാം വാർഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ ,വാട്ടർ അതോറിറ്റി കടുത്തുരുത്തി | 750000 | 100/24.2.18 |
| 25 | 1160/18 വിവിധ ഡിവിഷനുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | എക്സി.എഞ്ചിനീയർ , കെ.എസ്.ഇ.ബി. വൈക്കം | 980072 | 139/27.03.18 |
| 26 | S1140/18മുണ്ടക്കയം ഡിവിഷനിൽ വോങ്ങക്കുന്ന് കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് കണക്ഷൻ | ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം | 71368 | 112/14.3.18 |
| 27 | 273/18 ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | എക്സ്.എഞ്ചിനീയർ പി.ഡബ്ല്യു.ഡി (ഇലക്ട്രിക്കൽ) തിരുവനന്തപുരം | 2450000 | 136/27.3.18 |
| 28 | 1120/18വെള്ളൂർ ഡിവിഷൻ ചേലച്ചുവട് ചേമ്മഞ്ചി മണ്ണുക്കുന്ന് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി | 500000 | 92/12.2.18 |
| 29 | 1152/18 ജില്ലാ പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുഴൽ കിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 3399644 | 114/ 14.03.18 |
| | ആകെ | | 2,64,36,778 | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,64,36,778/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി മേല്പറഞ്ഞ പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് വൻ തുക നൽകുന്നുണ്ടെങ്കിലും എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടന്നിട്ടുണ്ടോ എന്ന് കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ജില്ലാപഞ്ചായത്ത് ലക്ഷ്യമിടുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ കുമിഞ്ഞുകൂടുകയും നിഷ്ക്രിയമായി ശേഷിക്കുകയും ചെയ്യുന്ന അവസ്ഥ ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 സംയുക്ത പ്രോജക്ടുകൾക്കായി കൈമാറിയ തുക - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

2017-18 സാമ്പത്തികവർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ പേര്, നം. | നൽകിയ തുക | തുക ലഭിച്ച ഗ്രാമപഞ്ചായത്തിന്റെ പേര് | ബിൽ നം. തീയതി |
|---|---|---|---|---|
| 1 | കുമ്പൻവാലി ജലസേചന പദ്ധതികൾ SO140/18 | 1500000 | രാമപുരം | 257/18.01.18 |
| 2 | ഉഴവൂർ ഡിവിഷൻ രാമപുരം പഞ്ചായത്ത് മൂലമറ്റം വാർഡിൽ 6-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം.<br>SO256/18 | 1000000 | രാമപുരം | 207/22.12.2017 |
| 3 | ജലസുഭിക്ഷ പദ്ധതി കിണർ റീ ചാർജ്ജിംഗ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ SO810/18 | 8550000 | അയ്മനം-2300000<br>നെടുംകുന്നം-3000000<br>അയർക്കുന്നം-300000<br>ഞീഴൂർ-1000000<br>രാമപുരം-250000<br>6850000 | 148/31.10.17 |
| 4 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് മണർകാട് ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറുന്നു<br>SO832/18 | 1000000 | മണർകാട് | 252/15.01.18 |
| 5 | കോട്ടയം ജില്ലയിലെ സ്ഥലം ലഭ്യമായ അങ്കനവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ<br>SO833/18 | 4400000 | ഉദയനാപുരം- 200000<br>എലിക്കുളം 200000<br>മറവൻതുരുത്ത്- 200000<br>തീക്കോയി- 200000<br>മണിമല- 200000<br>വെളിയന്നൂർ- 200000<br>കുറവിലങ്ങാട്- 600000<br>പൂഞ്ഞാർ തെക്കേക്കര- 200000<br>തിടനാട് – 200000 | 275/25.01.18 |

| | | | | |
|---|---|---|---|---|
| | | | കാഞ്ഞിരപ്പള്ളി- 200000<br>കൂട്ടിക്കൽ – 200000<br>വെള്ളാവൂർ - 400000<br>തലപ്പലം 200000<br>മുളക്കുളം 200000<br>ആർപ്പൂക്കര 600000<br>നീണ്ടൂർ 400000<br>തുക MGNREGS Mission Directorക്കാണ് കൈമാറിയിട്ടുള്ളത് | |
| 6 | പൊൻകുന്നം ഡിവിഷനിലെ വാഴൂർ ബ്ലോക്കിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് SO839/18 | 500000 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 174/21.11.17 |
| 7 | മുണ്ടക്കയം ഡിവിഷൻ പാറത്തോട് പഞ്ചായത്തിൽ എൽ.പി.ജി. ശ്മശാനം SO840/18 | 2300000 | പാറത്തോട് ഗ്രാമപഞ്ചായത്ത് | 297/20.01.18 |
| 8 | കടുത്തുരുത്തി ഡിവിഷനിലെ കല്ലറ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ SO842/18 | 500000 | കല്ലറ ഗ്രാമപഞ്ചായത്ത് | 173/21.11.17 |
| 9 | കിടങ്ങൂർ ഡിവിഷനിലെ മുത്തോലി പഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം SO843/18 | 900000 | മുത്തോലി ഗ്രാമപഞ്ചായത്ത് | 204/22.12.2017 |
| 10 | പൊൻകുന്നം ഡിവിഷനിലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ശ്മശാന നിർമ്മാണം SO847/18 | 2500000 | ചിറക്കടവ് ഗ്രാമപഞ്ചായത്ത് | 296/30.01.18 |
| 11 | കോട്ടയം ജില്ലാ പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ വാസയോഗ്യമല്ലാത്ത എസ്.സി. വീടുകൾ വാസയോഗ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറൽ SO850/18 | 4200000 | അകലക്കുന്നം- 950000<br>എലിക്കുളം- 600000<br>അയർക്കുന്നം- 1000000<br>കൊഴുവനാൽ- 600000<br>മുത്തോലി- 600000<br>കിടങ്ങൂർ- 450000 | 123/26.10.17<br>175/20.11.17<br>197/30.11.17<br>124/26.10.17<br>244/12.01.18 |

| | | | | |
|---|---|---|---|---|
| 12 | ഉഴവൂർ ഡിവിഷൻ പെരുവന്താനം ചിറയിൽകുളം നവീകരണം ജില്ലാപഞ്ചായത്ത് വിഹിതം SO987/18 | 400000 | ഉഴവൂർ ഗ്രാമപഞ്ചായത്ത് | 166/21.11.17 |
| 13 | അയർക്കുന്നം ഡിവിഷൻ അയർക്കുന്നം പഞ്ചായത്തിൽ ആറാട്ട് കടവ് ജലസേചന പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം SO1041/18 | 200000 | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | 65/10.01.18 |
| 14 | കിടങ്ങൂർ ഡിവിഷൻ അകലക്കുന്നം പഞ്ചായത്തിൽ ചെങ്ങളം ഓപ്പൺ മാർക്കറ്റ് നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ SO1096/18 | 500000 | അകലക്കുന്നം ഗ്രാമപഞ്ചായത്ത് | 226/08.01.18 |
| 15 | കങ്ങഴ ഡിവിഷൻ കങ്ങഴ പഞ്ചായത്തിലെ 112-ാം നമ്പർ മണ്ണൂപുരയിടം അങ്കണവാടി ജില്ലാ പഞ്ചായത്ത് വിഹിതം SO1119/18 | 700000 | കങ്ങഴ ഗ്രാമപഞ്ചായത്ത് | 273/25.01.18 |
| 16 | 824/18 വൈക്കം ഡിവിഷൻ ചെമ്പ് പഞ്ചായത്തിലെ ബ്രഹ്മമംഗലം ആശുപത്രി കെട്ടിടം ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറുന്നു. | 1000000 | ചെമ്പ് ഗ്രാമ പഞ്ചായത്ത് | 104/24.12.17 |
| 17 | 1153/18 കങ്ങഴ പഞ്ചായത്ത് എസ്.സി.സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ | 450000 | കങ്ങഴ ഗ്രാമ പഞ്ചായത്ത് | 115/18/14.02.18 |
| 18 | 1138/18 കൂർക്കമറ്റം പന്നഗം തോട്ടിൽ ക്രോസ്സ്ബാർ കം ബ്രിഡ്ജ് - അകലക്കുന്നം പഞ്ചായത്തിന് വിഹിതം നൽകൽ | 490000 | അകലക്കുന്നം ഗ്രാമ പഞ്ചായത്ത് | 145/18/27.03.18 |
| 19 | So-841/18 പാമ്പാടി ബ്ലോക്ക്-പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് | 2000000/- | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 98/24.12.17 |
| 20 | S845/18 പൂഞ്ഞാർ ഡിവിഷനിൽ തീക്കോയി പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് | 1000000/- | തീക്കോയി പഞ്ചായത്ത് | 96/24.12.17 |

| | | | | |
|---|---|---|---|---|
| 21 | S847/18 പൊൻകുന്നം ഡിവിഷനിൽ ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ ശ്മശാന നിർമ്മാണം | 2500000/- | ചിറക്കടവ് ഗ്രാമ പഞ്ചായത്ത് | 89/27.11.17 |
| 22 | S256/18 ഉഴവൂർ ഡിവിഷൻ രാമപുരം ഗ്രാമ പഞ്ചായത്തിൽ മുല്ലമറ്റം വാർഡ് 6-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 1000000/- | രാമപുരം ഗ്രാമ പഞ്ചായത്ത് | 61/10.01.18 |
| 23 | S1129/ 18 തലയാഴം ഡിവിഷനിൽ നീണ്ടൂർ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം | 600000/- | നീണ്ടൂർ പഞ്ചായത്ത് | 97/24.02.18 |
| 24 | S954/18 മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ സോളാർ പാനൽ നിർമ്മാണം | 1590000/- | മണർകാട് റീജിയണൽ പൗൾട്രി ഫാം | 84/27.01.18 |
| 25 | S1127/18 തൃക്കൊടിത്താനം ഡിവിഷനിൽ തൃക്കൊടിത്താനം പഞ്ചായത്ത് പകൽ വീട് പൂർത്തീകരണവും അനുബന്ധ കാര്യങ്ങളും | 1000000/- | തൃക്കൊടിത്താനം പഞ്ചായത്ത് | 95/24.02.18 |
| 26 | S834/18 മുണ്ടക്കയം പഞ്ചായത്ത് തുമ്പൂർമൂഴി മോഡൽ ജൈവ മാലിന്യ സംസ്കരണ പദ്ധതി | 3000000/- | മുണ്ടക്കയം പഞ്ചായത്ത് | 107/28.02.18 |
| 27 | S0004/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5398601/- | വിവിധ ഗ്രാമ പഞ്ചായത്തുകൾ | 11/17-18 മുതൽ 132/17-19വരെയുള്ളതിൽ മുപ്പത് ബില്ലുകൾ |
| 28 | 1134/18 ആനക്കൽ പൊൻമല ചെക്ക് ഡാം നിർമ്മാണം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 490000 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 104/24.02.18 |
| | ആകെ | 46068601 | | |

സംയുക്ത പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 4,60,68,601/- രൂപയുടെ ചെലവ് വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 എസ്.എസ്.എ.വിഹിതം നൽകൽ--വിനിയോഗ വിവരം ലഭ്യമല്ല

2017-18 വർഷം എസ്.എസ്.എ. പ്രവർത്തനങ്ങൾക്കായി 2,76,82,193/- രൂപ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.കോട്ടയത്തിന് നൽകിയിട്ടുണ്ട്. എസ്.എസ്.എ. യ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തുക | ബിൽ നം./തീയതി |
|---|---|---|
| 3/17-18 | 2500000 | 45/27.07.17 |
| 3/17-18 | 15000000 | 68/19.09.17 |
| 3/17-18 | 10182193 | 126/26.10.17 |
| ആകെ | 27682193 | |

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര വിഹിതമുൾപ്പെടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എസ്.എസ്.എ. പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എസ്.എസ്.എ.യിൽ നിന്നുള്ള ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാകുന്നതുവരെ ചെലവായ 2,76,82,193/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പൊട്ടിച്ചെടുത്ത പാറയുടെ വില ബില്ലിൽ കുറവു ചെയ്തില്ല - കരാറുകാരന് 67,720/- രൂപ അധികം നല്കി

| | |
|---|---|
| പ്രോജക്ട് | 907/18 (573/15-16)<br>വല്യാത്ത്-കൊട്ടാരത്തിൽ കുടിവെള്ളപദ്ധതി - |
| അടങ്കൽ | 1000000/- |
| ചെലവ് | 874586/- (17-18ബിൽനം. CB No- 86/28-9-17 |
| കരാറുകാരൻ | പി.എൻ.സുധാകരൻ |
| കരാർ | 102/EE/LSGD |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എൻജിനീയർ |

ഭരണങ്ങാനം ഡിവിഷനിൽ കടനാട് ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ വല്യാത്ത് കൊട്ടാരത്തിൽ കോളനിഭാഗത്ത് പുതുതായി ആരംഭിക്കുന്ന കുടിവെള്ളപദ്ധതിക്കായി 2015-16 വർഷം ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. 5.6 മീറ്റർ വിസ്താരത്തിലും 7.5 മീറ്റർ ആഴത്തിലും കിണർനിർമ്മാണം, പമ്പ്ഹൗസ്, വാട്ടർടാങ്കിനുള്ള പ്ലാറ്റ്ഫോം, മോട്ടോറും പൈപ്പ് ലൈനും സ്ഥാപിക്കൽ, പാനൽബോർഡ്, 63mm, 50mm അളവുകളിലുള്ള പൈപ്പുകൾ യഥാക്രമം 25, 175 നീളത്തിൽ വീതം സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ/റീടെൻഡർ നടപടികൾക്കുശേഷം ശ്രീ.പി.എൻ.സുധാകരൻ എന്നയാളുടെ (സിങ്കിൾ ടെൻഡർ) 3.9% കുറഞ്ഞനിരക്കിലുള്ള ടെൻഡർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ നിർവ്വഹണവേളയിൽ അനിവാര്യമായി വന്ന മാറ്റങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 5-5-17-ൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 8,22,111/-രൂപ കരാറുകാരന് നൽകുകയും ചെയ്തു.

പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേറ്റനുസരിച്ച് ആദ്യഘട്ടത്തിൽ 5.6 മീറ്റർ വിസ്താരത്തിലും 7.5 മീറ്റർ ആഴത്തിലും കിണർനിർമ്മാണം നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കിണർകുഴിച്ചപ്പോൾ 2 മീറ്റർ മുതൽ 5 മീറ്റർ വരെ (3 മീറ്റർ) പാറ ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പാറ പൊട്ടിക്കുന്ന പ്രവൃത്തി അധിക ഇനമായി ഉൾപ്പെടുത്തിയിരുന്നു. പ്രവൃത്തിനിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അളവുപുസ്തകം പേജ് 5 പ്രകാരം 26.42 m3 അളവിലും പേജ് 6 പ്രകാരം 39.63 m3 അളവിലും ആകെ 66.05m3 അളവിൽ പൊട്ടിച്ചെടുത്ത പാറ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. സ്റ്റാക്ക് ചെയ്ത പാറയുടെ വില ബില്ലിൽ കുറവുചെയ്യേണ്ടത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബില്ലിൽ കുറവുചെയ്യാതെയാണ് കരാറുകാരന് ബിൽതുക നൽകിയത്.

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.50/19.12.18) പൊട്ടിച്ചെടുത്ത കരിങ്കല്ലിന്റെ വില കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.12.2018ലെ എബി4-1974/18-19 നമ്പർ കത്ത് ) ലഭ്യമായ പാറ പ്രവൃത്തി സ്ഥലത്ത് തന്നെ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന്

പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ അറിയിക്കുകയുണ്ടായി. ആയത് ലേലം ചെയ്ത് പഞ്ചായത്തുഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പ്രോജക്ട് നിർവ്വഹണത്തിലെ മറ്റ് അപാകതകൾ

1) ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മോട്ടോറും പമ്പ് സെറ്റും സ്ഥാപിക്കൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കി

പ്രോജക്ടിന്റെ ഒറിജിനൽ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് സി പ്രകാരം ഉൾപ്പെടുത്തിയിരുന്ന 5.5H.p മോട്ടോറും പമ്പ്സെറ്റും സ്ഥാപിക്കുന്ന പ്രവൃത്തിഇനം റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കപ്പെട്ടു. കുടിവെള്ളപദ്ധതിയുടെ അവശ്യഘടകമായ പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

അപാകത സംബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണക്കുറിപ്പിൽ പ്രസ്തുത ഇനങ്ങൾ ഇലക്ട്രിക് കമ്മിറ്റി മുഖേന സാങ്കേതികാനുമതി ലഭ്യമാക്കി തുടർപ്രവർത്തനങ്ങൾ നടത്തി പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളുടെയും കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണവിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) ഇലക്ട്രിക് കണക്ഷനുള്ള തുക കെ.എസ്.ഇ.ബി.യിൽ അടവാക്കിയില്ല.

ഒറിജിനൽ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് സി പ്രകാരമുള്ള ഇനം ഒഴിവാക്കി പകരം 74,244/-രൂപ വകയിരുത്തി ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്ന ഇനം റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയായിരുന്നു. കെ.എസ്.ഇ.ബി. യുടെ എസ്റ്റിമേറ്റനുസരിച്ചുള്ള 38,038/- രൂപ അടവാക്കണമെന്ന് അസിസ്റ്റന്റ് എക്സി.എൻജിനീയർ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ രാമപുരം രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും (23-3-18-ലെ AS/5249/17-18/211നമ്പർ കത്ത്) തുക അടവാക്കിയില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ പ്രസ്തുത അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് പഞ്ചായത്ത്കമ്മിറ്റിയിൽനിന്ന് അനുമതി വാങ്ങി ഇലക്ട്രിക് കണക്ഷനാവശ്യമായ തുക കെ.എസ്.ഇ.ബി.യിൽ അടവാക്കുന്നതാണെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)പദ്ധതിസ്ഥലം റവന്യൂനിയമപ്രകാരം പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല .

കുടിവെള്ളപദ്ധതിയ്ക്ക് കുളം നിർമ്മിക്കുന്നതിന് ശ്രീമതി ഫിലോമിന, പെരുമ്പള്ളിത്താനത്ത്, പിഴക് എന്നയാളിന്റെ ഉടമസ്ഥതയിൽ സർവ്വേനമ്പർ 33/3-ൽപ്പെട്ട 2.6സെന്റ് സ്ഥലം വിട്ടുതന്നുകൊണ്ട് ടിയാൾ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കുടിവെള്ളപദ്ധതിക്കുള്ള കുളം പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളത്. വിട്ടുതന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (2-2-16-ലെ I(1) ) തുടർനടപടികൾ സ്വീകരിച്ച് സ്ഥലം റവന്യൂനിയമപ്രകാരം ആസ്തിയിലാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അനേഷണക്കുറിപ്പിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിസ്ഥലം റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ആസ്തിയാക്കി ലഭ്യമായ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ തടർനടപടികൾ സ്വീകരിച്ച് കുടിവെള്ളപദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആസൂത്രണ, നിർവ്വഹണഘട്ടങ്ങളിൽ അപാകതകൾ - വനിതാ തൊഴിൽപരിശീലനകേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം.670/17-18 | ചെമ്പോല വനിതാ തൊഴിൽപരിശീലനകേന്ദ്രനിർമ്മാണം |
| അടങ്കൽ | 10,00,000/- (തനതുഫണ്ട്) |
| ചെലവ് | 6,94,964/- (ചെക്ക്നമ്പർ -694964/17-5-18) |
| കരാറുകാരൻ | സിബിരാജ് സി.മാത്യു |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എൻജിനീയർ |
| അളവുപുസ്തകം | 61/17-18, 319/17-18 |

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വനിതാ തൊഴിൽപരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനുവേണ്ടി 2013-14 വർഷം വികസനഫണ്ട് 10,00,000/- വകയിരുത്തി ആവിഷ്കരിച്ചതായിരുന്ന മേൽപ്രോജക്ട്. ഗുണഭോക്തൃസമിതിമുഖേന തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വനിതാ തൊഴിൽപരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനുവേണ്ടി 2013-14 വർഷം വികസനഫണ്ട് 10,00,000/- വകയിരുത്തി ആവിഷ്കരിച്ചതായിരുന്ന മേൽപ്രോജക്ട്. ഗുണഭോക്തൃസമിതിമുഖേന നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രസ്തുത പ്രോജക്ടിനുവേണ്ടി 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും എഗ്രിമെന്റ് വച്ചില്ല എന്ന കാരണം രേഖപ്പെടുത്തി പിന്നീട് നിർവ്വഹണരീതി മാറ്റുകയും കരാർ മുഖേന നടപ്പാക്കുന്നതിന് പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തു. തുടർന്ന് 2014-15ലെ ഡി.എസ്.ആർ.നിരക്കിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുകയും ടെൻഡർ നടപടികളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി 6-3-17-ൽ കരാർവയ്ക്കുകയും 23-3-18-ൽ പണി പൂർത്തീകരിച്ചിട്ടുള്ളതായും ഫയലിൽനിന്നും വ്യക്തമാകുന്നു. നടപടിക്രമങ്ങളിലെ കാലതാമസംമൂലമാണ് ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതും ചെലവ് അധികരിച്ചതും. ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിന്റെ ആസൂത്രണം മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനഘട്ടങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

1)സ്ഥലലഭ്യത ഉറപ്പുവരുത്താതെ പ്രോജക്ട് തയ്യാറാക്കി

പ്രവൃത്തി നടപ്പാക്കേണ്ട സ്ഥലം സമയബന്ധിതമായി കരാറുകാരന് കൈമാറി നൽകേണ്ടത് സംബന്ധിച്ച് പഞ്ചായത്തുമായി ആലോചിച്ച് ധാരണയിലെത്താതിരുന്നതിനാൽ 2013-14-ൽ ഏകവർഷ പ്രോജക്ടായി തയ്യാറാക്കിയ തൊഴിൽപരിശീലനകേന്ദ്രത്തിന്റെ നിർമ്മാണം 2017-18 വർഷം മാത്രമാണ് നടപ്പാക്കാനായത്. പഞ്ചായത്ത് വക പഴയകെട്ടിടം ഉണ്ടായിരുന്നത് പൊളിച്ചുനീക്കി കിട്ടാതിരുന്നതാണ് പ്രോജക്ട് നിർവ്വഹണത്തിന് ഇത്രയും കാലതാമസമുണ്ടാക്കിയതെന്ന് ഫയലിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ആവിഷ്കരിക്കുന്നതിനു മുൻപോ അതിനുശേഷമോ പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തുമായി ആശയവിനിമയം നടത്തിയിട്ടുള്ളതിന്റെ യാതൊരു തെളിവുകളും ഫയലിൽ ഇല്ല. അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് (എൻക്വയറി നം.30/17.12.18) 17.12.18ലെ എബി-4-1974/18-19 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ത്രിതലപഞ്ചായത്തുകളുടെ പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ ഉദ്യോഗസ്ഥർക്ക് ഇടപെടൽ നടത്തുന്നതിന് പരിമിതിയുണ്ടെന്നും ജനപ്രതിനിധികൾ തയ്യാറാക്കുന്ന പദ്ധതികൾ പരമാവധി നടപ്പാക്കുന്നതിനാണ് മുന്തിയ പരിഗണന നൽകുന്നതെന്നും വിശദീകരിച്ചിരിക്കുന്നു. കൂടാതെ ചില ഘട്ടങ്ങളിൽ സ്ഥലം ലഭിക്കുമെന്ന ഉറപ്പിൽ നിർമ്മാണം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടിവരാറുണ്ടെന്നും ജനാധിപത്യസംവിധാനങ്ങളിൽ ഇത്തരം വിട്ടുവീഴ്ചകൾ അനിവാര്യമാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വിശദീകരണങ്ങൾ അംഗീകരിക്കാവുന്നതല്ല.

സംയുക്ത ചർച്ചയിലൂടെ പ്രോജക്ടിന്റെ അനിവാര്യത സംബന്ധിച്ച് ബോധ്യം വരാതെയും പ്രവൃത്തിസ്ഥലത്തിന്റെ ലഭ്യത രേഖാമൂലം ഉറപ്പുവരുത്താതെയും പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതിനാലാണ് പ്രോജക്ട് നിർവ്വഹണത്തിന് 4 വർഷത്തോളം കാലതാമസമുണ്ടായത് ആസൂത്രണ നടപടിക്രമങ്ങളിലുണ്ടായ അപാകതയായി വിലയിരുത്തുന്നു.

2) കെട്ടിടം പൊളിച്ചുമാറ്റിയിട്ടും യഥാസമയം സ്ഥലം കൈമാറിയില്ല

6-3-17- ലെ കരാറനുസരിച്ച് (4മാസം) 6-7-17-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ കരാർ തീയതി അവസാനിക്കുന്ന സമയത്തും പ്രവൃത്തിനിർവ്വഹണത്തിനായി കരാറുകാരന് സ്ഥലം കൈമാറി നൽകിയിരുന്നില്ല. പ്രവൃത്തിസ്ഥലത്തെ പഴയകെട്ടിടം പൊളിച്ചുമാറ്റിയിട്ടുള്ളതായി 3-8-17-ൽ അസിസ്റ്റന്റ് എൻജിനീയർ (തലയോലപ്പറമ്പ്) ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം റിപ്പോർട്ട് നൽകിയിരുന്നതാണ്. എന്നാൽ 31-8-17-ൽ മാത്രമാണ് കരാറുകാരന് സ്ഥലം കൈമാറി നൽകിയിട്ടുള്ളത്. സ്ഥലം കൈമാറാൻ വൈകിയതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യഥാസമയം പ്രവൃത്തിസ്ഥലം കൈമാറാതിരുന്നത് അസിസ്റ്റന്റ് എൻജിനീയറുടെ വീഴ്ചയാണെന്നും വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. മരാമത്തുവേലകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ

നിയമാനുസരണമുള്ള സമയക്ലിപ്തത പാലിക്കേണ്ടതാണ്.

3)കരാറുകാരൻ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ സമയദൈർഘ്യം അനുവദിച്ചു.

സ്ഥലം ഏറ്റെടുക്കുന്നതിനുമുൻപുതന്നെ (4-8-17-ൽ) പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചുനൽകണമെന്ന് കാണിച്ച് കരാറുകാരൻ നൽകിയിരുന്ന അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപേക്ഷയിൽ ഏത് തീയതിവരെ എന്ന് രേഖപ്പെടുത്തിയിട്ടില്ല. 10/17-ൽ രണ്ടാമതായി നൽകിയ അപേക്ഷയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31-12-17 വരെ സമയം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4-1-18- ലെ 4(3)-ാം നമ്പർ തീരുമാനപ്രകാരം 31-12-17വരെ സമയം അനുവദിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം 18-1-18-ലെ ജനറൽകമ്മിറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു ( തീരുമാനം നം.10(1)). എന്നാൽ മേൽ തീരുമാനങ്ങൾ കണക്കിലെടുക്കാതെ 31-3-18 വരെ പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകുകയും കാലതാമസത്തിന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ച ദീർഘീകരണകാലയളവിനുള്ളിലും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാഞ്ഞതിനാൽ പിഴ ഈടാക്കിക്കൊണ്ട് കാലയളവ് ദീർഘിപ്പിച്ചുനൽകുകയായിരുന്നുവെന്ന് വിശദീകരണം നൽകുകയുണ്ടായി.

കാലാതാമസത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും കരാറുകാരൻ രേഖാമൂലം ആവശ്യപ്പെടാതെയും പഞ്ചായത്തുകമ്മിറ്റിയുടെ അനുമതിയില്ലാതെയും പൂർത്തീകരണകാലയളവ് ദീർഘിപ്പിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല.

4)പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

ഉത്പ്പാദനം എന്ന മുഖ്യമേഖലയിലും ചെറുകിട വ്യവസായം എന്ന സൂക്ഷ്മമേഖലയിലും വ്യവസായം, തൊഴിൽസംരംഭങ്ങൾ, വിപണനപ്രോത്സാഹനം എന്നീ ഉപമേഖലകളിലും ഉൾപ്പെടുത്തി ആവിഷ്കരിച്ചതായിരുന്ന പ്രസ്തുത പ്രോജക്ട്. എന്നാൽ 17-12-18 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശികപരിശോധനയിൽ മേൽലക്ഷ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ട കെട്ടിടം നിലവിൽ ഒന്നിനും ഉപയോഗിക്കപ്പെടാതെ അടച്ചിട്ടിരിക്കുന്ന അവസ്ഥയിലാണെന്ന് കണ്ടു.

5) വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതല നിറവേറ്റിയില്ല

പദ്ധതിരൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനഘട്ടങ്ങളിലും തുടർപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലും പ്രോജക്ടുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാതിരുന്നതും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ഇടപെടൽ നടത്താതിരുന്നതുമാണ് പ്രോജക്ടിന്റെ ഫലപ്രദവും വിജയകരവുമായ പൂർത്തീകരണത്തിന് തടസ്സമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാർഷികപദ്ധതിയുടെ ഭാഗമായി പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അനിവാര്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ നിശ്ചിത ലക്ഷ്യം മുൻനിർത്തി തയ്യാറാക്കപ്പെടുന്ന പ്രോജക്ടുകൾ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും തുല്യ ഉത്തരവാദിത്വമാണുള്ളത്. ആയതിനാൽ വനിതകൾക്ക് തൊഴിൽപരിശീലനത്തിനായി നിർമ്മിക്കപ്പെട്ട പ്രസ്തുത കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കി തൊഴിൽപരിശീലനം ആരംഭിക്കേണ്ടതും ചെലവഴിച്ച തുക പാഴാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-8 വാഴൂർ ഗവ.ഹൈസ്സ്കൂൾ മെയിന്റനൻസ്- പെയിന്റിങ്ങ് ജോലികൾ ചെയ്യാതെ തന്നെ കരാറുകാരന് തുക നൽകി-സേവന നികുതി അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 580/18 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 395554/- |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ |
| എം ബുക്ക് നം. | 166, 167/17-18 |

| | |
|---|---|
| കരാറുകാരൻ | ജോസഫ് വർഗീസ് |
| ബിൽ നം. | 59/22-8-17 |

പ്രസ്തുത പ്രോജക്ട് പ്രകാരം സ്കൂൾ മെയിന്റനൻസ് നടത്തി കരാറുകാരന് തുക കൈമാറി നൽകിയിരുന്നു. എന്നാൽ 18-12-18 ന് സ്കൂളിൽ വാഴൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന ഇനം പ്രവൃത്തികൾ സ്കൂളിൽ ചെയ്തിട്ടുള്ളതായി കാണുന്നില്ല. വ്യക്തമായ സൈറ്റ് പ്ലാനിന്റെ അഭാവത്തിൽ ഏത് ക്ലാസ് മുറികളിലാണ് ടി വർക്കുകൾ നടത്തിയിരിക്കുന്നത് എന്നത് വിശദീകരിക്കുവാൻ ഹെഡ്മിസ്ട്രസിനോ അസിസ്റ്റന്റ് എഞ്ചിനീയർക്കോ സാധിച്ചില്ല.

ഇനം നം 5- Providing and laying Ceramic glazed floor tiles- ഏതൊക്കെ മുറികളിൽ ചെയ്തുവെന്ന് വ്യക്തമല്ല.

ഇനം നം 14- Painting with synthentic enamel paint- 19.495m2-കമ്പ്യൂട്ടർ റൂമിന്റെ ജനലുകൾ വാതിലുകൾ എന്നിവയിൽപെയിന്റിങ്ങ് നടത്തിയിട്ടില്ല. പ്രൈമർ മാത്രം അടിച്ചിട്ടുണ്ട്.

ഇനം നം 15- Finishing with water proofing cement paint—321.557m2-കമ്പ്യൂട്ടർ റൂമിൽ വാട്ടർ പ്രൂഫ് പെയിന്റ് അടിച്ചിട്ടില്ല. ചെയ്തസ്ഥലം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

ഇനം നം 16--- Finishing with water proofing cement paint—75.99m2 ലേഡീസ് സ്റ്റാഫ് റൂമിൽ വാട്ടർ പ്രൂഫ് പെയിന്റ് അടിച്ചിട്ടില്ല. ചെയ്ത സ്ഥലം പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി വർക്കുകൾ സ്കൂളുകളിലെ വിവിധ മുറികളിൽ പൂർത്തീകരിച്ചിരുന്നുവെന്ന് മറുപടി നൽകിയിരുന്നു. വ്യക്തമായ സൈറ്റ് പ്ലാനിന്റെ അഭാവത്തിൽ പ്രവൃത്തി നടന്ന സ്ഥലം കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാതിരുന്നതിനാലാണ് പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്നത്. പരിശോധനാ സമയത്ത് പ്ലോട്ട് കൃത്യമായി ലൊക്കേറ്റ് ചെയ്യുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിരുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സേവനനികുതി കരാറുകാരന് നൽകി-കരാറുകാരൻ സേവനനികുതി ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല</u>

ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ 25.11.2016 ലെ ഇൻഡ്&പി.ഡബ്ലിയു.ബി2/187/16 കത്ത് ആധാരമാക്കി 2016-17 ൽ ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് സേവന നികുതി ഉൾപ്പെടെയുള്ള തുക കരാറുകാർക്ക് നല്കിയിട്ടുണ്ട്. കോട്ടയം ബിൽഡിംഗ്സ് ഡിവിഷനിൽ നിന്നും നല്കിയ മേൽ കത്തിലെ നിർദ്ദേശാനുസരണം എല്ലാ കരാറുകാർക്കും സേവനനികുതി രജിസ്ട്രേഷൻ നിർബന്ധമാണെന്നും, സേവന നികുതി അടച്ച രസീത് കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി നിക്ഷേപം മടക്കി നല്കുന്നതിന് മുൻപ് സേവന നികുതി അടച്ച രസീത് കണ്ട് ബോധ്യപ്പെടേണ്ടതാണെന്നും ഓരോ മാസവും കരാറുകാർക്ക് നല്കിയ ബില്ലുകളുടെ വിവരങ്ങൾ സേവനനികുതി അക്കൗണ്ട് നമ്പർ ഉൾപ്പെടെ സേവന നികുതി വിഭാഗത്തിന് അയച്ചു കൊടുക്കേണ്ടതുമാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ വാഴൂർ ഗവ.ഹൈസ്കൂൾ മെയിന്റനൻസ് എന്ന പ്രവൃത്തിക്ക് ആകെ വേലമൂല്യം 357967/- രൂപ കണക്കാക്കുകയും സേവന നികുതി 10.5% തുകയായി 37587/- രൂപ കൂടി കണക്കാക്കി ആകെ 3,95,554/-രൂപ കരാറുകാരന് നല്കിയെങ്കിലും സേവനനികുതി കേന്ദ്രസർക്കാരിൽ അടവാക്കി രസീത് ഹാജരാക്കിയിട്ടില്ല. ഇപ്രകാരം നല്കിയ തുക അടവാക്കാതെ കരാറുകാരൻ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 28) മറുപടിയായി കരാറുകാരൻ സേവനനികുതി അടവാക്കി രസീത് നൽകാത്ത പക്ഷം ടിയാന്റെ സെക്യൂരിറ്റി തുകയിൽ നിന്നോ മറ്റേതെങ്കിലും പ്രവൃത്തിയുടെ ബില്ലിൽ നിന്നോ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സേവന നികുതിയിനത്തിൽ കരാറുകാരന് നൽകിയ 37,587/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>പിഡബ്ല്യുഡി ഇലക്ട്രിക്കൽ വിങ്ങ്-ഡെപ്പോസിറ്റ് -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u> -

സ്കൂളിൽ ഇലക്ട്രിഫിക്കേഷൻ & സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനായി പിഡബ്ല്യുഡി ഇലക്ട്രിക്കൽ വിങ്ങ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരം പേരിൽ 8443-00-108-PW Deposit എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു (സാങ്ങ്ഷൻ ഓർഡർ നം. 596, 27-3-18, ചെലാൻ നം2369/23-6-18). ടി പ്രവൃത്തിക്ക് പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിരുന്നില്ല. ടി പ്രവൃത്തി പൂർത്തീകരിച്ചിരുന്നോ എന്നത് സംബന്ധിച്ചും കരാർ

വയ്ക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പൊതുമരാമത്ത് വകുപ്പിന് തുക കൈമാറിയതു കൊണ്ടാണ് കരാർ വയ്ക്കാതിരുന്നത് എന്നും പൂർത്തീകരണപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പൂർത്തീകരണപത്രം ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 3-9 വൈക്കം ഡിവിഷനിൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് കുലശേഖരമംഗലം ഗവ.ഹയർ സെക്കന്ററി സ്കൂൾ അടിസ്ഥാന സൗകര്യവികസനം -തെറ്റായി അളവുരേഖപ്പെടുത്തി തുക നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | 459/18 |
| അടങ്കൽ | 15,00,000/- വികസനഫണ്ട് (ജനറൽ) |
| കരാർ നമ്പർ-തീയതി | 217/EE/LSGD/16-17Dt.10-02-2017 |
| കരാറുകാരൻ | ശ്രീ.ജിജോ വർഗ്ഗീസ് |
| അളവു പുസ്തകം | 64/16-17 |
| ചെലവ് വിവരം | ആകെ ചെലവ് 1037065/-<br>കരാറുകാരന് 964031/- എസ്.ബി.ഐ 67322117756 അക്കൗണ്ടിൽ നല്കി<br>ഐ.റ്റി 10371/-, വാറ്റ് 41483/-വെൽഫയർ ഫണ്ട്10371/-<br>(പിഴ ഇനത്തിൽ 10809 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ട്) |

'കുലശേഖരമംഗലം സ്കൂൾ മെയിന്റനൻസ് ' എന്ന പ്രവൃത്തിയുടെ ഇനം 1,2,3 എന്നിവ യഥാക്രമം ഇ-ബോർഡ് സീലിംഗ്, സീലിംഗിനാവശ്യമായ അലുമിനിയം ഫ്രയിംവർക്ക്, ഫ്രയിം റൂഫ് സ്ളാബിൽ ഉറപ്പിക്കുന്നതിനുള്ള പ്രവൃത്തി എന്നിവയാണ് . ഇതിൽ മൂന്നാമത്തെ ഇനമായ പ്രവൃത്തി കോൺക്രീറ്റ് റൂഫ് സ്ളാബിൽ *stainless steel expandable dash fastener of 12.5 mm* ഉപയോഗിച്ച് ഫ്രയിം, റൂഫ് സ്ളാബിൽ ഉറപ്പിക്കുന്നതിനുള്ളതാണ് . *(Providing and fixing 6 mm dia. G.I. level adjusting hangers (upto 1200 mm length), fixed to roof slabs by means of ceiling cleats made out of G.I. flat 40x3 mm size 60 mm long and stainless steel expandable dash fastener of 12.5 mm dia and 50 mm long, complete as per direction of Engineer -in-charge).*

കോൺക്രീറ്റ് റൂഫ് സ്ളാബിൽ ചെയ്യുന്നതിന് തയ്യാറാക്കിയ ഡാറ്റാ പ്രകാരമുള്ള പ്രവൃത്തി ഷീറ്റ് റൂഫ് ഉള്ളിടത്ത് അപ്രായോഗികമായതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 77871/- രൂപ ചെയ്യാത്ത പ്രവൃത്തിക്ക് നല്കിയിട്ടുള്ളതായി കണക്കാക്കേണ്ടിയിരിക്കുന്നു. അപാകതയിന്മേലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പരിശോധിച്ച് തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. പരിശോധിച്ച് തുക ഈടാക്കുന്നതോടൊപ്പം തെറ്റായി അളവുരേഖപ്പെടുത്തുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-10 തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 16-അംബേദ്കർ കോളനി സമഗ്ര വികസനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 481/17 , 412/2018 |
| അടങ്കൽ | 20,00,000/- എസ്.സി.പി |
| കരാർ നമ്പർ തീയതി | 355/EE/LSGD/16-17Dt.21-03-2017 |
| കരാറുകാരൻ | ശ്രീ.സോനിഷ്.പി.വി |
| അളവു പുസ്തകം | 356/15-16 |
| ചെലവ് വിവരം | ആകെ ചെലവ് 1204861/-<br>കരാറുകാരന് 1150529/- ഫെഡറൽ ബാങ്ക് 10965500004280 |

| | |
|---|---|
| | അക്കൗണ്ടിൽ നല്കി<br>ഐ.റ്റി 12049/-, വാറ്റ് 30234/- വെൽഫയർ ഫണ്ട് 12049/- |

ഈ പ്രോജക്ടിൽ ഇനം 1 ആയി ചെയ്തിട്ടുള്ളത് 107.15 ക്യൂബിക് മീറ്റർ മണ്ണ് അസ്ഥിവാരമെടുക്കുന്നതിന്റെ ഭാഗമായി പുറത്തെടുക്കുകയാണ്. അളവു പുസ്തകം പേജ് 31 ൽ ഇത്തരത്തിൽ പുറത്തെടുത്ത മണ്ണ് പ്ലോട്ടിന്റെ ഉൾവശം, റോഡ് എന്നിവ നിറക്കുന്നതിന് ഉപയോഗിച്ചതായി അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അളവുപുസ്തകം പേജ് നം. 72 മുതൽ 80 വരെ ഉള്ള രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ കോളനിയിലെ വിവിധ ഗുണഭോക്താക്കളുടെ പ്ലോട്ട് മണ്ണ് ഇട്ടു നികത്തുന്നതിന് 678.54 ക്യൂബിക് മീറ്റർ മണ്ണ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 107.15 ക്യൂ.മീ മണ്ണ് സ്ഥലത്തുതന്നെ ലഭ്യമായിരുന്നു. സൈറ്റിൽ ലഭ്യമായിരുന്ന മണ്ണ് നിരത്തിയതിന് ശേഷമാണ് മണ്ണ് ഫില്ലിംഗിന്റെ അളവു രേഖപ്പെടുത്തിയത് (പ്രീമെഷർമെന്റ്) എന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ മണ്ണ് നിറച്ചത് റോഡിലാണെന്ന മറുപടി അളവു പുസ്തകത്തിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നില്ല.

വ്യക്തികളുടെ സ്ഥലത്ത് മണ്ണ് നിറക്കുന്നതിന് റോഡ് പ്രവൃത്തിക്കാവശ്യമായ ഹെവി മെഷീനറി ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ആവശ്യമില്ല, കൂടാതെ പ്രാവർത്തികവുമല്ല. ഈ സാഹചര്യത്തിൽ പുറത്തു നിന്ന് മണ്ണ് എത്തിച്ച് ഫില്ലിംഗ് നടത്തുമ്പോൾ നല്കാവുന്നത് പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായതും അംഗീകരിച്ചതുമായ ഒബ്സേർവ്ഡ് ഡാറ്റാ 60-2-1അല്ലെങ്കിൽ 50.2.25.1 പ്രകാരമുള്ള നിരക്കാണ്. *(EARTH WORK FILLING- Supplying contractors own earth including cost of conveyance and royalty and filling (excluding rock) in trenches, plinth, sides of foundations etc. in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering, lead up to 50 m and lift up to 1.5 m.).*

| | |
|---|---|
| പ്രൈസ് സോഫ്റ്റ്വെയറിൽ ലഭ്യമായതും അംഗീകരിച്ചതുമായ ഒബ്സേർവ്ഡ് ഡാറ്റാ 60-2-1 പ്രകാരം678.54ക്യൂ.മീ മണ്ണിന് നല്കാവുന്ന തുക301.85x1.4667=442.72)@442.72 | 300403.22 |
| പുറമേ നിന്ന് കൊണ്ടുവരുന്ന മണ്ണിന് നല്കിയ തുക 678.54 @543.81 | 368996.83 |
| അധികം നല്കിയത് | 68593.61 |

തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം 68,593.61 രൂപ ഉത്തരവാദിയായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അംഗീകരിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-11 അയ്യനം പഞ്ചായത്ത് - തുമ്പലശ്ശേരി എസ്.റ്റി.കോളനി അടിസ്ഥാന വികസനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 688/17 , 433/2018 |
| അടങ്കൽ | 10,01,000/- ടി.എസ്.പി |
| കരാർ നമ്പർ തീയതി | 284/EE/LSGD/16-17Dt.10-03-2017 |
| കരാറുകാരൻ | ശ്രീ.ജോയൻ എ.ജെ |
| അളവു പുസ്തകം | 34/15-16 |
| ചെലവ് വിവരം | ആകെ ചെലവ് 985763/-<br>കരാറുകാരന് 926616/- എസ്.ബി.ഐ |

| | |
|---|---|
| | 57065052463 അക്കൗണ്ടിൽ നല്കി<br>ഐ.റ്റി 9858/-, വാറ്റ് 39431/-വെൽഫയർ ഫണ്ട് 9858/- |

ഉമ്പലശ്ശേരി എസ്.റ്റി.കോളനി അടിസ്ഥാന വികസനം എന്ന പ്രോജക്ടിൽ ഇനം 1 ആയി ചെയ്തിട്ടുള്ളത് 102.558 ക്യൂബിക് മീറ്റർ മണ്ണ് വാനം മാന്തുന്നതിന്റെ ഭാഗമായി പുറത്തെടുക്കുകയാണ്. അളവു പുസ്തകം പേജ് 31 ൽ ഇത്തരത്തിൽ പുറത്തെടുത്ത മണ്ണ് പ്ലോട്ടിന്റെ ഉൾവശം നിറക്കുന്നതിന് ഉപയോഗിച്ചതായി അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും വാനം മാന്തുന്നതിന്റെ ഭാഗമായി ലഭിക്കുന്ന 112.61ക്യൂബിക് മീറ്റർ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ അളവുപുസ്തക പ്രകാരം 30.54 ക്യൂബിക് മീറ്റർ മണ്ണ് മാത്രമാണ് കുറവു വരുത്തിയിട്ടുള്ളത് . ആകെ ഫില്ലിംഗിന് ആവശ്യമായിരുന്നത് 246.48 ക്യൂബിക് മീറ്റർ മണ്ണ് ആയിരുന്നു. ഇതിൽ 102.558 ക്യൂ.മീ മണ്ണ് സൈറ്റിൽ ലഭ്യമായിരുന്നു. (പ്രീ മെഷർമെന്റ് ആയതിനാൽ കൺസോളിഡേഷൻ കുറക്കേണ്ടതില്ല) . ആകെ നല്കിയതും നല്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പുറമേ നിന്ന് കൊണ്ടുവരുന്ന മണ്ണിന്, സൈറ്റിൽ ലഭ്യമായിരുന്ന 102.558 ക്യൂ.മീ മണ്ണ് കുറച്ച് നല്കാവുന്ന തുക (246.48-102.558=143.922)@788.64 | 113502.64 |
| പുറമേ നിന്ന് കൊണ്ടുവരുന്ന മണ്ണിന് നല്കിയ തുക (207.90ക്യൂ.മീ @788.64 (സൈറ്റിൽ ലഭ്യമായ മണ്ണിൽ 30.54 കുറച്ചുള്ളത്) | 163958.25 |
| അധികം നല്കിയത് | 50455.61 |

അളവു രേഖപ്പെടുത്തിയതിലെ അപാകതമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 50455.61 രൂപ ഉത്തരവാദിയായ അളവുരേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 പുതുപ്പള്ളി ഡിവിഷനിൽ മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ലെയർ ബ്രീഡർ ഹൗസ് നിർമ്മാണം.പദ്ധതി രൂപീകരണത്തിലും,നിർവ്വഹണത്തിലും അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 736/17,പുതുപ്പള്ളി ഡിവിഷനിൽ മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ലെയർ ബ്രീഡർ ഹൗസ് നിർമ്മാണം. |
| അടങ്കൽ | 1,70,00,000/- കേന്ദ്ര വിഹിതം |
| കരാർ നമ്പർ തീയതി | 356/EE/LSGD/16-17Dt.31-03-2017 |
| കരാറുകാരൻ | ശ്രീ.ഷാജൻ ജേക്കബ് |
| അളവു പുസ്തകം | 191,192,193,194 |
| ചെലവ് വിവരം | ആകെ ചെലവ് 3303975/-(I&Part bill),കരാറുകാരന് 3154897/-<br>ഐ.റ്റി 33039/-, റീടെൻഷൻ 83000/-വെൽഫയർ ഫണ്ട്33039/- |

രാഷ്ട്രീയ കൃഷി വികാസ് യോജന ഫണ്ട് ഉപയോഗിച്ച് മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ലെയർ ബ്രീഡർ ഹൗസ് നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കുകയും1.23 കോടി രൂപക്ക് ശ്രീ.ഷാജൻ ജേക്കബ് സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.പാർട്ട് ബിൽ പ്രകാരം കരാറുകാരന് 3154897/- രൂപ നല്കിയിട്ടുണ്ട് . 17-12-2018 ഓഡിറ്റ് ടീം സൈറ്റ് നേരിൽ പരിശോധിച്ചു. ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി രൂപീകരണം സംബന്ധിച്ച അപാകതകൾ

- 1കോടി 70 ലക്ഷം അടങ്കലുള്ള പ്രോജക്ട് രൂപീകരിച്ച് 1.23 കോടിക്ക് ടെണ്ടർ ചെയ്തെങ്കിലും 1കോടി രൂപ മാത്രമാണ് ജില്ലാപഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്.
- ലെയർ ബ്രീഡർ ഹൗസ് നിർമ്മാണത്തിൽ ട്രസ് റൂഫും,സീലിംഗും ആണ് അഭികാമ്യമെന്ന് അസിസ്റ്റന്റ് ഡയറക്ടർ രേഖാമൂലം അറിയിച്ചെങ്കിലും കോൺക്രീറ്റ് റൂഫാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ഫാമിന്റെ ചുമതലയുള്ളവരോടുപോലും ആലോചിക്കാതെയാണ് പ്രോജക്ട് തയ്യാറാക്കിയതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.
- നിലവിൽ 5000 വലിയ കോഴികളെയും 1500 കുഞ്ഞുങ്ങളെയും പരിപാലിക്കുന്നതിനുള്ള സ്റ്റാഫ്

പാറ്റേണാണ് ഫാമിനുള്ളത്. കൂടാതെ ഇതിനാവശ്യമായ ലെയർ ബ്രീഡർ ഹൗസും നിലവിലുണ്ട് (ഏകദേശം 17000ച.അടി). കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർ അനുമതിയും, കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതിയും ലഭ്യമാകാത്ത സാഹചര്യത്തിൽ പുതിയ കെട്ടിടത്തിന്റെ ഫലപ്രദമായ ഉപയോഗം സംശയകരമാണ്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകതകൾ

- ഇനം 11 ആയി 40x20x20 സോളിഡ്ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണമാണ് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള തെങ്കിലും 30x15x15 സോളിഡ് ബ്ലോക്കാണ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നത്.
- റൂഫ് കോൺക്രീറ്റിന് 120മി.മീ കനമാണ് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളതെങ്കിലും 110മി.മീ കനമാണ് നല്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കാണുന്നു.
- ലെയർ ബ്രീഡർ ഹൗസിനുള്ള ഗ്രിൽ വർക്കിന് ഡി.എസ്.ആർ 9-48-1 പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളത്. ഇതു പ്രകാരം 12 മി.മീ മുകളിലുള്ള സ്റ്റീൽ റൗണ്ട് ബാറും,മൈൽഡ് സ്റ്റീൽ ആംഗിളും ഉപയോഗിച്ചുള്ള ഗ്രിൽ ആണ് നിർമ്മിക്കേണ്ടത് . എന്നാൽ ഭൗതിക പരിശോധനയിൽ മൈൽഡ് സ്റ്റീൽ ആംഗിളും ചിക്കൻ മെഷും ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടത്തിയിട്ടുള്ളത് എന്ന് കാണുന്നു.

പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകതകളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫൈനൽബിൽ തയ്യാറാക്കുമ്പോൾ നിർവ്വഹണം നടത്തിയ പ്രവൃത്തികൾക്ക് മാത്രമാണ് തുക നല്കിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-13 വാഴപ്പള്ളി പഞ്ചായത്തിൽ കടമ്പനാടം-പേരിക്കകം ഒഡേറ്റിവടക്ക് പാടശേഖരം ട്രാക്ടർടില്ലർ ബ്രിഡ്ജ് നിർമ്മാണം-നിർമ്മാണഭൂമിയുടെഉടമസ്ഥാവകാശം സംബന്ധിച്ചകേസ് നിലനിൽക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

പ്രേജക്റ്റ് നം. - 683/17-18
അടങ്കൽ - 1500000
ചെലവ് - 1256946(തനതുഫണ്ട്)
ചെക്ക് നം. - 0727644 തീയതി 12-2-18
നിർവ്വഹണോദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.

മേൽപ്രവൃത്തി 23/6/17ൽ പൂർത്തീകരിച്ച് ശ്രീ.എൻ.സി.ഉതുപ്പാൻ, നെയ്ശ്ശേരിൽ(H), നീലംപേരൂർ പി.ഒ., കോട്ടയം എന്ന കരാറുകാരന് തുക നല്കിയിട്ടുണ്ട്. മേൽപറഞ്ഞ നിർമ്മാണം നടക്കുമ്പോൾ ശ്രീ.ജോർജ് ആന്റണി, കൊല്ലത്തറ, കുമരംകരി പി.ഒ., ആലപ്പുഴ എന്ന വ്യക്തി തന്റെ ഉടമസ്ഥതയിൽ ഉള്ള ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളി വില്ലേജ് 20-ാം വാർഡിൽ സർവ്വെ നം.76/1, 76/4ൽപെട്ട വസ്തുവിന്റെ ബണ്ട് പൊളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന് ആരോപിച്ച് ജില്ലാ കളക്ടർക്ക് പരാതി നല്കുകയും തുടർന്ന് ജില്ലാകോടതി കോട്ടയത്ത്(വെക്കേഷൻ) 9/5/17ലെ IA915/17 ആയി ഹർജി നല്കുകയും ചെയ്തിട്ടുണ്ട്. ടി ഹർജി കോടതിയിൽ ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥിരീകരിക്കുന്നതിനായി പൊസഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് 11/7/18ൽ GN/AE/LSGD /VPLY2018-19നം കത്തായി അസ്സി.എൻജിനിയർ, എൽ.എസ്.ജി.ഡി.സെക്ഷൻ, വാഴപ്പള്ളി, വാഴപ്പള്ളി വില്ലേജ് ഓഫീസർക്കു നല്കിയിട്ടുണ്ട്. കൈവശാവകാശം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് ഉടമസ്ഥതസംബന്ധിച്ച് വ്യക്തത നേടാതിരുന്നത് ക്രമവിരുദ്ധമാണ്. ആയതിന്റെ വിവരങ്ങളും കേസിന്റെ നിലവിലുള്ള അവസ്ഥയും സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം-46/18 തീയതി 19/12/18 നല്കി. ലഭിച്ച മറുപടിയിൽ പൊതുസ്ഥലത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്നും നിലവിലുള്ള കേസിന്റെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറിയിൽ നിന്ന് ലഭ്യമാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് ഉടമസ്ഥത സംബന്ധിച്ച് വ്യക്തത നേടാതിരുന്നത് ഗുരുതരവീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ടി നിർമ്മാണത്തിനായി ചെലവഴിച്ച 12,56,946/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഉഴവൂർ ഡിവിഷനിൽ രാമപുരം പഞ്ചായത്തിൽ നടുവിലാമാവ് ചിറകണ്ടം കുടിവെള്ളപദ്ധതി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 476/18 |
| അടങ്കൽ | 10,00,000/- |
| ചെലവ് | 8,02,005/- |
| ബിൽ നം. | 92/28-9-17 |
| കരാറുകാരൻ | ജോർജ്ജ് ജോസഫ് |
| കരാർ നം. | 203/EE/LSGD/16-17 തീയതി 8-2-17 |

ഉഴവൂർ ഡിവിഷനിൽ രാമപുരം ഗ്രാമപഞ്ചായത്തിൽ നടുവിലാമാവ് ചിറകണ്ടം കുടിവെള്ളപദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കിണർ, പമ്പ് ഹൗസ്, ടാങ്ക് ബേസ് എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കുടിവെള്ളപദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ മോട്ടോർ പമ്പ്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, പമ്പിങ്ങ് മെയിൻ, വാട്ടർടാങ്ക്, വിതരണലൈനുകൾ എന്നിവയ്ക്ക് തുക വകയിരുത്തിയിരുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി പൂർത്തീകരിക്കാതെ കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടും പ്രസ്തുത സ്ഥലം ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിരുന്നോ എന്നതും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29) മറുപടിയായി ഫണ്ടിന്റെ കുറവ് മൂലം പല പദ്ധതികളും പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ജില്ലാ പഞ്ചായത്ത് വകയിരുത്തുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി പ്രസ്തുത കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാപഞ്ചായത്ത് കമ്മറ്റിയോട് ആവശ്യപ്പെട്ടുമെന്നും അറിയിച്ചിട്ടുണ്ട്. 2018-19 വർഷം പ്രസ്തുത കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിന് തുക വകയിരുത്തിയിരുന്നില്ല. അടിയന്തിരമായി പൂർത്തീകരണത്തിനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാത്ത പക്ഷം ആദ്യഘട്ടത്തിൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറുന്നതാണ്. കൂടാതെ പ്രസ്തുത കുടിവെള്ള പദ്ധതി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയിലുള്ളതാണോ എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. കുടിവെള്ള പദ്ധതി ആസ്തിയിലുൾപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 8,02,005/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വാകത്താനം ഗ്രാമപഞ്ചായത്ത്- വാകത്താനം ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷൻ-നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റാതെ നിർമ്മാണം ആരംഭിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 923/18 |
| അടങ്കൽ | 30,00,000/- (1700000 ശുചിത്വമിഷൻ +1300000 വികസനഫണ്ട്) |
| ചെലവ് | 7,36,918/- (വികസനഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എം ബുക്ക് നം. | 14/14-15, 446/15-16, 447/15-16, 195/17-18 |
| കരാറുകാരൻ | റ്റി.കെ.സിറിയക്, (2481973/-) |
| സൈറ്റ് കൈമാറിയ തീയതി | 22/03/2017 |
| പൂർത്തീകരിക്കേണ്ട തീയതി | 22/12/2017 |
| ബിൽ നം. | 249/21-3-18 |

പ്രസ്തുത പ്രോജക്ട് പ്രകാരം വാകത്താനം ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷൻ (3 കടമുറികൾ + 5യൂറിനൽ + 6ടോയ്‌ലറ്റ് + 1ബാത്ത് റൂം + 2വാഷ് ബേസിൻ + 4 റോളിങ്ങ് ഷട്ടർ) നിർമ്മാണത്തിനായി കരാറുകാരന് സൈറ്റ് കൈമാറിയിരുന്നു. എന്നാൽ കരാറുകാരൻ 29-4-2017ലെ കത്ത് പ്രകാരം സൈറ്റിൽ താഴെപറയുന്ന തടസ്സങ്ങൾ ഉള്ളതിനാൽ പണി ആരംഭിക്കുവാൻ സാധിക്കുകയില്ലായെന്ന് അറിയിച്ചിട്ടുണ്ട്.
1) സൈറ്റിന്റെ ഭൂരിഭാഗം സ്ഥലത്തും നിലവിലുള്ള ടോയ്‌ലറ്റ് ബ്ലോക്കും ഒരു വലിയ സെപ്റ്റിക് ടാങ്കും സ്ഥിതി ചെയ്യുന്നതിനാൽ ആയത് നീക്കം ചെയ്യാതെ പണി ആരംഭിക്കാൻ നിർവ്വാഹമില്ല.
2) പണി തടസ്സപ്പെടുത്തുന്ന രീതിയിൽ ഒരു മരം സൈറ്റിലുള്ളതിനാൽ ആയതും വെട്ടി മാറ്റേണ്ടതുണ്ട്.
3) അടുത്തുതന്നെയുള്ള മറ്റൊരു പബ്ലിക് ടോയ്‌ലറ്റിന്റെ സ്വീവേജ് ലൈനുകളെ പറ്റി കൃത്യമായ അറിവില്ല.
മേൽ പറഞ്ഞ കാരണങ്ങളാൽ പണി ആരംഭിക്കാൻ തടസ്സമുണ്ട് എന്ന് കരാറുകാരൻ അറിയിച്ചിരുന്നു. എന്നാൽ മേൽപറഞ്ഞ അപാകതകൾ പരിഹരിക്കാതെ തന്നെ കരാറുകാരൻ പണി ആരംഭിക്കുകയും ആദ്യ പാർട്ട് ബിൽ മാറി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള കെട്ടിടം നീക്കം ചെയ്യൽ, സെപ്റ്റിക് ടാങ്ക് നീക്കം ചെയ്യൽ എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല. സ്ഥലത്ത് മേൽ പറഞ്ഞവ തടസ്സം സൃഷ്ടിക്കുമെന്ന് കരാറുകാരൻ ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതിൽ നിന്നും സൈറ്റ് വിശദമായ പരിശോധന നടത്താതെയാണ് പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കിയത് എന്ന് വ്യക്തമാണ്.
- കരാറുകാരന് നൽകിയ First part bill പ്രകാരം കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പൂർത്തീകരിച്ച് 736918/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവൃത്തികൾ ആദ്യം ചെയ്യാതെ എങ്ങനെ പുതിയ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചു എന്നത് വിശദീകരിക്കേണ്ടതാണ്.
- നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റൽ, സെപ്റ്റിക് ടാങ്ക് നീക്കം ചെയ്യൽ എന്നിവ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 28-9-17 ലെ ജില്ലാപഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 9(11) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റാൻഡിന്റെ പുറകിൽ സ്ഥിതി ചെയ്യുന്ന വീട്ടിലേക്ക് നിലവിലുള്ളതിനേക്കാൾ വീതിയിൽ വഴി നൽകേണ്ടി വന്നുവെന്നും ഇക്കാരണത്താൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. കരാറുകാരൻ ചൂണ്ടിക്കാട്ടിയ തടസ്സങ്ങൾ ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
- പ്രസ്തുത പ്രോജക്ടിന് ശുചിത്വമിഷൻ ഫണ്ട് 17ലക്ഷം രൂപ വകയിരുത്തിയിരുന്നു. ശുചിത്വമിഷനിൽ നിന്നും ടി തുക ജില്ലാ പഞ്ചായത്തിന് ലഭിച്ചിരുന്നോ എന്ന് വ്യക്തമല്ല. കൂടാതെ ശുചിത്വമിഷൻ ഫണ്ടുപയോഗിച്ച് കംഫർട്ട് സ്റ്റേഷനൊപ്പം ഷോപ്പിങ്ങ് കോംപ്ലക്സ് (3കടമുറികൾ) നിർമ്മാണം നടത്തുന്നതിന് അനുമതി ലഭ്യമായിരുന്നില്ല.
- എംബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.
- കരാർ പ്രകാരം വർക്കിന്റെ പൂർത്തീകരണ കാലാവധി 22-12-2017 ന് അവസാനിക്കുന്നു. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. പൂർത്തീകരണത്തിന് കാലാവധി ഏത് തീയതി വരെ ദീർഘിപ്പിച്ച് നൽകിയിരുന്നുവെന്നും കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷ നൽകിയിരുന്നോയെന്നും വ്യക്തമാക്കിയിട്ടില്ല.

  മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.51/20.12.18) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിരുന്നില്ല.

  മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാലും പണി പൂർത്തീകരിക്കാത്തതിനാലും ആദ്യപാർട്ട് ബിൽ തുകയായ 7,36,918/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-16** റോഡ്ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾ- കാലിബാരലിന്റെ വില ഈടാക്കിയില്ല

2017-18 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ കാലി ബാരലുകളുടെ വില ഈടാക്കിയില്ല.

| ക്രമ.നം | പ്രോജക്ട് വിശദാംശങ്ങൾ | ഈടാക്കേണ്ട | റിമാർക്സ് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക(ജിഎസ്ടി 18% നിരക്കിൽ) | | |
| 1 | 447/17-18- കുന്നോന്നി തകിടി റോഡ് റീടാറിംഗ്, ചെലവ്-4,93,577, ബില്ല് പ്രകാരം വാങ്ങിയ ബാരലിന്റെ എണ്ണം 25@238+നികുതി | 7021 | 6813 രൂപ(5950+14.5% നികുതി) ഈടാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എം ബുക്കിൽ ആകെ വേലമൂല്യത്തിൽ നിന്നും ഈ തുക കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ബിൽ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 5200 |
| 2 | 568/17-18- പൊൻകുന്നം ഡിവിഷനിൽ ചിറക്കടവ് പഞ്ചായത്തിൽ വാർഡ് 9 ൽ പി എൻ പി റോഡ് കത്താലങ്കൽപടി ഭാഗം പുനരുദ്ധാരണം, ചെലവ്-4,12,466, ബില്ല് പ്രകാരം വാങ്ങിയ ബാരലിന്റെ എണ്ണം 28@238+നികുതി | 7864 | 2 ബാരലിന്റെ വില 545/- രൂപ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്. ബാക്കി 26 എണ്ണത്തിന്റെ വിലയും വാറ്റും കുറവ് ചെയ്തിട്ടില്ല | 7319 |
| | ആകെ | | | 12519 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41) കരാറുകാരനിൽ നിന്നും തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 12,519/- രൂപ തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-17 മരാമത്തുവേലകൾ- ബാരൽവില നിശ്ചിത ശീർഷകത്തിൽ സർക്കാരിലടവാക്കിയില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വില 14.5% വാറ്റുൾപ്പെടെ കരാറുകാരിൽ നിന്നും ഈടാക്കിയിരുന്നു. ജി.എസ്.ടി.ഇനത്തിൽ 18% തുകയായിരുന്നു ഈടാക്കേണ്ടിയിരുന്നത്. മാത്രമല്ല, ഇപ്രകാരം ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു. വാർഷിക കണക്കുപ്രകാരം ഈയിനത്തിൽ തൻവർഷം മാത്രം 4,57,615/-രൂപയാണ് തനതുഫണ്ടിലേക്ക് മാറ്റപ്പെട്ടിട്ടുള്ളത്. തനതുഫണ്ട് ഒഴികെ ഇതര സർക്കാർഗ്രാന്റുകൾ ചെലവഴിച്ച് നടപ്പാക്കുന്ന മരാമത്തുബില്ലുകളിൽനിന്നും ബാരൽവിലയിനത്തിൽ കിഴിവുചെയ്ത് ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുക ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഓ.(പി )177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 റോഡ് ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തിയുടെ ബാരൽ വില -ജി.എസ്.ടി ഈടാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വില കുറച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ജി.എസ്.ടി. ഇനത്തിലെ തുക ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | കാലി ബാരലുകളുടെ എണ്ണം | ബാരൽ വില ഈടാക്കിയത് | ജി.എസ്.ടി ഈടാക്കേണ്ടത് (18%) |
|---|---|---|---|---|
| 93/18 | വൈക്കം ഡിവിഷൻ -ഉദയനാപുരം പഞ്ചായത്തിൽ കാരയിൽ പനമ്പ് കാട് റോഡ് റീ ടാറിംഗ് | 29 | 29x 238 =6902 | 1242 |
| 312/18 | കിടങ്ങൂർ ഡിവിഷനിൽ എലിക്കുളം ഗ്രാ.പ.-കളരിക്കൽ പീടിക -തെങ്ങുംപാറ റോഡ് മെയിന്റനൻസ് | 27 | 6426 | 1157 |
| 304/18 | അയർക്കുന്നം ഡിവിഷനിൽ വിജയപുരം പഞ്ചായത്തിൽ വടവാതൂർ കുരിശ് നെടുംപുഞ്ച റോഡ് പുനരുദ്ധാരണം | 20 | 4760 | 857 |
| 27/18 | പൂഞ്ഞാർ ഡിവിഷനിൽ തിടനാട് ഗ്രാ.പ -ചെമ്മലമറ്റം കല്ലറങ്ങാട് പൂവത്തോട് റോഡ് റീ ടാറിംഗ് | 27 | 6426 | 1157 |
| 306/18 | ഭരണങ്ങാനം ഡിവിഷനിൽകടനാട് പഞ്ചായത്തിൽ കടനാട്- ഐക്കൊമ്പ് റോഡ് മെയിന്റനൻസ് സൈഡ് കോൺക്രീറ്റിംഗ് | 38 | 9044 | 1628 |
| 38/18 | കാഞ്ഞിരപ്പള്ളി ഡിവിഷനിൽ -വെള്ളാവൂർ ഗ്രാ.പ.-4,5,6വാർഡുകളിൽ ഉൾപ്പെട്ട കോത്തലപ്പടി വെള്ളച്ചിറ വയൽ റോഡ് റീ ടാറിംഗ് | 18 | 4284 | 771 |
| 39/18 | കാഞ്ഞിരപ്പള്ളി ഡിവിഷനിൽ -വെള്ളാവൂർ ഗ്രാ.പ 3,8 വാർഡുകളിൽ ഉൾപ്പെട്ട ആറാം മൈൽ വട്ടക്കാവ് റോഡ് റീ ടാറിംഗ് | 13 | 3904 | 557 |
| 102/18 | ഉഴവൂർ ഡിവിഷനിൽ വെളിയന്നൂർ പഞ്ചായത്തിൽ തെക്കനാട്ട്താഴം കുമ്പളാംപൊയ്ക തേക്കുമല റോഡ് റീ ടാറിംഗ് | 19 | 4522 | 814 |
| 53/18 | അയർക്കുന്നം ഡിവിഷനിൽ വിജയപുരം ഗ്രാ.പ. തറയിൽപ്പടി ചെമ്പോലി കൊല്ലക്കൊമ്പ് റോഡ് റീ ടാറിംഗ് | 26 | 6188 | 1114 |

| | | | | |
|---|---|---|---|---|
| 42/18 | വെള്ളൂർ ഡിവിഷനിൽ വെള്ളൂർ പ്ഞ്ചായത്ത് പതിമൂന്നാം വാർഡ് വടകര ഭാഗം കണ്ണന്തറ പീടികപ്പറമ്പ് തൈക്കാവ് റോഡ് മെയിന്റനൻസ് | 40 | 9520 | 1714 |
| 35/18 | കാഞ്ഞിരപ്പള്ളി ഡിവിഷനിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഉരുപത്തിയൊന്നാം വാർഡിൽ കത്തീഡ്രൽ ജംഗ്ഷൻ ഗവ.ആശുപത്രിപ്പടി റോഡ് പാറമട റോഡ് റീ ടാറിംഗ് | 26 | 6188 | 1114 |
| 29/18 | പൂഞ്ഞാർ ഡിവിഷനിൽ മേലുകാവ് ഗ്രാ.പ.ഇടമറുക് കയ്യൂർ റോഡ് റീ ടാറിംഗ് | 22 | 5236 | 942 |
| 84/18 | പൊൻകുന്നം ഡിവിഷനിൽ പള്ളിക്കത്തോട് ഗ്രാ.പ ഇന്ദിരം നിർമ്മല ഹോസ്പിറ്റൽപ്പടി റോഡ് പുനരുദ്ധാരണം | 28 | 6664 | 1200 |
| 70/18 | കടുത്തുരുത്തി ഡിവിഷനിൽ മാഞ്ഞൂർ ഗ്രാ.പ. കഴിയാഞ്ചൽ ചാമക്കാലാ റോഡ് റീ ടാറിംഗ് | 18 | 4284 | 771 |
| 101/18 | ഉഴവൂർ ഡിവിഷനിൽ ഉഴവൂർ അട്ടക്കനാൽ മണിയാക്കുംപാറ റോഡ് റീ ടാറിംഗ് | 20 | 4760 | 857 |
| 127/18 | കങ്ങഴ ഡിവിഷനിൽ വെള്ളാവൂർ പഞ്ചായത്തിൽ പുത്തൻപീടിക കോത്തലപ്പടി റോഡ് പുനരുദ്ധാരണം | 26 | 6188 | 1114 |
| 124/18 | കങ്ങഴ ഡിവിഷനിൽ കങ്ങഴ പഞ്ചായത്തിൽ മുണ്ടത്താനം പൊട്ടകുളം റോഡ് പുനരുദ്ധാരണം | 28 | 6664 | 1200 |
| 82/18 | പൊൻകുന്നം ഡിവിഷനിൽ ചിറക്കടവ് ഗ്രാ.പ. വാർഡ് പത്തിൽ നേതാജി വായനശാല കാരയ്ക്കാമറ്റം റോഡ് പുനരുദ്ധാരണം | 28 | 6664 | 1200 |
| 187/18 | കുറവിലങ്ങാട് ഡിവിഷനിൽ കടപ്ളാമറ്റം പഞ്ചായത്തിൽ വട്ടീഞ്ച റോഡ് പുനരുദ്ധാരണം | 21 | 4998 | 900 |
| | ആകെ | | | 20309 |

ഇപ്രകാരം ബാർ വിലയുടെ ജി.എസ്.ടി ഇനത്തിലെ തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 33) ന് സർക്കാർ നിർദ്ദേശപ്രകാരം ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ഒരു ജി എസ് ടി നമ്പർ മാത്രമേ അനുവദനീയമായിരുന്നുള്ളുവെന്നും

ഇക്കാരണത്താൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ജി എസ് ടി നം. ഇല്ലാതിരുന്നതിനാൽ ജി എസ് ടി ഈടാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. എന്നിരുന്നാലും നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും ജിഎസ് ടി ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതിനു ശേഷം പിന്നീട് സർക്കാരിലേയ്ക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. ബന്ധപ്പെട്ട കരാറുകാരിൽ നിന്നും മേൽ പറഞ്ഞ പ്രകാരം ജിഎസ് ടി ഈടാക്കി കേന്ദ്രസർക്കാരിൽ അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-19 പ്രവൃത്തി പൂർത്തീകരണ കാലാവധി അനാവശ്യമായി ദീർഘിപ്പിച്ച് നൽകുന്ന നടപടി ഒഴിവാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 407/18 |
| പ്രോജക്റ്റിന്റെ പേര് | കുമരകം ഡിവിഷനിൽ അയ്മനം ഗ്രാമപഞ്ചായത്ത് ചീപ്പുങ്കൽ-കോലടിച്ചിറ റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 500000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 401112 |
| ബിൽ നം. | 248/17-18/22.03.18 |
| എം ബുക്ക് നം. | 49/17-18 |
| കരാർ നം. | 143/EE/LSGD/16-17/25.01.17 |

എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത റോഡ് നിലവിലെ കുഴികൾ അടച്ച് റീടാർ ചെയ്യുന്നതിനും റോഡിന്റെ വശങ്ങളിൽ ഐറിഷ് ഡ്രെയിൻ ചെയ്യുന്നതിനുമായിരുന്നു ടി പ്രോജക്റ്റുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടി റോഡിൽ അയ്മനം ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി പ്രകാരം വശങ്ങളിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം കുറേഭാഗം വീതി നഷ്ടപ്പെടുകയും റോഡിൽ മുമ്പ് ഉണ്ടായിരുന്ന കുഴികൾ വലിയ രീതിയിൽ രൂപം കൊണ്ടതിനാൽ റോഡ് പുന:സ്ഥാപിക്കേണ്ടതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ലഭ്യമാകുവാൻ കാലതാമസം വന്നതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി (4 മാസം) 25-5-17 മുതൽ 25.08.17 വരെ നീട്ടി നൽകിയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സായി വന്ന സമയം കാലവർഷം തുടങ്ങിയതിനാൽ ടി വർക്ക് പൂർത്തീകരിക്കുന്നതിനു വേണ്ടി കാലാവധി നീട്ടി നൽകണമെന്ന കരാറുകാരന്റെ 21.08.2017ലെ അപേക്ഷ പ്രകാരം 25.08.17 മുതൽ 2 മാസത്തേയ്ക്ക് വീണ്ടും കാലാവധി നീട്ടി നൽകി. പ്രസ്തുത സമയത്തും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ല. പിന്നീട് 05.02.2018 ലെ ജനറൽ കമ്മിറ്റിയുടെ 5(8) നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് അനുവദിച്ച സമയം മുതൽ കാലവർഷം തുടങ്ങിയതിനാൽ കാലാവധി ദീർഘിപ്പിച്ച് തരണമെന്ന കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 25.02.2018 വരെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലാവധി വീണ്ടും നീട്ടി നൽകിയിരിക്കുന്നതായി കാണുന്നു.എന്നാൽ ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയതായി കാണുന്നില്ല. ജി.ഒ(പി) 13/2012/പി ഡബ്ല്യു ഡി/01-02-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒർജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. കൂടാതെ പരമാവധി ദീർഘിപ്പിക്കൽ, യഥാർത്ഥത്തിൽ പൂർത്തീകരിക്കേണ്ട കാലയളവിന്റെ 50% ൽ അധികരിക്കുവാനും പാടില്ല. ആയതിനാൽ കാലവർഷത്തിന്റെ പേരിൽ 25.10.17 വരെ നീട്ടി നൽകിയ പൂർത്തീകരണ കാലാവധി അതേ കാരണത്താൽ 25.02.2018 വരെ വീണ്ടും 4 മാസം നീട്ടി നൽകിയ നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അനാവശ്യമായി ദീർഘിപ്പിച്ച് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-20 കുറവ് തുക ക്വാട്ട് ചെയ്ത വ്യക്തിയ്ക്ക് പ്രവൃത്തി നൽകിയില്ല-പൊതുമരാമത്ത് നടപടിക്രമങ്ങളിൽ അപാകത

പ്രോജക്റ്റ്നം .531/17

പേര് : അയർക്കുന്നം ഡിവിഷനിൽ വിജയപുരം പഞ്ചായത്ത് വടവാതൂർ സെമിനാരി റോഡ് റീടാറിംഗ്
നിർവ്വഹണോദ്യോഗസ്ഥൻ: എക്സിക്യൂട്ടീവ് എഞ്ചിനീയർ
അടങ്കൽ -1500000 -സംരക്ഷണ ഗ്രാന്റ് (റോഡ്)
ചെലവ് -1213915
ബിൽ നം -71/17-18/ 25.09.17
എം ബുക്ക് നം. 572 ,573/15-16

പ്രസ്തുത പ്രോജക്ടിനായി 4 പേർ ഇ-ടെണ്ടർ സമർപ്പിച്ചിരുന്നു. അതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് ശ്രീ.ഷാനെറ്റ് എ ജോർജ്ജ് (1242708.17രൂപ) എന്ന വ്യക്തിയാണ്. എന്നാൽ രണ്ടാമത് കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.മാത്തച്ചൻ എം വാടന എന്ന വ്യക്തിയ്ക്ക് (1261622 രൂപ) കുറഞ്ഞ തുക ക്വാട്ട് ചെയ്ത വ്യക്തി നൽകിയിട്ടുള്ള അതേ നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ തയ്യാറാണെന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത നടപടി ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11) ഇത് ഓഫീസിൽ സംഭവിച്ച തെറ്റാണെന്നും ഇത് മൂലം നഷ്ടം സംഭവിക്കാതിരിക്കുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കിൽ കരാറു നൽകിയ കരാറുകാരന്റെ നിരക്കിൽതന്നെ രണ്ടാമത്തെ കരാറുകാരന് നൽകിയതെന്നും, കുറഞ്ഞനിരക്ക് നൽകിയ ആൾക്ക് ഇത് സംബന്ധിച്ച് പരാതിയില്ലെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. മാത്രമല്ല പ്രസ്തുത നടപടി സംബന്ധിച്ച് ജില്ലാപഞ്ചായത്ത് ഭരണസമിതി എന്തെങ്കിലും തീരുമാനങ്ങൾ എടുത്തതായും കാണുന്നില്ല. ശ്രീ.മാത്തച്ചൻ എം വാടന എന്ന വ്യക്തി എഗ്രിമെന്റ് വെച്ച് പ്രവൃത്തി തുടങ്ങിയതിന് ശേഷമാണ് പ്രസ്തുത അപാകത കണ്ടെത്തിയതെന്ന് ഫയലിലിൽ നിന്നും വ്യക്തമാണ്. ടി വ്യക്തി ആ സമയത്ത് കുറവ് ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി ചെയ്യുവാൻ തയ്യാറാകാതിരിക്കുകയോ കുറവ് ക്വാട്ട് ചെയ്ത ശ്രീ.ഷാനെറ്റ് എ ജോർജ്ജ് എന്ന വ്യക്തി പരാതി നൽകുകയോ ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത പ്രവൃത്തി തുടരുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമായിരുന്നു. മേൽ സാഹചര്യത്തിൽ ടെണ്ടറുകൾ ടാബുലേഷൻ ചെയ്യുമ്പോൾ ജീവനക്കാരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതുമാണ്.

## 3-21 എ.ജെ.ജോൺ മെമ്മോറിയൽ സ്കൂൾ ഓഡിറ്റോറിയം-അറ്റകുറ്റപ്പണിക്ക് ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ ഉപയോഗിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തലയോലപ്പറമ്പ് പഞ്ചായത്തിൽ എ.ജെ.ജോൺ മെമ്മോറിയൽ സ്കൂൾ ഓഡിറ്റോറിയം മെയിന്റനൻസ് |
| നമ്പർ | 680/18 |
| അടങ്കൽ | 1600000 |
| ചെലവ് | 1254304 |
| ബിൽനം. | 88/16-17/24.01.17, 312/17-18/28.03.18 |
| എംബുക്ക് നം. | 198/15-16, 310/15-16 |

2015-16 വർഷം 693/16 നമ്പരായി 16,00,000/- രൂപ അടങ്കലിൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിൽ ഓഡിറ്റോറിയത്തിന്റെ വരാന്തയുടെ ജീർണ്ണിച്ച കോൺക്രീറ്റ് മേൽക്കൂര പൊളിച്ച് നീക്കി ടി ഭാഗത്ത് ജി.ഐ പൈപ്പും ജി.ഐ ഷീറ്റും ഉപയോഗിച്ചുള്ള മേൽക്കൂര പുതിയതായി നിർമ്മിക്കുന്നതിനും ആഡിറ്റോറിയം കെട്ടടത്തിൽ 30X30 c.m വലുപ്പത്തിലുള്ള സിറാമിക് ടൈലുകളും ഇ-ബോർഡ് ഫാൾസ് സീലിങ്ങ് ചെയ്യുന്നതിനുമാണ് പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. 2016-17 വർഷം സ്പിൽ ഓവറായി തുടർന്ന പ്രസ്തുത പ്രോജക്ടിലെ പ്രവൃത്തികളിൽ തീരെ ഗുണനിലവാരം കുറഞ്ഞ ടൈലുകളും, റൂഫിംഗ് ഷീറ്റുകളുമാണ് ഉപയോഗിച്ചതെന്ന് കാണിച്ച് സ്കൂൾ രക്ഷാകർത്തൃ സമിതിയും, സ്കൂളിലെ ഒരു വിദ്യാർത്ഥിനിയുടെ പിതാവും പരാതി നൽകിയിരുന്നു. എന്നാൽ കരാറുകാരൻ അപാകതകൾ പരിഹരിച്ചതിനാൽ പരാതികൾ പിൻവലിച്ചതായി പിന്നീട് വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിന്റെ നിജസ്ഥിതി അറിയുന്നതിനായി സ്ഥലപരിശോധന നടത്തിയപ്പോൾ ഫ്ലോർടൈലുകൾ പലയിടത്തും പോളീഷ് ഇളകി വികൃതമായതായും

ഫാൾസ് സീലിംഗ് പലയിടത്തും പൊളിഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. ഇതിൽ നിന്നും പ്രസ്തുത പ്രവൃത്തികളിൽ ഗുണനിലവാരം കുറഞ്ഞ ഉൾപ്പന്നങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും പരാതിയുടെ അടിസ്ഥാനത്തിലും കരാറുകാരൻ അപാകതകൾ വേണ്ടവിധം പരിഹരിച്ചിട്ടില്ലായെന്നും വ്യക്തമാണ്. ആയത് വളരെ ഗൗരവം അർഹിക്കുന്ന വിഷയമാണ്. മേൽ സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-22 റോഡിന് മതിയായ സ്ഥലം ലഭ്യത ഉറപ്പുവരുത്താതെ പ്രവൃത്തി ആരംഭിച്ചു - പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 620/15-16 |
| പ്രോജക്ടിന്റെ പേര് | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പൊതി മഹാവിഷ്ണു ക്ഷേത്രം -കലയത്തുകുന്ന് റോഡ് പുനരുദ്ധാരണം |
| അടങ്കൽ | 825000/-(തനത് ഫണ്ട്) |
| ചെലവ് | 2,70,124/-(124885+145239) |
| ബിൽ നം | ഡി ഡി നം.096675/13.4.16 |
| എം ബുക്ക് നം | 213/15-16 |
| കരാർനം | 164/EE/LSGD/15-16,27.01.16 |

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പൊതിമഹാവിഷ്ണുക്ഷേത്രം -കലയത്തുംകുന്ന് റോഡിന്റെ 677മീറ്റർ വരെയുള്ള ഭാഗം 6 മീറ്റർ വീതികൂട്ടി ടാർ ചെയ്ത് പുനരുദ്ധാരണം നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും റോഡിന്റെ വീതി കൂട്ടുന്നതിന് സ്ഥലം സമീപവാസികളിൽ നിന്ന് ഏറ്റെടുക്കുന്നതിനും ഇതിൽ 227 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനും റോഡിന്റെ വിവിധ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. എന്നാൽ നിലവിലുള്ള റോഡിന്റെ വീതികൂട്ടി 6 മീറ്റർ വീതിയിൽ പുനർനിർമ്മിക്കുന്നതിന് മതിയായ സ്ഥലം സമീപവാസികളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള സമ്മതപത്രം രേഖാമൂലം സ്വീകരിക്കാതെ പ്രോജക്ട് ആവിഷ്കരിച്ച് ടെണ്ടർക്ഷണിച്ച് പണി ആരംഭിക്കുകയും ചെയ്തു. തുടർന്ന് സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് 204മീറ്റർ മാത്രം സോളിങ്ങ് നടത്തിയതിനുശേഷം വീതി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ അവസാനിപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച നൽകിയ അന്വഷണകുറിപ്പിന് (നം-47) ലഭിച്ച മറുപടിയിൽ സ്ഥലം ലഭ്യമാകുമെന്നുള്ള ജനപ്രതിനിധികളുടെ ഉറപ്പിലാണ് മിക്ക പദ്ധതികളും ഏറ്റെടുക്കുന്നതെന്നും ഒട്ടുമിക്ക പ്രവൃത്തികളും നിർമ്മാണ സമയത്ത് പൊതു പ്രവർത്തകരുടെ ഇടപെടൽ മൂലം സ്ഥലം ലഭിക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പ്രവൃത്തിക്ക് ചില സ്ഥലം ഉടമകൾ സ്ഥലം വിട്ടുനൽകാൻ തയ്യാറാകാതിരുന്നതു മൂലമമാണ് പ്രവൃത്തി തടസ്സപ്പെട്ടതെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ.(പി)13/2012/PWD/01/02/2012 2003(4) പ്രകാരം തടസമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ഭരണാനുമതിയും വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനും ശ്രദ്ധിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അതിനാൽ 2017-18 വർഷം മേൽ പ്രോജക്ടിൽ സോളിംഗിനായി ചെലവഴിച്ച 1,45,239/- രൂപ തടസ്സപ്പെടുത്തുന്നു. സ്ഥലലഭ്യത ഉറപ്പുവരുത്തി പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-23 കരാർ ചമയ്ക്കാൻ താമസിച്ചു-പിഴ ഈടാക്കിയിട്ടില്ല

കോട്ടയം ജില്ലാ പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ ജില്ലാ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി.നം.13/ 2012/ PWD/ തീയതി 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 78/18 കടുത്തുരുത്തി ഡിവിഷനിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ കുഴിയാഞ്ചൽ ചാമക്കാല റോഡ് റീ ടാറിംഗ് | ഷാജി ജോസഫ് എലുവത്തിൽ മുട്ടുചിറ പി ഒ | 18.9.2017 | 4.10.2017 | 499566 | 4996 |
| 2 | 134/18 മുണ്ടക്കയം ഡിവിഷനിൽ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കൂവപ്പള്ളി മെത്രാൻ കോളനി റോഡ് പുനരുദ്ധാരണം | ടോമി ജോസഫ് പന്തലാനിക്കൽ കൂവപ്പള്ളി പി ഒ | 19.9.2017 | 6.10.2017 | 499775.25 | 4998 |
| 3 | 350/18 പൂഞ്ഞാർ ഡിവിഷനിൽ മേലുകാവ് ഗ്രാമപഞ്ചായത്തിൽ പയസ് മൗണ്ട് - തോട്ടത്തിൽമല – പട്ടിക്കുന്ന്പാറ റോഡ് കോൺക്രീറ്റിംഗ് | ഷാജി മാത്യു കണ്ടത്തിൽ മൂന്നിലവ് പി ഒ | 4.11.2017 | 6.12.2017 | 1486607.13 | 14866 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (35/17.12.2018) മറുപടിയിൽ കരാർ ചമയ്ക്കുവാൻ കാലതാമസമുണ്ടായതിന്റെ പിഴ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-24 വാകത്താനം ഗ്രാമ പഞ്ചായത്തിലെ ഇടത്തറക്കടവ് പാടശേഖരത്തിന് പുറം ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി- അധിക നിരക്ക് നൽകി

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ) നിർവ്വഹണോദ്യോഗസ്ഥനായ ഇടത്തറക്കടവ് മണിയംപാടവം പാടശേഖരത്തിന് പുറം ബണ്ട് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 616/18 |
| അടങ്കൽ | 10,00,000 രൂപ (പൊതു വിഭാഗം) |
| ചെലവ് | 2,69,029 രൂപ |
| നിർവ്വഹണ രീതി | ഗുണഭോക്തൃ സമിതി മുഖേന (കൺവീനർ ശ്രീ.അബ്രാഹം ചെറിയാൻ) |
| സാങ്കേതിക അനുമതി നമ്പർ | KTM/2017-18/2017/529 തീയതി 20-12-17 |
| ബിൽ നം | 29/17-18 തീയതി 28.03.18 |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ | 67/17-18 തീയതി 07.03.18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/529 |
| കോസ്റ്റ് ഇന്റെക്സ് | 44.12 % |

മേൽ പ്രവൃത്തിയുടെ ഒന്നാം ഇനമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് റിങ്ങ് ബണ്ട് (ടൈപ്പ്-1) നിർമ്മാണം ആണ്. ടി ഇനം 34 മീറ്റർ നടപ്പാക്കുന്നതിന് 1399.87/മീറ്റർ ആണ് നിരക്ക് കണക്കാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അളവ് പുസ്തകം പ്രകാരം (നമ്പർ-9 പേജ് 11) ഈ ഇനം 34 മീറ്റർ നടപ്പാക്കിയതിന് 1399.87/മീ നിരക്കിൽ 47595.98 രൂപ നൽകിയിട്ടുണ്ട്. മേൽ ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ CPOH(15%) ഉൾപ്പെടെയാണ് നിരക്ക് തയ്യാറാക്കിയിരിക്കുന്നതെന്ന് കാണുന്നു. പ്രസ്തുത ഇനത്തിന് ഗുണഭോക്തൃ സമിതിക്ക് നൽകാവുന്ന നിരക്ക് 1271.75/മീ ആണ്. ഗുണഭോക്തൃ സമിതി നിർവ്വഹിച്ച മേൽ പ്രവൃത്തിക്ക് CPOH ഉൾപ്പെടുത്തി നിരക്ക് തയ്യാറാക്കിയതിനാൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 4356 രൂപ അധികം നൽകിയതായി കാണുന്നു. (1399.87 x 34 - 1271.75 x 34= 4356 രൂപ). ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ എൻക്വയറിക്ക് ( നമ്പർ 20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് അധികം നൽകിയ തുക ( 4356 രൂപ) നിരാകരിക്കുന്നു. പ്രസ്തുത തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-25 ബില്ലിൽ നിന്നും ഓവർഹെഡ് കുറവ് ചെയ്തില്ല-ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സി.എൻജിനിയർ(കൃഷി)

ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾക്ക് നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ്കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയത്. 2017-18 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകളുടെ ഡേറ്റാ പരിശോധിച്ചതിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് വരുത്തേണ്ടത്. താഴെപറയുന്ന പ്രോജക്ടുകൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 4.5% തുക അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്. വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

1. 615/18വാകത്താനം ഡിവിഷൻ-വാകത്താനം ഗ്രാമപഞ്ചായത്ത് ഊട്ടുപുര പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം

അടങ്കൽ-1200000

ചെലവ്- 340770 ബിൽ നം.23/17-18 28.3.18

കൺവീനർ-ശ്രീ.തോമസ് ജോൺ

അളവ് പുസ്തകം-8/17-18

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 351309 | 351309 |
| കുറയ്ക്കുക-ഐ.ടി (2%) | 7026 | 7026 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 3513 | 3513 |
| ഓവർ ഹെഡ് ചാർജ് (4.5%) | 15809 | 0 |
| നെറ്റ് തുക | 324961 | 340770 |
| അധികം നൽകിയ തുക | 15809 | |

2. 619/18 വൈക്കം ഡിവിഷൻ ഉദയനാപുരം പഞ്ചായത്തിൽ മാനാപ്പള്ളി വേമ്പനാകരി പാടശേഖരങ്ങൾക്ക് പുറം ബണ്ട് നിർമ്മാണം

അടങ്കൽ -1300000

ചെലവ് - 853686 ബിൽ നം.39/17-18 26/03/18

കൺവീനർ -ശ്രീ.പ്രഭാകരൻ

അളവ്പുസ്തകം -12/17-18

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 853686 | 853686 |
| കുറയ്ക്കുക-ഐ.ടി (2%) | 17074 | 17074 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 8537 | 8537 |
| ഓവർ ഹെഡ് ചാർജ്(4.5%) | 38416 | 0 |
| നെറ്റ് തുക | 789659 | 828075 |
| അധികം നൽകിയ തുക | 38416 | |

3.616/17-18 ഇടത്തറക്കടവ് പാടശേഖരത്തിന് പുറം ബണ്ട് ബലപ്പെടുത്തൽ

അടങ്കൽ- 10,00,000/-

ചെലവ്- ബിൽ നം- 29/17-18

കൺവീനർ-ശ്രീ. അബ്രാഹം ചെറിയാൻ

അളവ്പുസ്തകം-9/17-18

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 269029 | 269029 |
| കുറയ്ക്കുക-ഐ.ടി (2%) | 5381 | 5381 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 2690 | 2690 |
| ഓവർ ഹെഡ് ചാർജ്(4.5%) | 12106 | 0 |
| നെറ്റ് തുക | 248852 | 260958 |
| അധികം നൽകിയ തുക | 12106 | |

4.992/18 തെക്കേപ്പുറമ്പിൽ പടി- കൊട്ടാരത്തിൽ കടവ് ബണ്ട് ബലപ്പെടുത്തൽ

അടങ്കൽ-12,00,000/-

ചെലവ് - ബിൽ നം.22/17-18/28.03.18

കൺവീനർ -ശ്രീ. ഗോപാലകൃഷ്ണൻ നായർ

അളവ്പുസ്തകം -7/17-18

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 623736 | 623736 |
| കുറയ്ക്കുക-ഐ.ടി (2%) | 12475 | 12475 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 6237 | 6237 |
| ഓവർ ഹെഡ് ചാർജ്(4.5%) | 28068 | 0 |
| നെറ്റ് തുക | 576956 | 605024 |

| | |
|---|---|
| അധികം നൽകിയ തുക | 28068 |

നികുതി വിഹിതം അടവാക്കാനുള്ള തുകയിലധികം പിൻവലിച്ചതിനാൽ മേൽ പ്രോജക്ടുകളുടെ കൺവീനർമാർക്ക് അധികം തുക നൽകി. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അവസാനബില്ലിൽ ക്രമീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചു. ധനകാര്യ (ഇൻസ്&പി.ഡബ്ല്യു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ല്യു.ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 16.03.2018ലെ ഡിബി.3.9058/17 /സി.ഇ.തസ്വഭവ നമ്പർ കത്ത് പ്രകാരം വാറ്റിന് ജി.എസ്.ടി. നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി ഒടുക്കേണ്ടതില്ലെന്നും ടി സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നികുതിവിഹിതം ഒടുക്കേണ്ടാത്ത സാഹചര്യത്തിലും ഓവർഹെഡ് ചാർജ് പൂർണ്ണനിരക്കിൽ അനുവദിച്ചത് ക്രമവിരുദ്ധമാണ്. അധികം നൽകിയ 94,399/- രൂപ അതാത് കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-26 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 619/18, വൈക്കം ഡിവിഷൻ ഉദയനാപുരം പഞ്ചായത്തിൽ മാനാപ്പള്ളി വേമ്പനാകരി പാടശേഖരങ്ങൾക്ക് പുറംബണ്ട് നിർമ്മാണം |
| അടങ്കൽ | 1300000/- |
| ചെലവ് | 853686/- ബിൽ നം.39/17-18 തീയതി 26.03.18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എക്സി.എഞ്ചിനീയർ(കൃഷി) |
| കരാർ നം. | 52/17-18 07/02/18 |
| കൺവീനർ | പ്രഭാകരൻ എം. |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ഫയലിനൊപ്പം ബില്ലുകൾ, വൗച്ചറുകൾ, സംയുക്തഅക്കൗണ്ടിന്റെ പാസ്ബുക്ക്, മസ്റ്റർ റോൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേക്ഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ അവസാനബിൽ നല്കുന്ന വേളയിൽ പ്രസ്തുതരേഖകൾ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഗുണഭോക്തൃ സമിതി നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ മൂല്യം അളവുപുസ്തകപ്രകാരമുള്ള അളവുകളുടെ ആകെ മൂല്യമോ ഗുണഭോക്തൃസമിതിയുടെ യഥാർത്ഥ ചെലവോ ഏതാണോ കുറവ് ആ തുക മാത്രമേ നൽകാവൂയെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ബിൽതുകകൾ ടി രേഖകൾ ലഭ്യമാക്കിയശേഷം മാത്രം നൽകേണ്ടതാണ്. മാർഗ്ഗരേഖ പാലിച്ച് നിർവ്വഹണം നടത്താഞ്ഞതിനാൽ പ്രോജക്ടിന്റെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-27 അഗ്രോസർവ്വീസ് സെന്ററിന് പോളവാരൽ യന്ത്രം - മോണിട്ടറിംഗ് കാര്യക്ഷമമാക്കണം.

പ്രോജക്ട് നം. 652/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കോട്ടയം

2017-18 ൽ നടപ്പിലാക്കിയ ഏറ്റവും ചെലവ്കൂടിയ പ്രോജക്ടാണ് പോളവാരൽയന്ത്രം വാങ്ങൽ. 48,38000/രൂപയാണ് ഇതിന്റെ ചെലവ്.

കോട്ടയം ജില്ലാപഞ്ചായത്തിന്റെ വികസനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 04/08/2017 ലെ തീരുമാനപ്രകാരം അഗ്രോസർവ്വീസ് സെന്ററിന് പോളവാരൽ യന്ത്രം വാങ്ങാൻ സബ്കമ്മറ്റിയെ ചുമതലപ്പെടുത്തുകയും 09/08/2017 ലെ സബ്കമ്മറ്റിയോഗത്തിൽ യന്ത്രത്തിനായി ഇ-ടെൻഡർ ക്ഷണിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടെക്നിക്കൽ ബിഡ് സാങ്കേതിക സമിതി വിലയിരുത്തുകയും തുടർന്ന് ഫൈനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തു.

സാങ്കേതിക സമിതി അംഗങ്ങൾ
1.ആർ. ജയരാജൻ റിസർച്ച് എഞ്ചിനീയർ, റിസർച്ച് ടെസ്റ്റിങ്ങ് ആൻറ് ട്രെയിനിങ്ങ് സെന്റർ വെള്ളായനി.
2. സി.എൽ. ലാൽ അസി.എക്സി.എഞ്ചിനീയർ, കൃഷി കോട്ടയം
3. സൂരജ് കണ്ണൻ, കൃഷി അസി.എഞ്ചിനീയർ, ആലപ്പുഴ
4. മുഹമ്മദ് ഷെരീഫ്, കൃഷി അസി.എഞ്ചിനീയർ, കോട്ടയം
5.അരുൾരാജ് എം., കൃഷി അസി.എഞ്ചിനീയർ, കോട്ടയം
ലഭിച്ച ടെണ്ടറുകളുടെ വിവരം
1മെസ്സേഴ്സ് കേളചന്ദ്ര പ്രിസിഷൻ എഞ്ചിനീയറിങ്ങ് 4838000/-
2 കെൽപെ ടെക്നിക്കൽ എഫ് ഇസഡ് സി 4956000/-
3 ഹൈറ്റെക്ക് എൻഞ്ചീനിയറിംങ്ങ് വർക്ക്സ് 5200000/-

കുറഞ്ഞതുക ക്വോട്ട് ചെയ്ത മെസ്സേഴ്സ് കേളചന്ദ്ര പ്രിസിഷൻ എഞ്ചിനീയറിങ്ങിന്റെ ടെൻണ്ടർ (4838000/-) ജനറൽ കമ്മറ്റി 18/01/2018 IV (6) നം തീരുമാന പ്രകാരം അംഗീകരിച്ചു. യന്ത്രം 17/03/2018 ലെ 16-ാം നം ഇൻവോയ്സ് പ്രകാരം ലഭിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം 52 വാല്യം I ൽ രേഖപ്പെടുത്തിയിട്ടുണ്ട്.
പേയ്മെന്റ് വിവരം
ബിൽ നം 17/17-18 തീയതി 27/03/2018 4838000/-

യന്ത്രം 16-12-2018 ൽ മാത്രമാണ് പോളവാരലിനായി ഉപയോഗിച്ച് തുടങ്ങിയത്. ജനറൽ കമ്മിറ്റി 21/07/2018 ലെ 13-ാം നം. തീരുമാന പ്രകാരം മാത്രമാണ് യന്ത്രം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് കൃഷി അസി.എക്സി.എഞ്ചിനീയർ 24.05.2018 ൽ സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ അംഗീകരിച്ചത്. യന്ത്രത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി യന്ത്രം പ്രവർത്തനക്ഷമമാകുന്ന ആദ്യ അവസരത്തിൽ തന്നെ ഓഡിറ്റിനെ ഔദ്യോഗികമായി വിവരം അറിയിക്കണമെന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് യന്ത്രത്തിന്റെ പ്രവർത്തനം നേരിട്ട് വിലയിരുത്തിയതിൽ പുല്ലുമായി ചേർന്ന് കട്ടിപിടിച്ച് കിടക്കുന്ന പോളവാരുന്നതിൽ യന്ത്രത്തിന് ക്ഷമത കുറവാണെന്ന് കാണപ്പെട്ടു. കൂടാതെ യന്ത്രത്തിന്റെ മെയിന്റനൻസ് ചെലവുകൾ സംബന്ധിച്ച വിലയിരുത്തലുകളും നടത്തേണ്ടതുണ്ട്.
വിലയേറിയ യന്ത്രത്തെ മതിയായ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, കൃഷി അനുബന്ധമേഖലാ വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ കൃത്യമായ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

## 3-28 പ്രോ.നം.659/18,കടുത്തുരുത്തി ഡിവിഷൻ-കടുത്തുരുത്തി പഞ്ചായത്തിലെ മാന്നാർ മിച്ചഭൂമി പാടശേഖരസമിതിക്ക് ട്രാക്ടർ, ബെയിലിംഗ് മെഷീൻ വാങ്ങൽ - അധികസബ്സിഡി നല്കി.

കൃഷി എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ൽ അംഗീകാരം ലഭിച്ച പ്രോജക്ട് സ്പിൽഓവറായി 2017-18 ൽ നടപ്പിലാക്കുകയാണ് ഉണ്ടായത്. തനതുഫണ്ടിൽ നിന്ന് 15 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിനായി 6-12-17 ലെ ഇ-ടെന്റർ പ്രകാരം 4 ടെന്ററുകൾ ലഭിച്ചു. ലഭിച്ച ടെന്ററുകൾക്കൊപ്പമുള്ള, സ്ഥാപനങ്ങൾ ലഭ്യമാക്കിയ സ്പെസിഫിക്കേഷനുകൾ (28-12-17 ൽ തുറന്ന ടെക്നിക്കൽ ബിഡ്പ്രകാരമുള്ള) പരിശോധിക്കുന്നതിന് 12-1-18 ൽ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റിസർച്ച് എൻജിനീയർ ഇൻ ചാർജ്, റിസർച്ച് ടെസ്റ്റിംഗ്&ട്രെയിനിംഗ് സെന്റർ, വെള്ളായണി, സി.എൽ.ലാൽ, അസി.എക്സി.എൻജിനീയർ കൃഷി, കോട്ടയം, സൂരജ് കണ്ണൻ,കൃഷി അസി.എൻജിനീയർ, ആലപ്പുഴ, മുഹമ്മദ് ഷെരീഫ്, കൃഷി അസി.എൻജിനീയർ, കോട്ടയം, അരുൾ രാജ്,കൃഷി അസി.എൻജിനീയർ എന്നിങ്ങനെ 5 പേരുൾപ്പെട്ട ടെക്നിക്കൽ ഇവാല്വേഷൻ കമ്മിറ്റി രൂപീകരിച്ചു.

ടി ടെക്നിക്കൽ കമ്മിറ്റി 16-1-18 ൽ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിംഗ് കോളേജിൽ വച്ച് ടെക്നിക്കൽ ബിഡ്-കൾ പരിശോധിച്ച് റിപ്പോർട്ട് നല്കി. ടി റിപ്പോർട്ടിലെ തീരുമാനങ്ങൾ /ശുപാർശകൾ ചുവടെ ചേർക്കുംപ്രകാരമാണ്.
വാട്ടർ ഹൈസിന്ത് ഹാർവെസ്റ്റർ - ബിഡ്ഡുകളിലൊന്നും മെഷീനുകളുടെ എൻജിൻ സംബന്ധിച്ച വിശദാംശങ്ങൾ

ഇല്ല. ആയതിനാൽ കരാർ അപേക്ഷ സമർപ്പിച്ചവരിൽ നിന്ന് സ്പഷ്ടീകരണം തേടാൻ തീരുമാനിച്ചു.
ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും. ടെന്റർ നിരക്കിലും കുറഞ്ഞവിലയിൽ GeM പ്രകാരം വാങ്ങാവുന്നതാണ്. ആയതിനാൽ GeM മുഖേന വാങ്ങുന്നതാണ് മെച്ചം.
റൗണ്ട് ബേലർ - സി.സി.കുര്യൻ & കമ്പനി യുടെ ഓഫറിൽ ബേൽ സൈസ് സ്പെസിഫിക്കേഷനിലേതിലും അധികമാണ്. എന്നാൽ ബ്രോഷറിൽ സൈസ് വളരെ ചെറുതായും കാണുന്നു. ആയതിനാൽ ഇതുസംബന്ധിച്ച സ്പഷ്ടീകരണം തേടേണ്ടതാണ്.
റോട്ടാവേറ്റർ.രണ്ട് സ്ഥാപനങ്ങൾ ഗിയർ ഉള്ളതും 2 സ്ഥാപനങ്ങൾ ഗിയർ/ചെയിൻ സംവിധാനവും കാണിച്ചിട്ടുള്ളതിനാൽ ഗിയർ ഡ്രൈവ് സംവിധാനം മാത്രമായുള്ളത് ആവശ്യപ്പെടാമെന്ന് തീരുമാനിച്ചു.സി.സി കുര്യൻ & കമ്പനി ടില്ലിംഗ് വിഡ്ത് ഒരിടത്തും പരാമർശിക്കാത്തതിനാൽ സ്പഷ്ടീകരണം തേടാനും തീരുമാനിച്ചു.
കൾട്ടിവേറ്റർ - മെഷിനറിയുടെ ഭാരം സി.സി കുര്യൻ & കമ്പനി ലഭ്യമാക്കിയിട്ടില്ല.
ഇതിന് സ്പഷ്ടീകരണം തേടാൻ തീരുമാനിച്ചു.
സി.സി.കുര്യൻ & കമ്പനി മതിയായ വിശദാംശങ്ങൾ മിക്ക സ്പെസിഫിക്കേഷൻ സംബന്ധിച്ചും നല്കിയിട്ടില്ല യെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. കൂടുതൽ വിശദാംശങ്ങൾക്ക് കാത്തിരിക്കാൻ സമയമില്ലയെന്ന് AEE കോട്ടയം അഭിപ്രായപ്പെട്ടു.വിശദമായ ചർച്ചകൾക്ക് ശേഷം ഫിനാൻഷ്യൽ ബിഡ് തുറന്ന് ഏറ്റവും താഴ്ന്ന ബിഡറുടെ സാങ്കേതിക വിശദാംശങ്ങൾ പരിശോധിക്കാനും ഇത് ടെന്റർരേഖകളിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുമായി യോജിക്കുന്നില്ലയെങ്കിൽ സ്പഷ്ടീകരണം തേടുന്നതിനും സ്പഷ്ടീകരണം ലഭിക്കുന്നത് ടെന്റർരേഖകളിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുമായി യോജിക്കുന്നില്ലയെങ്കിൽ അടുത്ത കുറഞ്ഞ ടെന്റർ സ്വീകരിക്കാനും ആണ് ടെക്നിക്കൽകമ്മിറ്റി ശുപാർശചെയ്തത്.
എന്നാൽ ഇപ്രകാരം ടെന്റർ സമർപ്പിച്ച കമ്പനികളിൽ നിന്ന് സ്പഷ്ടീകരണം വാങ്ങിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. മാത്രമല്ല മെഷീനുകളുടെ ഒരിനം സംബന്ധിച്ചും മതിയായ വിശദാംശങ്ങൾ നല്കാത്ത ഏറ്റവും താഴ്ന്ന ടെന്ററായ സി.സി കുര്യൻ & കമ്പനിയിൽ നിന്ന് (ടെന്റർ പ്രകാരമുള്ള തുക -1311000/ ആയിരുന്നു.) നെഗോസിയേഷനുശേഷം 12,26,000/ രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത് എന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്.
സി.സി കുര്യൻ & കമ്പനിയുടെ 16-3-2018 ലെ ബിൽ പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്.
1.മഹിന്ദ്രാ 575 ഡിഐ 45 എച്ച്.പി ട്രാക്ടർ.
2.റൗണ്ട് ബേലർ
3.എസ്എൽഎക്സ് ഗൈറോവേറ്റർ(റോട്ടറി ടില്ലർ).
4.ഹെവി ഡ്യൂട്ടി Spr.ലോഡഡ് കൾട്ടിവേറ്റർ.
5.ഷ്രബ് മാസ്റ്റർ- റോട്ടറി സ്ലാഷർ.
നിലവിൽ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് കോഴയിലെ അഗ്രോ സർവ്വീസ് സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്.
ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായി സ്പെസിഫിക്കേഷൻ സംബന്ധിച്ച കൃത്യമായ ഉറപ്പുകളില്ലാതെ വിലയേറിയ ഉപകരണം വാങ്ങിയത് തെറ്റായ നടപടിയാണ്.കൃഷി സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് കാർഷികമേഖലയിൽ യന്ത്രവൽക്കരണം വേണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് പാടശേഖരസമിതി ആവശ്യപ്പെട്ടതായി കാണുന്നില്ല. കൂടാതെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017 /തസ്വഭവ,തീ.3.4.2017 ലെ ഖ.8-1ക്രമനം.7 ലെ നിർദേശമനുസരിച്ച് 90%മായി സബ്സിഡി നിജപ്പെടുത്തേണ്ടതും അനുബന്ധമായി പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നുംതന്നെ പാലിക്കാതെയാണ് ഉപകരണങ്ങൾ പാടശേഖരസമിതിക്ക് നല്കുന്നതിനായി വാങ്ങിയിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21-7-18 ലെ 15/13 നമ്പരായി നിയമാനുസൃത കരാർവച്ച് മെഷീനുകൾ പാടശേഖരസമിതിക്ക് കൈമാറുന്നതിനും, മെഷീനുകളുടെ ഉത്തരവാദിത്വം കൃഷി അസി.എക്സി.എൻജിനീയറിൽ നിക്ഷിപ്തമാക്കുന്നതിനും, കൃഷി അസി.എക്സി.എൻജിനീയറുമായുള്ള കരാറിലെ നിർദ്ദേശാനുസരണം മെഷീൻ കൈകാര്യം ചെയ്യുന്നവർ പ്രവർത്തിക്കേണ്ടതാണെന്നും തീരുമാനിച്ചതായി ഫയലുകളിൽ കാണുന്നു.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ, സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയും,

സ്പെസിഫിക്കേഷനുകൾ സംബന്ധിച്ച വ്യക്തതയില്ലാതെയും വാങ്ങി നിഷ്ക്രിയാവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്ന യന്ത്രങ്ങൾക്കായി നടത്തിയ 12,26,000/- രൂപയുടെ ആകെ ചെലവിൽ അനുവദനീയമായ സബ്സിഡി(90%) കിഴിച്ചുള്ള 1,22,600/- രൂപ (ആകെ ചെലവിന്റെ 10%) പാടശേഖരസമിതിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ബാക്കി തുക 11,03,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.21 & 53).

## 3-29 <u>പ്രോജക്റ്റ് നം.658/2018 - വൈക്കം ഡിവിഷനിൽ ചെമ്പ് പഞ്ചായത്തിലെ അരികുപുറം പാടശേഖരത്തിന് 20 എച്ച്.പി മോട്ടോർ,പെട്ടി പറ,3 ഫേസ് ലൈൻ വലിക്കൽ– നാളിതുവരെ പൂർത്തിയായില്ല.</u>

തനത് ഫണ്ട് 4,40,000/- രൂപ അടങ്കലിൽ ആദ്യം തയ്യാറാക്കി സ്പിൽഓവർ ആയി നടപ്പിലാക്കിയതാണ് ഈ പ്രോജക്റ്റ്. ടി പ്രോജക്റ്റ് പ്രകാരം മണ്ണാശ്ശേരിൽ ഫൗണ്ട്റി എന്ന സ്ഥാപനത്തിൽ നിന്ന് 20 HP മോട്ടോറും പറയും അനുബന്ധഉപകരണങ്ങളും 3 ലക്ഷം രൂപയ്ക്കും, (23-6-17ലെ 9-ാം നമ്പർ ബിൽ), കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 20HP മോട്ടോർ, പാനൽബോർഡ് അനുബന്ധഉപകരണങ്ങൾ എന്നിവ 1,39,750/- രൂപയ്ക്കും (24-6-17 ലെ M23/17-18നമ്പർ ഇൻവോയ്സ്)വാങ്ങിയിട്ടുണ്ട്.

യഥാക്രമം 8-8-2017, 7-2-2018 തീയതികളിലായി ഈ ഉപകരണങ്ങൾ പാടശേഖരസമിതി സെക്രട്ടറി ശ്രീ. ടി.ജി.പ്രകാശൻ, തട്ടാർശ്ശേരിൽ കൈപ്പറ്റിയിട്ടുമുണ്ട്.

3 ഫേസ് കറന്റ് കണക്ഷനുവേണ്ടി ലൈൻ വലിക്കുന്നതിന് 9-6-2017 ൽ 43700/-രൂപ കെ.എസ്.ഇ.ബി, അസി.എൻജിനീയർ, ചെമ്പ് ന്റെ എസ്റ്റിമേറ്റ് പ്രകാരം ഒടുക്കുകയും ചെയ്തു.(26-4-17ലെ ഡി.ഡി നം.954449). 3ഫേസ് ലൈൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം പ്രോജക്റ്റിനായി ആകെ 4,83,450/- രൂപ 2016-17, 2017-18 വർഷങ്ങളിലായി ചെലവഴിച്ച നടപടികൾ പൂർത്തീകരിച്ചുവെങ്കിലും പാനൽ ബോർഡിലേക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുന്നതിന് പാടശേഖരസമിതി ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇതുമൂലം പെട്ടി, പറ, മോട്ടോർ എന്നിവ നിലവിൽ നിഷ്ക്രിയാവസ്ഥയിൽ നിലനില്ക്കുന്നു. പാടശേഖരസമിതിയുടെ നിരുത്തരവാദസമീപനമാണ് ഇത്തരം അവസ്ഥയ്ക്ക് കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മതിയായ നടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ അടിയന്തിരമായി പ്രവർത്തിപ്പിക്കേണ്ടതാണ്. ആവശ്യാധിഷ്ഠിതമായി പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കാത്തതാണ് ഇത്തരം അവസ്ഥയിലേക്ക് നയിച്ചത്. പ്രോജക്റ്റിനായി 2017-18 ൽ നടത്തിയ ചെലവ് 4,39,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-30 <u>വാലാച്ചിറ സീഡ് ഫാം - തൊഴിലാളികൾക്ക് വിശ്രമകേന്ദ്രം.പ്രവൃത്തിനിർവഹണത്തിലെ അപാകതകൾ.</u>

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ) നിർവ്വഹണോദ്യോഗസ്ഥനായ സ്റ്റേറ്റ് സീഡ് ഫാം വാലാച്ചിറ-തൊഴിലാളികൾക്ക് വിശ്രമ കേന്ദ്രം നവീകരണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 636/18 |
| അടങ്കൽ | 2,50,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 2,46,512/- രൂപ |
| നിർവ്വഹണ രീതി | ഗുണഭോക്തൃസമിതി മുഖേന (കൺവീനർ ശ്രീ.സെബാസ്റ്റ്യൻ.കെ.കെ) |
| ചെക്കിന്റെ വിശദാംശങ്ങൾ | ടി.എസ്.ബി ചെക്ക് നം-2765990 ; തീയതി 30-08-17 ; തുക- 246512/- രൂപ |
| സാങ്കേതിക അനുമതി നമ്പർ | KTM/2016-17/2016/483 തീയതി 28-01-17 |
| എഗ്രിമെന്റ് നമ്പർ | 27/16-17 തീയതി 15.03.18 |

| | |
|---|---|
| എസ്റ്റിമേറ്റ് നമ്പർ | 2016/483 |
| എം.ബുക്ക് നമ്പർ | 24/16-17 |

പ്രോജക്റ്റിന്റെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | എം-ബുക്ക് വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | providing and fixing kitchen sink with C I brackets C P brass chain with rubber plug 40 mm C P brass<br>waste complete, including painting the fittings and brackets, cutting and making good the walls whereever required while glazed fire clay kitchen sink of size 600*450*250 mm. | ഐറ്റം നം 20<br>(എം.ബുക്ക് 24/16-17<br>പേജ് 50) | 3582.56 രൂപ<br>(എം.ബുക്ക് 24/16-17<br>പേജ് 77) |
| 2 | providing and fixing pvc pipes, fittings including fixing the pipe with clamps at 1.00m spacing. This including jointing of pipes and fittings with one step pvc solvent cement and testing of joints complete as per direction of engineer-in-charge 25mm dia 10kg f/sqcm- inerenal work-exposed on wall (10 meter) | ഐറ്റം നം 21<br>(എം.ബുക്ക് 24/16-17<br>പേജ് 53) | 1930.20 രൂപ<br>(193.20/ മീറ്റർ)<br>(എം.ബുക്ക് 24/16-17<br>പേജ് 78) |
| 3 | supplying and fitting pvc tap 15mm dia (2 numbers) | ഐറ്റം നം 22<br>(എം.ബുക്ക് 24/16-17<br>പേജ് 54) | 239.32 രൂപ<br>(119.66/ നമ്പർ)<br>(എം.ബുക്ക് 24/16-17<br>പേജ് 79) |
| ആകെ | | | 5752.08 രൂപ |

എന്നാൽ 17/12/18 തീയതി നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ലെന്ന് കാണപ്പെട്ടു. നിർവ്വഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ലയെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിസംബന്ധിച്ച വിശദമായ മറുപടിയും, ഒന്നാം ഇനം പ്രവൃത്തിയായ സിങ്ക് സ്ഥാപിക്കുന്നതിന് നല്കിയ തുക 3583/- രൂപ തിരികെ ഒടുക്കിയതിന്റെ രസീതും ഹാജരാക്കി. കൂടാതെ സിങ്കിന് പകരം വാഷ്ബെസിനാണ് സ്ഥാപിച്ചതെന്നും പ്രവൃത്തി നടത്തിയത് ഫാം സൂപ്രണ്ടിന്റെ ക്വാർട്ടേഴ്സിലാണെന്നും മറുപടിയിൽ പറയുന്നു. സിങ്കിന് പകരം വാഷ്ബേസിൻ സ്ഥാപിച്ചതൊഴിച്ചാൽ മറ്റുപ്രവൃത്തികൾ ചെയ്തിട്ടുള്ളതിനാലും ഇപ്രകാരം മാറ്റം വരുത്തിയത് മതിയായ കാരണത്താലാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഇപ്രകാരമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## **3-31** <u>സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല</u>

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (കൃഷി)
2017-18 വർഷം സ്പിൽ ഓവറായ താഴെപറയുന്ന പദ്ധതികൾ നടപ്പാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. | അടങ്കൽ |
|---|---|---|
| 1 | 638/18 ജില്ലാ കൃഷിത്തോട്ടം കോഴ പിക് അപ് വാൻ വാങ്ങൽ | 122319 |
| 2 | 640/18 വെള്ളൂർ ഡിവിഷനിലെ വെള്ളൂർ പഞ്ചായത്തിലെ വടകര പാടശേഖരത്തിൽ അടിസ്ഥാന വികസനം | 400000 |
| 3 | 641/18 കുറിച്ചി ഡിവിഷനിലെ കുറിച്ചി പഞ്ചായത്ത് ഇളങ്കാവ് ചാലടി പാടശേഖരത്തിന്റെ അടിസ്ഥാന വികസനം | 200000 |
| 4 | 643/18 കസ്റ്റം ഹയറിംഗ് സെന്റർ കോഴ അടിസ്ഥാന വികസനം | 100000 |
| 5 | 644/18 ജില്ലാ കൃഷിത്തോട്ടം കോഴ പോളിഹൗസ് മെയിന്റൻസ് | 600000 |
| 6 | 645/18 ജില്ലാ കൃഷിത്തോട്ടം കോഴ ഗ്രീൻ ഹൗസ് മെയിന്റൻസ് | 600000 |
| 7 | 649/18 തൃക്കൊടിത്താനം ഡിവിഷനിൽ വാഴപ്പള്ളി പഞ്ചായത്തിൽ 21-ാം വാർഡിൽ ഒഡേറ്റി വടക്കേബണ്ട്കെട്ട് | 1000000 |
| 8 | 651/18 തലയാഴം ഡിവിഷനിൽ കല്ലറ മുണ്ടാർ പുലയ കോളനി പുറം ബണ്ട് നിർമ്മാണം | 1000000 |
| 9 | 655/18 സ്റ്റേറ്റ് സീഡ് ഫാം വാലാച്ചിറയിൽ അടിസ്ഥാന സൗകര്യ വികസനം | 3750000 |
| 10 | 661/18 വെള്ളൂർ ഡിവിഷനിൽ മുളക്കുളം പഞ്ചായത്തിൽ ഇടയാറ്റ് പാടശേഖരത്തിന് അടിസ്ഥാന സൗകര്യ വികസനം | 800000 |

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ, കരാറുകാരുടെ വിവരം, കരാർ, EMD, SD, നടപ്പിലാക്കാത്തതിന്റെ കാരണം തുടങ്ങിയവ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. കരാർ ലംഘനത്തിന് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതിന് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്പിൽ ഓവറായ പ്രോജക്ടുകൾ സ്പിൽഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ നടപ്പാക്കാത്തതു വഴി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുക പാഴായിപോകുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ വിഷയത്തിൽ ഇടപെടലുകൾ നടത്തേണ്ടതും ജില്ലാപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന തുക ലാപ്സ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-32 പാലിക്കുന്നേൽ തുരുത്തേൽ തോട് ആഴം കൂട്ടലും വരമ്പ് ബലപ്പെടുത്തലും- ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരിഗണിച്ചില്ല

പ്രോജക്ട് നം. -1085/18
നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ എഞ്ചിനീയർ

കാണക്കാരി പഞ്ചായത്ത് 13-ാം വാർഡ് പാലിക്കുന്നേൽ തുരുത്തേൽ തോട് ആഴം കൂട്ടുന്നതിനും വരമ്പ് ബലപ്പെടുത്തലിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം എർത്ത് വർക്ക് ഇൻ സർഫസ് എസ്കവേഷൻ ആണ്. 44.12% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ചതുരശ്രമീറ്ററിന് 69.12രൂപയാണ് ഈ ഇനം നിർവ്വഹിക്കുന്നതിനുള്ള നിരക്ക്. മേൽ പ്രവൃത്തിയിൽ 5000 ചതുരശ്രമീറ്റർ സർഫസ് എസ്കവേഷൻ നടത്തിയതിന് 69.12രൂപ നിരക്കിൽ 345600/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സമാന പ്രോജക്ടുകൾ ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത്

നടപ്പാക്കുന്നുണ്ട്. ഇതേ ഇനം സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തി ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന നിരക്ക് ചതുരശ്രമീറ്ററിന് 35.77 രൂപയാണ്(ഐറ്റം 2.1.1 സെക്യുയർ സോഫ്റ്റ്‌വെയർ). കാർഷികമേഖല പ്രോജക്ടുകൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിലെ വികസന മേഖലകൾക്കുള്ള പ്രധാന നിബന്ധനകളിൽ വ്യക്തമാക്കുന്നുണ്ട്. ഇതു പരിഗണിക്കാതെ പ്രോജക്ട് തയ്യാറാക്കിയതിനാൽ ഇരട്ടിയോളം തുക ടി ഇനം നിർവ്വഹിക്കുന്നതിൽ ചെലവഴിക്കുകയുണ്ടായി. പ്രസ്തുത നടപടി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പദ്ധതി പണം ചെലവഴിക്കുന്നതിൽ മിതത്വം പാലിക്കുവാനും പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ടുകൾ നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്..

## 3-33 നെൽകൃഷിചെയ്യുന്ന പട്ടികജാതി കർഷകർക്ക് കൂലിച്ചെലവ് - ഗുണഭോക്താക്കളുടെ എണ്ണത്തിൽ അവ്യക്തത

പ്രോജക്ട് നം - 899/18

ചെലവ് - 7,09,000 രൂപ (വികസന ഫണ്ട് (എസ്.സി.പി))

നിർവ്വഹണോദ്യോഗസ്ഥ – കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ധന)

പ്രോജക്ട് പ്രകാരം തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിലെ 55 നെൽകർഷകർക്കും, കല്ലറ ഗ്രാമപഞ്ചായത്തിലെ 159 കർഷകർക്കും കൂലിച്ചെലവ് നൽകിയിട്ടുണ്ട്. കല്ലറ ഗ്രാമപഞ്ചായത്തിലെ 159 കർഷകർക്ക് 3 ലക്ഷം രൂപ സബ്സിഡി നൽകിയതായി കല്ലറ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രത്തിൽ 154 ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ സബ്സിഡി നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കല്ലറ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എണ്ണത്തിലെ അവ്യക്തത പരിഹരിക്കേണ്ടതാണ്. അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിനായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-34 ജൈവകൃഷി എക്കോഷോപ്പുകളുടെ തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കർഷകഗ്രൂപ്പുകൾക്ക് ജൈവകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംവിധാനം ഒരുക്കുന്നതിനായി 24,35,274/- രൂപ ചെലവിൽ "ജൈവകൃഷി എക്കോഷോപ്പുകൾ", "ആയുസ്സിനും ആരോഗ്യത്തിനും ജൈവകൃഷി " എന്നീ രണ്ടു പ്രോജക്ടുകൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ 2017-18 ൽ നിർവ്വഹണം നടത്തി.

കോട്ടയം ജില്ലയിലെ 40 കർഷകഗ്രൂപ്പുകൾക്ക് പരമാവധി 1,00,000/- രൂപ വരെ ഈ പ്രോജക്ടിലൂടെ ധനസഹായം അനുവദിച്ചിട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യമൊരുക്കൽ, ഫർണ്ണിച്ചറുകൾ, റാക്കുകൾ, വേയിംഗ് ബാലൻസുകൾ, ഫ്രിഡ്ജ്, അക്കൗണ്ടിംഗ് സംവിധാനം എന്നീ മേഖലകളിലായാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹനത്തിനായി വളരെ ഫലപ്രദമായി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത് പ്രശംസനീയമാണ്. പ്രോജക്ട് നിർവ്വഹണത്തിലും തുടർനിരീക്ഷണത്തിലും ചുവടെ ചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1. ത്രിതല പഞ്ചായത്തുകളും വിപണനസംവിധാനങ്ങൾക്കായി സബ്സിഡി അനുവദിച്ചു വരുന്നുണ്ട്. ആകയാൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ആനുകൂല്യങ്ങൾ ആവർത്തിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. നിലവിൽ ഗ്രാമ പഞ്ചായത്തുകളിലെ കൃഷി ഭവൻ വഴി സബ്സിഡി അനുവദിച്ചിട്ടില്ലെന്നു മാത്രമേ ഉറപ്പാക്കിയിട്ടുള്ളൂ. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ വഴിയുള്ള സബ്സിഡി വിതരണത്തിന്റെ കൃത്യതയും ഉറപ്പാക്കേണ്ടതാണ്.

2. എക്കോഷോപ്പുകൾ സബ്സിഡി ഫലപ്രദമായി ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച റിപ്പോർട്ട് 40 എക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതും മോണിട്ടറിംഗ് കർശനമായി നടപ്പാക്കേണ്ടതുമാണ്.

13/12/2018-ൽ നിറവ് പച്ചക്കറി ഉൽപ്പാദക സംഘം മണർകാട്, സുലഭ എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ തിരുവഞ്ചൂർ, ഹരിത എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ അയർക്കുന്നം എന്നീ എക്കോഷോപ്പുകളിൽ പ്രാദേശിക പരിശോധന നടത്തി. മൂന്ന് എക്കോഷോപ്പുകളിലും ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ കൂടി

പൂർത്തീകരിക്കാനുണ്ട്.

1. നിറവ് പച്ചക്കറി ഉൽപ്പാദക സംഘം മണർകാടിന് ലഭ്യമായ ഇലക്ട്രോണിക് വെയിംഗ് മെഷീൻ ( 30 കി.ഗ്രാം കപ്പാസിറ്റി, ചെലവ് 6608/- രൂപ, ഇൻവോയ്സ് നം - 127/23/02/18) സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാത്തതിനാൽ നാളിതുവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

2. സുലഭ എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ തിരുവഞ്ചൂരിന് 97,500/- രൂപ സബ്സിഡി അനുവദിച്ചു. ആയതിൽ 25,000/- രൂപയ്ക്ക് 255 ലിറ്റർ കപ്പാസിറ്റിയുള്ള ഫ്രിഡ്ജ് ( എൽ.ജി , ഇൻവോയ്സ് നം - INV48-652695/06.03.18 ) വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

3. ഹരിത എ ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്റർ അയർക്കുന്നത്തിന് 89,300/- രൂപ സബ്സിഡി അനുവദിച്ചു. എക്കോഷോപ്പിന്റെ മൂല്യവർദ്ധിത യൂണിറ്റിനുവേണ്ടി 11000/- രൂപയ്ക്ക് സ്റ്റീൽ ബേക്കിംഗ് ടേബിൾ പുതുമന ഏജൻസീസ് അയർക്കുന്നത്തിൽ നിന്നു വാങ്ങിയതിന്റെ ചെലവ് വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും ( ഇൻവോയ്സ് 73 /12-03-18) പ്രസ്തുത ടേബിൾ നാളിതുവരെ ലഭ്യമായില്ല.

മേല്പറഞ്ഞ കാര്യങ്ങൾ നിരീക്ഷണവിധേയമാക്കേണ്ടതും ഉപകരണങ്ങളുടെ ലഭ്യത, ഉപയോഗം എന്നിവ ഉറപ്പുവരുത്തേണ്ടതുമാണ്.

എല്ലാ എക്കോഷോപ്പുകളിലെയും തുടർപ്രവർത്തനങ്ങൾ കർശനമായി നിരീക്ഷിക്കേണ്ടതും, സബ്സിഡി നിശ്ചയിച്ച പ്രവൃത്തികൾക്ക് തന്നെ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-35 അംഗപരിമിതർക്ക് മുച്ചക്ര വാഹനം-രേഖകൾ അപൂർണ്ണം

തൻവർഷം സാമൂഹ്യനീതി ഓഫീസർ മുഖേന അംഗപരിമിതർക്ക് മുച്ചക്ര വാഹനവിതരണത്തിനായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവ്,ഫണ്ട് | വിതരണം ചെയ്ത സ്ഥാപനം | ആകെ ഗുണഭോക്താക്കൾ | ബിൽ നമ്പർ,തീയതി | ഒരു സ്കൂട്ടറിന്റെ വില |
|---|---|---|---|---|---|
| 813/18 | 4795200 (വികസന ഫണ്ട്) | പുളിമൂട്ടിൽ ഏജൻസീസ് കോട്ടയം | 74 | 3/17-18 ,15.2.18 തുക 2916000<br>4/17-18 ,128.2.18 തുക 1296000<br>5/17-18 ,23.3.18 തുക 583200 | 64800 (64800x74) |
| 898/18 | 3234000 (വികസന ഫണ്ട്) | ടോപ്പ് ഗിയർ ഹീറോ, തൊടുപുഴ | 49 | 9/17-18 ,31.3.18 തുക 3234000 | 66000 (66000x49) |

പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ 813/18 ൽ ആകെ 74 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ 52 ഗുണഭോക്താക്കൾ സ്കൂട്ടറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് രേഖകൾ എന്നിവ ലഭ്യമായില്ല.

2) പ്രോജക്ട് നമ്പർ 898/18 ൽ ആകെ 49പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ 37 ഗുണഭോക്താക്കളുടെ അപേക്ഷകൾ ,ലൈസൻസ് രേഖകൾ, സ്കൂട്ടറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് രേഖകൾ എന്നിവ ലഭ്യമായില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിച്ചശേഷം വിവരം ലഭ്യമാക്കാമെന്ന് മറുപടി ലഭ്യമായി. അപാകത പരിഹരിക്കുന്നതുവരെ 80,29,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-36** വാട്ടർ പ്യൂരിഫയർ വാങ്ങൽ–അവശ്യാധിഷ്ഠിതമല്ലാത്ത ചെലവ്

പ്രോജക്ട് നമ്പർ-24/18

ചെലവ് – 64000/-

ബിൽ നമ്പർ 1/17-18 ,31.3.18

നിർവ്വഹണോദ്യോഗസ്ഥൻ -പ്രോജക്ട് ഓഫീസർ, ITDP

ഏറ്റുമാന്നൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുരിക്കുംവയൽ പ്രീമെട്രിക് ഹോസ്റ്റൽ, കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്കായി ആകെ 8 വാട്ടർ പ്യൂരിഫയറുകൾ വാങ്ങി നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മടിയത്ത് സ്റ്റീൽസ് ആന്റ് ഏജൻസി പൊൻകുന്നം എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ പ്യൂരിഫയർ വാങ്ങിയത് (എണ്ണായിരം രൂപ നിരക്കിൽ). 17.12.18 ന് ഏറ്റുമാന്നൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പരിശോധന നടത്തുകയുണ്ടായി. സ്ഥാപനത്തിന് ആകെ 6 വാട്ടർ പ്യൂരിഫയറുകളാണ് നൽകിയത്. അതിൽ 3 എണ്ണം ഉപയോഗക്ഷമമല്ല. ആയത് നന്നാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. സ്റ്റാഫ് റൂമിന് സമീപവും ഹോസ്റ്റലിന്റെ എൻട്രൻസിലും സ്ഥാപിച്ചിരിക്കുന്ന വാട്ടർ പ്യൂരിഫയറുകൾ പ്രവർത്തനക്ഷമമാണെങ്കിലും ഉപയോഗിക്കാതെ പൊടിപിടിച്ച നിലയിലാണ്. അവശ്യാധിഷ്ഠിതമല്ലാതെയാണ് വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തതെന്ന് വ്യക്തമാണ്. ഒരുവർഷത്തെ വാറന്റിയാണ് സ്ഥാപനം ഉറപ്പ് നൽകിയത്. എന്നാൽ ടി കാലയളവിൽ ഉപകരണം സ്ഥാപിച്ചു എന്നല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല. പിന്നീട് അപാകതയുണ്ടായാൽ മെയിന്റനൻസിന്റെ ബാദ്ധ്യത ആരും ഏറ്റെടുക്കാതെ വാട്ടർ പ്യൂരിഫയറുകൾ നശിച്ച് പോകാൻ സാദ്ധ്യതയുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം മോണിട്ടർ ചെയ്യപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കി. വാട്ടർ പ്യൂരിഫയറുകളുടെ നിലവിലെ അവസ്ഥ മോണിട്ടർ ചെയ്ത് അപാകതകൾ പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-37** ലൈഫ് മിഷൻ പദ്ധതി ഫണ്ട് തുക കൈമാറൽ വിനിയോഗത്തിൽ അവ്യക്തത

കോട്ടയം ജില്ലാപഞ്ചായത്ത് 2017-18 വർഷം പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണം കോട്ടയം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ പ്രോജക്ട് നിർവ്വഹണത്തിനായി വിവിധ ഗ്രാമ, ബ്ലോക്ക്പഞ്ചായത്തുകൾക്ക് കൈമാറിനൽകുന്നതിനായി ചുവടെ ചേർക്കും പ്രകാരം ഫണ്ട് വകയിരുത്തിയിരുന്നു.

പ്രോജക്ട് നം.1118 /2018 രൂ 20658298 (പൊതു വിഭാഗം )

പ്രോജക്ട് നം.1130/2018 രൂ 31020956 (പട്ടിക ജാതി വിഭാഗം )

ഭരണാനുമതി - ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 13.12.2017 ലെ I(15 )ാം നം തീരുമാനം.

ഡി.പി.സി. അംഗീകാരം 24/10/17 ലെ 490/2017/ DPC/DPO/KTM.

ഫണ്ട് പിൻവലിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം. തിയതി തുക

1 . 27.01.2018 20658298

4. 14.02.2018 6538732

5. 14.02.2018 22604813

6. 14.02.2018 1877411

തുക പിൻവലിച്ച് പ്രോജക്ട് ഡയറക്ടറുടെ 708011400000005 അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തശേഷം വിവിധ ഗ്രാമ, ബ്ലോക്ക്പഞ്ചായത്തുകളുടെ അക്കൗണ്ടുകളിലേക്ക് നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | ആകെ നല്കിയ തുക | അക്കൗണ്ട് നം. |
|---|---|---|---|
| 1 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | 1500000 | 708011400000017 |
| 2 | വൈക്കം ബ്ലോക്ക് | 4638800 | 799011400003713 |
| 3 | ഈരാറ്റുപേട്ട ബ്ലോക്ക് | 11415848 | 799011400003758 |

| | | | |
|---|---|---|---|
| 4 | കടുത്തുരുത്തി ബ്ലോക്ക് | 3565828 | 799011400003005 |
| 5 | ഉഴവൂർ ബ്ലോക്ക് | 7235374 | 79021400000003 |
| 6 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് | 6896009 | 799011400003880 |
| 7 | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | 685000 | 799011400001364 |
| 8 | മുളക്കുളം ഗ്രാമപഞ്ചായത്ത് | 1030000 | 799011400002468 |
| 9 | വെള്ളൂർ ഗ്രാമപഞ്ചായത്ത് | 1382333 | 799011400001218 |
| 10 | കാണക്കാരി ഗ്രാമപഞ്ചായത്ത് | 219562 | 799011400000070 |
| 11 | കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് | 740533 | 799011400001604 |
| 12 | ഐമനം ഗ്രാമപഞ്ചായത്ത് | 7548200 | |
| 13 | ചെമ്പ് ഗ്രാമപഞ്ചായത്ത് | 1089141 | 799011400001604 |
| 14 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | 729306 | 799011400001263 |
| 15 | മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് | 1178320 | 799011400000805 |
| 16 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് | 1460000 | 79041400000013 |
| 17 | കിടങ്ങൂർ ഗ്രാമപഞ്ചായത്ത് | 365000 | 799011400001068 |
| ആകെ | | 5,16,79,254 | |

എന്നാൽ ഗ്രാമ, ബ്ലോക്ക്പഞ്ചായത്തുകൾ ഫണ്ട് കൈപ്പറ്റിയതിന്റെയൊ, പൂർണ്ണമായ വിനിയോഗത്തിന്റെയൊ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല (ഭാഗികമായ വിനിയോഗവിവരം ഫയലിൽ കാണുന്നു). വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ എത്ര ഗുണഭോക്താക്കൾക്കായാണ് തുക ആവശ്യപ്പെട്ടത്, ആവശ്യപ്പെട്ട തുക മുഴുവൻ കൈമാറിയോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടിയായി വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും സമാഹരിച്ച് നൽകുന്നതാണന്ന് മറുപടി നൽകി. വിശദാംശങ്ങളുടെ അഭാവത്തിൽ 5,16,79,254/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## **3-38** മെച്ചപ്പെട്ട വിദ്യാഭ്യസം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – ജില്ലാ പട്ടികജാതി വികസനഓഫീസർ

പ്രോജക്ട് നം. 21/18

അടങ്കൽ -250000(വികസന ഫണ്ട്)

ചെലവ് -249831

ബിൽ നം.1/17-18 215431 തീയതി 27.2.18

3/17-18 34400 തീയതി 24.3.18

ഉയർന്ന മാർക്കോടുകൂടി നാലാം ക്ലാസ്സ് പാസ്സാകുന്ന സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്കൂളിൽ 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കാനുദ്ദേശിച്ചുള്ളതാണ് ഈ പ്രോജക്ട്. മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിലും, രാമപുരം എസ്.എച്ച്.ജി.എച്ച്.എസിലുമാണ് ഈ പ്രോജക്ടിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനസൗകര്യമൊരുക്കിയത്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മുത്തോലി സെന്റ് ആന്റണീസ്, രാമപുരം എസ്.എച്ച്.ജി.എച്ച്.എസ് എന്നീ രണ്ടു ബോർഡിംഗ് സ്കൂളുകളെ മാത്രം തെരഞ്ഞെടുക്കാനുള്ള സാഹചര്യം വ്യക്തമല്ല.

2) ജില്ലയിലെ ഏതാനും ചില ബ്ലോക്കുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് ഈ പ്രോജക്ടിലുൾപ്പെടുത്തി പഠനത്തിന് സഹായം ലഭിച്ചത്. ജില്ലയിലെ എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള അർഹരായ കുട്ടികൾക്ക് ഈ പ്രോജക്ടിനെക്കുറിച്ച് അറിയുവാനവസരമുണ്ടായോ എന്നുറപ്പാക്കിയിട്ടില്ല.

3)കുട്ടികളെ തെരഞ്ഞെടുക്കുവാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല.

4)രണ്ട് ബോർഡിംഗ് സ്കൂളുകളുമായി കരാറിലേർപ്പെട്ടില്ല. ബോർഡിംഗ് ചാർജ്, ഫീസ്, മറ്റിനം ചെലവുകൾ ഇവയിൽ ഏതെല്ലാം നൽകണമെന്ന് കരാറിൽ വ്യവസ്ഥചെയ്യുന്ന നിർദ്ദേശങ്ങൾ പ്രോജക്ടിലുൾപ്പെടുത്തിയിട്ടില്ല.

5)സംസ്ഥാനാവിഷ്കൃത പദ്ധതിഫണ്ട് ഉൾപ്പെടെയുള്ള ഇതരഫണ്ടുകൾ ഇതേ ആവശ്യത്തിനായി ലഭ്യമായിട്ടുണ്ടോ എന്നു വ്യക്തമല്ല.
6)മറ്റ് സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഈ പ്രോജക്ടിലുൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യം നൽകിയിട്ടില്ല.
7)ധനസഹായം ലഭിച്ച കുട്ടികളുടെ പഠനനിലവാരം യഥാസമയം വിലയിരുത്തിയതിന്റെ രേഖകളില്ല.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകൾ ചില കേന്ദ്രങ്ങളിലെ സ്കൂളുകളിൽ മാത്രമായി ഒതുക്കിയതുമൂലം സാമൂഹ്യനീതി ഉറപ്പാക്കുവാനായി എന്നു കരുതുവാനാവില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. സമൂഹത്തിലെ ദുർബല വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യമിട്ട് പ്രോജക്ട് നിർവ്വഹിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-39 വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

1)മിഷൻ 20-20, പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 295/18 |
| പ്രോജക്ട് പേര് | മിഷൻ 2020 (ജനറൽ) |
| അടങ്കൽ | 15ലക്ഷം |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 1465200 |
| ബിൽ നമ്പർ | 4/17-18/ 6.1.18 |

പ്രോജക്ട് വിശകലനം (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നമ്പർ | 293/18 |
| പ്രോജക്ട് പേര് | മിഷൻ 2020 (എസ്.സി.പി.) |
| അടങ്കൽ | 5ലക്ഷം |
| ഫണ്ടിനം | എസ്.സി.പി. |
| ചെലവ് | 499500 |
| ബിൽ നമ്പർ | 3/17-18/ 6.01.18 |

മിഷൻ 2020 ജനറൽ പ്രോജക്ട് പ്രകാരം പത്താംക്ലാസ്സ് തുല്യതാ കോഴ്സിന് ചേർന്ന 792 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ (ഒരാളുടെ ഫീസ് ഇനത്തിൽ 1850 രൂപ വീതം) 14,65,200/- രൂപയും, 293/18 മിഷൻ 2020 എസ്.സി.പി പ്രോജക്ട് പ്രകാരം 270 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ 4,99,500 രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് ഒടുക്കിയ പഠിതാക്കളുടെ ഹാജർ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) കോഴ്സ് നടത്തിയ സെന്ററുകളുടെ വിവരം, കോഴ്സ് കാലയളവ് തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല.

3) ആകെ കോഴ്സ് ഫീസ്, പഠിതാക്കളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

4) പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് ഒടുക്കിയ പഠിതാക്കൾ തുല്യതാ പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) എസ്.സി.പി. പ്രോജക്ട് പ്രകാരം കോഴ്സ് ഫീസ് അടച്ച പഠിതാക്കൾ ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) ഗുരുകുലം പദ്ധതി-രേഖകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 814/18 |
| പ്രോജക്ട് പേര് | ഗുരുകുലം |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണ |
| ചെലവ് | 263450 |
| ബിൽ നമ്പർ | 2/17-18/ 23.9.17 |

വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, ബോധവൽക്കരണ ക്ലാസുകൾ നൽകൽ തുടങ്ങി വിവിധ മേഖലകളിലെ വികസനം പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2014 മുതൽ നടപ്പാക്കി വരുന്ന പ്രോജക്ടാണിത്. 2000 ഗുരുകുലം ഹാൻഡ് ബുക്കുകളും 7500 ഗുരുകുലം സ്കൂൾ ഡയറികളും അച്ചടിച്ചതിന്റെ തുകയായ 1,53,450/- രൂപ തൻവർഷം Kerala State centre for advanced printing and training, Pala എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അതോടൊപ്പം വിവിധ സ്കൂളുകളിൽ കൗൺസിലിംഗ് നടത്തിയതിന് ഓണറേറിയം ഇനത്തിൽ 1,10,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗുരുകുലം സ്കൂൾ ഡയറികളും ഗുരുകുലം ഹാൻഡ് ബുക്കുകളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല.

3)വിവിധ സർക്കാർ സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ-അവശ്യാധിഷ്ഠിതമല്ലാത്ത ചെലവ്

പ്രോജക്ട് നമ്പർ – 903/18

ചെലവ് – 5,79,258/-

ബിൽ നമ്പർ 9/17-18 , 31.3.18

ജില്ലയിലെ 52 സർക്കാർ സ്കൂളുകളിലേക്കായി 100 വാട്ടർ പ്യൂരിഫയർ വാങ്ങി നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Delight filtration Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ പ്യൂരിഫയർ വാങ്ങിയത് ( 4231 + GST). ശ്രീബാലാജി കമ്പ്യൂട്ടേഴ്സ് ചിന്നക്കട എന്ന സ്ഥാപനം 80,000/- രൂപയ്ക്ക് 100 വാട്ടർ പ്യൂരിഫയറുകളും സ്ഥാപിച്ചു. 17.12.18 ന് ആറ് സ്കൂളുകളിൽ പരിശോധന നടത്തുകയുണ്ടായി. ആയതിൽ ചെങ്ങളം, കുടമാളൂർ, കാണക്കാരി എന്നിവടങ്ങളിലെ സർക്കാർ സ്കൂളുകളിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ പ്യൂരിഫയർ പ്രവർത്തിപ്പിക്കുന്നുണ്ട്. എന്നാൽ കുറിച്ചി ഗവ.ഹൈസ്കൂൾ, കുമരകം ഗവ.ഹൈസ്കൂൾ, എസ്.കെ.വി.എം. ഗവ.സ്കൂൾ നീണ്ടൂർ എന്നിവടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പ്യൂരിഫയറുകൾ പ്രവർത്തിപ്പിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. അവശ്യാധിഷ്ഠിതമല്ലാതെയാണ് വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തതെന്ന് വ്യക്തമാണ്. ഒരുവർഷത്തെ വാറന്റിയാണ് സ്ഥാപനം ഉറപ്പ് നൽകിയത്. എന്നാൽ ടി കാലയളവിൽ ഉപകരണം സ്ഥാപിച്ച എന്നല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല. പിന്നീട് അപാകതയുണ്ടായാൽ മെയിന്റനൻസിന്റെ ബാദ്ധ്യത ആരും ഏറ്റെടുക്കാതെ വാട്ടർ പ്യൂരിഫയറുകൾ നശിച്ച് പോകാൻ സാദ്ധ്യതയുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണം മോണിട്ടർ ചെയ്യപ്പെട്ടിട്ടില്ല. 52 സ്കൂളുകളിലെയും വാട്ടർ പ്യൂരിഫയറിന്റെ നിലവിലെ അവസ്ഥ മോണിട്ടർ ചെയ്ത് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. അതിനാൽ ആകെ ചെലവഴിച്ച 21,18,150/- രൂപയുടെ ചെലവ് (1465200+499500+153450) തടസ്സപ്പെടുത്തുന്നു. ക്രമനമ്പർ 3 ൽ പരാമർശിക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

4)അധിക പഠന സമയത്തിലൂടെ വിജയശതമാനം ഉയർത്തുക-ഹയർസെക്കണ്ടറി തലം അവഗണിക്കപ്പെട്ടു-ചെലവ് രേഖകൾ ആധികാരികമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥ -ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം

പ്രോജക്ട് നം. 1016/18(പദ്ധതിവിഹിതം)

അടങ്കൽ -1,00,00,000/- രൂപ

ചെലവ് - 45,72,796/- രൂപ

ജില്ലയിലെ സർക്കാർ/എയ്ഡഡ് മേഖലയിലുള്ള 230 സ്കൂളുകളിലെ 10-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് അധിക ക്ലാസുകൾ നൽകി വിജയശതമാനം ഉയർത്തുക എന്നതായിരുന്ന പ്രോജക്ട് ലക്ഷ്യം. ഏകദേശം 20000 വിദ്യാർത്ഥികൾക്ക് 25 ദിവസം അധിക പഠനം നൽകുന്ന ദിവസങ്ങളിൽ ലഘുഭക്ഷണത്തിന് 20/- രൂപ നിരക്കിൽ നൽകുന്നതിനുള്ള ചെലവിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത ഉപപ്രോജക്ടിന് വേണ്ടി 4572796--രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇതിൽ 19/-രൂപ നിരക്കിൽ വിവിധ സ്കൂളുകളിൽ ലഘുഭക്ഷണം നൽകിയ ഇനത്തിലുള്ള ചെലവും ബാക്കി മറ്റിനങ്ങളിലുള്ള ചെലവുമാണ്.)പ്രസ്തുത പ്രോജക്ട് ഏകദേശം ലക്ഷ്യമിട്ട വിധം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വിവിധ സ്കൂളുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഉപ വൗച്ചറുകളുടെ എണ്ണം വളരെ കൂടുതലാകയാൽ ഇവയുടെ ആധികാരികത പരിശോധിച്ചുറപ്പ് വരുത്താതെ തന്നെ തുക നൽകേണ്ടി വരുന്ന സാഹചര്യം ന്യൂനതയായി കാണുന്നു. സ്കൂളുകളിൽ നിന്നും തുക പണമായി ചെലവഴിച്ചതായുള്ള രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. എല്ലാ സ്കൂളുകളിലും പി.റ്റി.എ ഫണ്ട് രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ പ്രോജക്ട് പ്രകാരം അനുവദിച്ച തുക പ്രസ്തുത ഫണ്ടിലേയ്ക്ക് തിരികെ മുതൽ കൂട്ടിയതിന്റ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പി.റ്റി.എ ഫണ്ടിൽ കൂടിയ തുക അവശേഷിക്കുന്ന സ്കൂളുകളിൽ സ്വന്തം നിലയിൽ ഫണ്ട് കണ്ടെത്താൻ സാധിക്കുന്നതിനാൽ സ്കൂളുകൾക്കുള്ള വിഹിതം അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം ഇത് കൂടി പരിഗണിച്ച് പുതുക്കി നിശ്ചയിക്കുന്നതിനുള്ള സാഹചര്യം മേലിൽ പരിഗണിക്കാവുന്നതുമാണ്. മാത്രമല്ല ഇപ്രകാരമുള്ള പ്രോജക്ടുകൾ കൂടുതൽ പ്രാധാന്യത്തോടെ ഏർപ്പെടുത്തേണ്ട ഹയർ സെക്കണ്ടറി തലത്തിൽ ഇത് വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

5)യോഗാപരിശീലനത്തിന് മാറ്റ് വാങ്ങൽ-പ്രോജക്ട് ലക്ഷ്യമിട്ടവിധം നടപ്പിലാക്കിയില്ല - നേട്ടം വിലയിരുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ – ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം

പ്രോജക്ട് നം.1036/18

അടങ്കൽ-10,00,000/-രൂപ (തനതുഫണ്ട്)

ചെലവ്--8,71,000/- രൂപ

കോട്ടയം ജില്ലയിലെ 52 ഗവ.സ്കൂളുകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകി അവർ കുട്ടികൾക്ക് 5 ദിവസം പരിശീലനം നൽകുന്നതിനായിരുന്ന 15 ലക്ഷം രൂപ വകയിരുത്തി യോഗാപരിശീലനം എന്ന പ്രോജക്ട് 2016-17 സാമ്പത്തികവർഷം ആവിഷ്കരിച്ചത്. അദ്ധ്യാപകർക്ക് 6 സ്കൂളുകളിൽവച്ച് യോഗാപരിശീലനം നൽകിയതിനായി ആകെ 1,53,475/- രൂപ ചെലവഴിച്ചു. 2017-18 വർഷം സ്പിൽ ഓവർ പ്രോജക്ടായി യോഗപരിശീലനം ആവിഷ്കരിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കാൻ കഴിയാത്തതിനാൽ 'യോഗാപരിശീലനത്തിന് മാറ്റ് വാങ്ങൽ' എന്ന പേരിൽ പ്രോജക്ടിൽ മാറ്റം വരുത്തി ഡി.പി.സി യുടെ അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ട്. ആയതനുസരിച്ച് കോട്ടയം ജില്ലയിലെ 52 ഗവ.സ്കൂളുകൾക്ക് (ഹൈസ്കൂൾ) 25 യോഗ മാറ്റ് വീതം വാങ്ങി നൽകിയിട്ടുണ്ട്. 17.12.2018-ൽ സ്കൂളുകളിൽ നടത്തിയ പരിശോധനയിൽ പല സ്കൂളുകളിലും യോഗ മാറ്റ് ഉപയോഗപ്പെടുത്തുന്നില്ലെന്ന് വ്യക്തമായിട്ടുണ്ട്. 6 സ്കൂളുകൾ സന്ദർശിച്ചതിൽ 2017-18 വർഷം യോഗപരിശീലനം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തുടർവർഷങ്ങളിൽ യോഗാപരിശീലനം സ്പിൽഓവർ പ്രോജക്ടായി നടത്തുന്നതിനും വൻതുക ചെലവഴിച്ച് വാങ്ങിയ യോഗമാറ്റുകൾ പ്രയോജനപ്പെടുത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## **3-40** വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - പി.എം.എ.വൈ. വിഹിതം (ജനറൽ, എസ്.സി.) പ്രോജക്ട് നം.- 663/17-18
അടങ്കൽ - 1,76,66,914/- രൂപ
(14872865(പൊതു വിഭാഗം)+2794049(എസ്.സി.പി)
ചെലവ്- 17666914 രൂപ

(14872865(പൊതു വിഭാഗം)+2794049(എസ്.സി.പി)
ബിൽ നം. - 2/17-18 തീയതി 14.02.18 തുക 2794049 രൂപ
ബിൽ നം. - 3/17-18 തീയതി 14.02.18 തുക 14872865 രൂപ

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് പ്രകാരം പി.എം.എ.വൈ വിഹിതം നൽകൽ എന്ന ഇനത്തിൽ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1,76,66,914/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ബ്ലോക്ക് പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്ത് | തുക |
|---|---|---|
| 1 | ഈരാറ്റുപേട്ട | 12,74,000 രൂപ |
| 2 | വൈക്കം | 37,34,000 രൂപ |
| ആകെ | | 50,08,000 രൂപ |

ആയതിനാൽ 50,08,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ആയത് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-41 ക്യാൻസർ കീമോതെറാപ്പി യൂണിറ്റ് ലഭ്യമാക്കിയിട്ടില്ല

ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ക്യാൻസർ കീമോതെറാപ്പി യൂണിറ്റ് (396/17-18)' എന്ന പ്രോജക്ട് പ്രകാരം ക്യാൻസർ കീമോതെറാപ്പി യൂണിറ്റ് (ഐ.സി.യു കോട്ട് മോഡൽ എ ) വാങ്ങുന്നതിനായി 1,95,450/- രൂപ (4 എണ്ണം 48,862.62 രൂപ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബിൽ നമ്പർ 3/17-18 തീയതി 30.01.18 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/19-12-18) മറുപടി നല്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഉപകരണം വാങ്ങുന്നതിനായുള്ള 1,95,450/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-42 പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി (പ്രോജക്ട് നം. 395/17-18)
അടങ്കൽ- 8,00,000/- രൂപ
ചെലവ്- 8,00,000/- രൂപ

ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് പ്രകാരം വീൽ ചെയർ, എയർ ബെഡ്, ഹോട്ട് വാട്ടർ ബാഗ് തുടങ്ങിയ 14 ഉപകരണങ്ങൾ വാങ്ങുന്നതിനായി (ബിൽ നം - 2/17-18 തീയതി 12.02.18 പ്രകാരം മാറിയ 4,44,215/- രൂപയിൽ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന 2,48,152/- രൂപ കൈമാറിയിട്ടുണ്ട്(അക്കൗണ്ട് നമ്പർ-3624001800000019). എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17/14.12.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുക (2,48,152/- രൂപ) തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്..

## 3-43 തെരുവുനായ നിയന്ത്രണം - പ്രോജക്ട് നിർവ്വഹണത്തിലെ പുരോഗതി

1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4(1) മുതൽ 4(7) വരെ പ്രതിപാദിച്ചിട്ടുള്ള ലൈസൻസിംഗ് നടപടിക്രമങ്ങൾ പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും സ്വീകരിക്കേണ്ടതാണ്. അലഞ്ഞുതിരിയുന്നവയെ പിടികൂടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും അവയെ നശിപ്പിക്കുന്നതിനും സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. സെക്ഷൻ 6(11)(3). കേന്ദ്രസർക്കാരിന്റെ 2001ലെ ജനന പ്രജനന നിയന്ത്രണ (നായ്ക്കൾ)ചട്ടങ്ങൾ പ്രകാരം പ്രാദേശിക ഭരണകൂടങ്ങൾക്ക് നായ്ക്കളുടെ പ്രജനനം, പ്രതിരോധ കുത്തിവെയ്പ്, വന്ധ്യംകരണം, ലൈസൻസ് നൽകൽ എന്നിവയ്ക്ക് വേണ്ട നടപടി സ്വീകരിയ്ക്കാൻ അധികാരമുണ്ട്. 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ ഖ.6.3 പ്രകാരം പേവിഷ നിർമ്മാർജ്ജനം, തെരുവുനായ്ക്കളുടെ നിയന്ത്രണം എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. വാക്സിൻ, വാഹനവാടക ബോധവൽക്കരണ ക്യാമ്പയിൻ, വിദഗ്ധർക്കുള്ള പ്രതിഫലം എന്നിവയ്ക്ക് വികസനഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കാവുന്നതാണ്.

മേൽചട്ടങ്ങളും നിയമങ്ങളും ഉത്തരവുകളും പാലിച്ചുകൊണ്ട് കോട്ടയം ജില്ലാ പഞ്ചായത്ത് 2015-16 സാമ്പത്തികവർഷം (12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ) പദ്ധതി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുമായും നഗരസഭകളുമായും ചേർന്ന് നടപ്പിലാക്കിയ സമഗ്ര എബിസി പദ്ധതിയിൽ നിരവധി അപാകതകൾ ഉണ്ടായിരുന്നു. 2016-17 സാമ്പത്തികവർഷം പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രാഥമിക പഠനങ്ങളും ചർച്ചയും നടത്തിയിരുന്നുവെങ്കിലും പ്രോജക്ട് നിർമ്മാണം നടത്തിയിരുന്നില്ല.

2017-18 സാമ്പത്തികവർഷം 1,00,00,000/- രൂപ വകയിരുത്തി എബിസി പ്രോജക്ട് വിഭാവനം ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നുള്ള 9051/ഡി/2016/കെ.എസ്.എച്ച്.ഒ.നമ്പർ സർക്കുലർ പ്രകാരം പദ്ധതി നടത്തിപ്പിന്റെ സഹായത്തിനായി മൃഗസംരക്ഷണവകുപ്പിലെ ഡോക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറിയെ കമ്മറ്റി അംഗമായും ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിയ്ക്കുകയും പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റാർ, നന്മ എന്നീ എ.ബി.സി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ തെരുവുനായ്ക്കളെ പിടിച്ച് കോട്ടയം ജില്ലയിലെ 5 വെറ്ററിനറി പോളിക്ലിനിക്കുകളിലെത്തിച്ച് (പരിയാരം, വാഴൂർ, കടനാട്, വൈക്കം, കാഞ്ഞിരപ്പള്ളി) വന്ധ്യംകരിച്ച് പരിചരിച്ച് പിടിച്ച സ്ഥലത്ത് തിരികെ എത്തിയ്ക്കുകയും ചെയ്തിട്ടുണ്ട്. വന്ധ്യംകരണത്തിനായി 7 വെറ്ററിനറി ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തിരുന്നു. ശസ്ത്രക്രിയ തടസ്സം കൂടാതെ നടക്കുന്നതിനുള്ള മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായതിൽ കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2015-16ൽ ആരംഭിച്ച പ്രോജക്ട് പ്രകാരം 15000 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2015-16 സാമ്പത്തികവർഷം 53,96,697/- രൂപ ചെലവഴിച്ച് 883 നായ്ക്കളെ മാത്രമെ വന്ധ്യംകരിയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ 2017-18 സാമ്പത്തികവർഷം 36,68,634/- രൂപ ചെലവഴിച്ച് 2428 നായ്ക്കളെ വന്ധ്യംകരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെ അഞ്ച് പോളിക്ലിനിക്കുകളിൽ 2015-16 സാമ്പത്തികവർഷം നിർമ്മിച്ച 80 കേജുകളും നിലവിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. 2018-19 സാമ്പത്തികവർഷം എ.ബി.സി. പ്രോജക്ട് സ്പിൽഓവറായി നടപ്പിലാക്കുന്നുണ്ട്.

തെരുവുനായ്ക്കളിൽ നിന്നും ജനങ്ങൾക്കുണ്ടാകുന്ന ഭീഷണി നേരിടുക, പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക എന്നിവയാണ് പ്രോജക്ട് ലക്ഷ്യങ്ങൾ. മൃഗസംരക്ഷണവകുപ്പിന്റെ സഹായത്തോടുകൂടി തെരുവുനായ്ക്കളുടെ സർവ്വേ നടത്തി പദ്ധതിപ്രദേശങ്ങൾ നിശ്ചയിക്കുക എന്ന പ്രാദേശിക പ്രവൃത്തി ഭാഗികമായേ നിർവ്വഹിച്ചിട്ടുള്ളൂ. അനുകൂലമായ ഭൗതിക സാഹചര്യമുള്ള വെറ്ററിനറി ഹോസ്പിറ്റലുകളെ മാത്രം സെന്ററുകളായി തെരഞ്ഞെടുക്കുന്നതിനുപകരം സർവ്വേ നടത്തിയ പ്രദേശങ്ങളിൽ ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

കൂടാതെ വന്ധ്യംകരിച്ച നായ്ക്കളെ കൂട്ടിൽ പാർപ്പിച്ച് തീറ്റ നൽകി സംരക്ഷിയ്ക്കുന്ന "ഡോഗ് പാർക്ക്"എന്ന

പദ്ധതി നിർദ്ദേശവും തുടർവർഷങ്ങളിൽ നടപ്പിലാക്കേണ്ടതാണ്. അധികൃതരുടെ സത്വരശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

തെരുവുനായ നിയന്ത്രണം-ധനവിനിയോഗം -വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ജില്ലാപഞ്ചായത്തിന്റെ തെരുവുനായ നിയന്ത്രണം എന്ന സംയുക്ത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷം 1,65,66,818/- രൂപ ഗ്രാമബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും സമാഹരിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷം 64,45,749/- രൂപ മാത്രമാണ് പ്രോജക്ടിനായി ചെലവഴിച്ചത്. ശേഷിയ്ക്കുന്നത് 1,01,21,069/- രൂപയാണ്. 2016-17 വർഷം പദ്ധതി നിർവ്വഹണം നടന്നില്ല. 2017-18 വർഷം 1,00,00,000/- രൂപ വകയിരുത്തി വിഭാവനം ചെയ്ത പ്രോജക്ടിനായി 36,68,639/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽസൂചിത വർഷങ്ങളിലെ വരവുചെലവുകണക്കുകൾ പ്രകാരം 31.03.2018-ൽ അവശേഷിക്കേണ്ടത് 64,52,430/- രൂപയായിരുന്നു. 2017-18 വാർഷികകണക്കുപ്രകാരം പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച തുകയിൽ 82,01,432/- രൂപ 31.03.2018-ൽ അവശേഷിയ്ക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. തെരുവുനായ നിയന്ത്രണം എന്ന സംയുക്ത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നാളിതുവരെ (31.03.2018 വരെ) ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായതും ചെലവഴിച്ചതും ചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്നതുമായ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 11.12.2018-ൽ നൽകിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ജില്ലാ പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 12.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | വെള്ളാവൂർ ഗ്രാമപഞ്ചായത്ത് വാർഡ്-6 മൂങ്ങാനിയിൽ കാർഷിക വിപണന കേന്ദ്രം നിർമ്മാണം(1009/18) | 750,000/- | 27.02.2018 | 0 | 750,000/- |
| | പൊൻകുന്നം ഡിവിഷനിൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് വാർഡ്-6 ൽ അംഗൻവാടി കെട്ടിട നിർമ്മാണം(1102/18) | 500,000/- | 27.02.2018 | 0 | 500,000/- |
| ആകെ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചത് | | 1,250,000/- | - | 0 | 1,250,000/- |

എ.ബി.സി. പ്രോഗ്രാമിനായി ചെലവഴിച്ച 3,668,639/- രൂപ സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന തുകയുടെ ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത് എങ്കിലും സുലേഖ ചെലവ് പത്രികയിൽ തനത് ഫണ്ട് ചെലവായിട്ടാണ് ചേർത്തിരിക്കുന്നത്.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേകം ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് മാത്രമായി ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതും സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിമയം ടി അക്കൗണ്ടിലൂടെ മാത്രം നടത്തേണ്ടതുമാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

കോട്ടയം ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസി/വകുപ്പുകളിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ജില്ലാ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്റ്റ് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ പൈപ്പ് ലൈൻ നീട്ടൽ(811/18) | 1,497,119/- | 01.12.2017 | 0 | 1,497,119/- |
| | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ എസ്.സി. കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(849/18) | 1,778,409/- | 17.10.2017 | 0 | 1,778,409/- |
| | വെള്ളൂർ ഡിവിഷനിൽ ചേലച്ചുവട് ചെമ്മഞ്ചി മണ്ണുക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ(1120/18) | 500,000/- | 31.01.2018 | 0 | 500,000/- |
| | കടുത്തുരുത്തി ഡിവിഷൻ മരങ്ങോലി കുടിവെള്ള പദ്ധതി(1135/18) | 750,000/- | 21.02.2018 | 0 | 750,000/- |
| | അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ(1136/18) | 800,000/- | 27.02.2018 | 0 | 800,000/- |
| | കടുത്തുരുത്തി ഡിവിഷൻ കല്ലറ പഞ്ചായത്തിൽ തുമ്പിൽത്താഴം റോഡിൽ പൈപ്പ് ലൈൻ വലിച്ച് കണക്ഷൻ നൽകൽ(1137/18) | 1,000,000/- | 22.02.2018 | 0 | 1,000,000/- |
| | കടുത്തുരുത്തി ഡിവിഷൻ കടുത്തുരുത്തി പഞ്ചായത്തിൽവാർഡിൽ പൈപ്പ് ലൈൻ നീട്ടൽ(1139/18) | 1,012,000/- | 22.02.2018 | 0 | 1,012,000/- |
| | ആകെ ജല അതോറിറ്റിയിൽ നിക്ഷേപിച്ചത് | 7,337,528/- | - | 0 | 7,337,528/- |
| ഭൂജല വകുപ്പ് | കാഞ്ഞിരപ്പള്ളി ഡിവിഷൻ മണിമല പഞ്ചായത്തിൽ 15-ാം വാർഡിൽ തേക്കാനം കുടിവെള്ള പദ്ധതി പൂർത്തീകരണം(275/18) | 500,000/- | 28.09.2017 | 0 | 500,000/- |
| | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ കുഴൽ കിണർ നിർമ്മാണം(812/18) | 2,000,000/- | 17.10.2017 | 0 | 2,000,000/- |
| | പാമ്പാടി ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ കുഴൽ കിണർ നിർമ്മാണം(825/18) | 250,000/- | 27.09.2017 | 0 | 250,000/- |
| | ഏറ്റുമാനൂർ ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കുഴൽ കിണർ നിർമ്മാണം(867/18) | 250,000/- | 27.09.2017 | 0 | 250,000/- |
| | കറിച്ചി പഞ്ചായത്ത് ആനക്കുഴി എസ്.സി. കോളനി കുടിവെള്ള പദ്ധതി(1020/18) | 1,000,000/- | 13.03.2018 | 0 | 1,000,000/- |
| | കറിച്ചി ചെമ്പുചിറ ഭാസ്കരൻ കോളനി കുടിവെള്ള പദ്ധതി(1021/18) | 500,000/- | 13.03.2018 | 0 | 500,000/- |
| | വിജയപുരം പഞ്ചായത്ത് വാർഡ്-5 കുടിവെള്ള പദ്ധതി പൂർത്തീകരണം(1021/18) | 300,000/- | 05.01.2018 | 0 | 300,000/- |
| | കറിച്ചി പഞ്ചായത്ത് സചിവോത്തമപുരം പഴയ കോളനി കുഴൽ കിണർ കുഴിച്ച് ഓവർ ടാങ്ക് നിർമ്മിച്ച് ഹൗസ് കണക്ഷൻ നൽകൽ(1097/18) | 260,000/- | 22.03.2018 | 0 | 260,000/- |
| | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ കുഴൽ കിണർ നിർമ്മാണം(1152/18) | 3,399,644/- | 13.03.2018 | 0 | 3,399,644/- |

| | | | | | |
|---|---|---|---|---|---|
| | ആകെ ഭൂജല വകുപ്പിൽ നിക്ഷേപിച്ചത് | 8,459,644/- | - | 0 | 8,459,644/- |
| പൊതുമരാമത്ത് വകുപ്പ് (Electrical Wing) | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ ലൈറ്റുകൾ(273/18) | 2,450,000/- | 23.03.2018 | 0 | 2,450,000/- |
| | കോട്ടയം ജില്ലയിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകളിൽ നിർമ്മിച്ചിട്ടുള്ള ഗേൾസ് ഫണ്ട്‌ലി ടോയ്‌ലെറ്റ് വൈദ്യുതീകരണം(901/18) | 797,500/- | 28.12.2017 | 0 | 797,500/- |
| | പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചത് | 3,247,500/- | - | 0 | 3,247,500/- |
| KSEB | ഉഴവൂർ ഡിവിഷൻ രാമപുരം പഞ്ചായത്ത് ചിറക്കപ്പാറ കുടിവെള്ള പദ്ധതി ത്രീഫേസ് ലൈൻ വലിക്കൽ(263/18) | 97,728/- | | 0 | 97,728/- |
| | വിജയപുരം ഗ്രാമപഞ്ചായത്ത് വാർഡ്-4 പുതുപ്പള്ളി ഡിവിഷൻ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(820/18) | 596,716/- | 27.01.2018 | 0 | 596,716/- |
| | കുമരകം ഗ്രാമപഞ്ചായത്ത് വാർഡ്-14 കൃഷ്ണവിലാസം പട്ടികവർഗ്ഗ കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ(951/18) | 100,000/- | 04.03.2018 | 0 | 100,000/- |
| | കുറവിലങ്ങാട് ഡിവിഷൻ കടപ്പൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലേക്ക് ത്രീ ഫേസ് കണക്ഷൻ(1038/18) | 130,512/- | 30.12.2017 | 0 | 130,512/- |
| | വൈക്കം ഡിവിഷൻ മൂലക്കരി പാടശേഖരം ട്രാൻസ്ഫോമർ(1131/18) | 71,850/- | 28.02.2018 | 0 | 71,850/- |
| | മുണ്ടക്കയം ഡിവിഷൻ വേങ്ങക്കുന്ന് കുടിവെള്ള പദ്ധതി ത്രീഫേസ് കണക്ഷൻ(1140/18) | 71,368/- | 02.03.2018 | 0 | 71,368/- |
| | കങ്ങഴ ഡിവിഷൻ തേരാളി-കടുക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ(1141/18) | 133,120/- | 27.02.2018 | 0 | 133,120/- |
| | അയർക്കുന്നം ഡിവിഷൻ അരീപ്പറമ്പ് സ്കൂളിന് വൈദ്യുതി കണക്ഷൻ(1141/18) | 63,790/- | 27.02.2018 | 0 | 63,790/- |
| | സമ്പൂർണ്ണ വൈദ്യുതീകരണം(1150/18) | 2,001,240/- | 04.03.2018 | 0 | 2,001,240/- |
| | കങ്ങഴ ഗ്രാമപഞ്ചായത്ത് എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ(1159/18) | 1,620,000/- | 23.03.2018 | 0 | 1,620,000/- |
| | കോട്ടയം ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷൻ വൈദ്യുതി ലൈൻ നീട്ടൽ(1160/18) | 980,072/- | 04.03.2018 | 0 | 980,072/- |
| | മണർകാട് റീജ്യണൽ പോൾട്രി ഫാമിൽ സോളാർ പാനൽ സ്ഥാപിക്കൽ(954/18) | 1,590,000/- | 27.01.2018 | 0 | 1,590,000/- |
| | ആകെ KSEB യിൽ നിക്ഷേപിച്ചത് | 7,456,396/- | - | 0 | 7,456,396/- |
| ആകെ | | 26,501,068/- | | 0 | 26,501,068/- |

അക്കൗണ്ടിങ്ങിലെ അപാകതമൂലം തൻവർഷത്തെ നിക്ഷേപ പ്രവൃത്തികളുടെ മൂല്യം കൃത്യമായ ഡെപ്പോസിറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക ആസ്തി ശീർകങ്ങളിലും മറ്റ് ശീർഷകങ്ങളിലുമാണ് ചെലവായി അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ ധനകാര്യ പത്രികയിൽ പ്രസ്തുത ഫണ്ടിന്റെ വിനിമയം യഥാർത്ഥ ശീർഷകങ്ങളിൽ പ്രതിഫലിക്കുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ ശേഷം മാത്രമാണ് ചെലവ് മൂല്യത്തിനു തുല്യമായ ആസ്തി സൃഷ്ടിച്ചതായി കണക്കാക്കി അക്കൗണ്ട് ചെയ്യേണ്ടത്. നിക്ഷേപ പ്രവത്തികൾക്ക് നൽകുന്ന തുക കൃത്യമായി ഡെപ്പോസിറ്റ് ശീർഷകത്തിൽ

അക്കൗണ്ട് ചെയ്യേണ്ടതാണ്. അക്കൗണ്ടിങ്ങിലെ അപാകതകൾ ജേർണൽ വൗച്ചർ മുഖേന ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം ജില്ലാ പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യത ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 4,41,464/- രൂപയാണ് വരവ് വന്നിട്ടുള്ളത് (ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം).

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|---|
| 1. | 2014-15 | 3-9 | 11,007/- | ജെയിസൺ വർഗ്ഗീസ്, കരാറുകാരൻ | 117010100037/16.05.2017 |
| 2. | 2016-17 | ഓഡിറ്റ് എൻക്വയറി നം.17-AG Audit | 275/- | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 117010100104/10.07.2017 |
| 3. | 2016-17 | ഓഡിറ്റ് എൻക്വയറി നം.12/2016-17 | 400,868/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 117010100254/22.11.2017 |
| 4. | 2015-16 | 3-1 | 4,610/- | പ്രോഗ്രാം ഓഫീസർ, എസ്.ഇ.യു.എഫ്. | 117010100339/16.01.2018 |
| 5. | 2015-16 | 2-7 | 232/- | അസിസ്റ്റന്റ് ഡയറക്ടർ, ആർ.പി.എഫ്. മണർകാട് | 117010100364/19.02.2018 |
| 6. | 2016-17 | 3-26.1 | 7,982/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 117010100388/06.03.2018 |
| 7. | 2016-17 | 3-26.2 | 11,576/- | | 117010100389/06.03.2018 |
| 8. | 2016-17 | 3-26.3 | 4,914/- | | 117010100393/07.03.2018 |
| ആകെ | | | 441,464/- | | |

ഓഡിറ്റ് റിക്കവറി തുകയിൽ ക്രമ നം.1,2,3 എന്നിവ മാത്രമാണ് (412,150/- രൂപ) 180400101-Recovery from Employees-Audit Recovery based on Charge Certificate ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള തുകയുടെ വിശദാംശങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ഓഡിറ്റ് ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്(വർഷം) | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ്.സി. വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റു വാങ്ങാതിരുന്നതിനാൽ നഷ്ടം സംഭവിച്ചു | |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതിയില്ലാതെ 30% ൽ അധികം ടെണ്ടർ എക്സസ് നൽകി | |
| 1998-99 | 3, 4, 5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | |
| 1999-00 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിച്ചില്ല | |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടനിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു | |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | |
| | 6 | 2003-04 | 5-3(11) | പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | |
| 2007-08 | പ്രോ.നം. 446/08 445/08 441/08 398/08 80/08 67/08 129/08 114/08 447/08 443/08 407/08 437/08 434/08 44/08 442/08 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വാകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു | |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കുന്നം പഴമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | |
| 2014-15 | - | 2013-14 | 5.2 | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | |
| 2014-15 പ്രവർത്തന ക്ഷമത റിപ്പോർട്ട് | - | 2014-15 | 5(എ) | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും മൃഗസംരക്ഷണം ക്ഷീരവികസനം മേഖലയും- പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം – മണർകാട് | നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 618,059,986/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 599,319,083/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,18,277/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,28,03,722/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യാവുന്നവ | |
| 3-9 | - | 77,871/- | സി. കെ. ജിജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| 3-10 | - | 22,865/- | സി. കെ. ജിജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| | | 22,865/- | റജി ഫിലിപ്പ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| | | 22,865/- | ബിന്ദു റ്റി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) |
| 3-11 | - | 25,228/- | റജി ഫിലിപ്പ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| | | 25,228/- | അന്ന ജി.വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) |
| 3-24 | - | 4,356/- | സി. എൽ. ലാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) |
| 3-25 | - | 94,399/- | സി. എൽ. ലാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 3-28 | - | 1,22,600/- | സി. എൽ. ലാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| ആകെ | - | 4,18,277/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,64,36,778/- | ശ്രീ റ്റി. ജെ. വർക്കി, സെക്രട്ടറി |
| 3-4 | 46,068,601/- | |
| 3-5 | 27,682,193/- | |

| | | |
|---|---|---|
| 3-13 | 12,56,946/- | എം. കെ. വിജയകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| 3-14 | 8,02,005/- | സി. കെ. ജിജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| 3-15 | 7,36,918/- | എം. കെ. വിജയകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| 3-22 | 1,45,239/- | സി. കെ. ജിജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ(LSGD) |
| 3-26 | 8,53,686/- | സി. എൽ. ലാൽ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 3-28 | 11,03,400/- | |
| 3-29 | 4,39,750/- | |
| 3-35 | 80,29,200/- | എസ്. എൻ. ശിവന്യ, ജില്ല സാമൂഹ്യ സുരക്ഷ ഓഫീസർ |
| 3-37 | 5,16,79,254/- | ജെ. ബെന്നി, പ്രോജക്ട് ഡയറക്ടർ,<br>ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്(PAU) |
| 3-39 | 21,18,150/- | എ. കെ. അരവിന്ദാക്ഷൻ,ഡെപ്യൂട്ടി ഡയറക്ടർ,<br>പൊതുവിദ്യാഭ്യാസം |
| 3-40 | 50,08,000/- | ജെ. ബെന്നി, പ്രോജക്ട് ഡയറക്ടർ,<br>ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്(PAU) |
| 3-41 | 1,95,450/- | ഡോ. ബിന്ദുകുമാരി, ചീഫ് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി(അലോപ്പതി) |
| 3-42 | 2,48,152/- | |
| ആകെ | 17,28,03,722/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഇനം |
|---|---|---|
| 3-8 | 37,587/- | Service Tax(Central Government) |
| 3-22 | 10,154.50 | Central Goods and Service Tax(CGST) |
| | 10,154.50 | State Goods and Service Tax(SGST) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി. കെ. ജിജി<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | സി. കെ. ജിജി<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | മിസ്പാ, മഞ്ചള്ളൂർ,<br>പത്തനാപുരം-689695. |
| സി. എൽ. ലാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | സി. എൽ. ലാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ബ്ലെസ്സിംഗ്, ബി-24,<br>മീഡ്സ് ലെയിൻ,<br>യൂണിവേഴ്സിറ്റി പി.ഒ.,<br>തിരുവനന്തപുരം-695034. |
| ശ്രീ.റജി ഫിലിപ്പ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.റജി ഫിലിപ്പ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഏറ്റുമാനൂർ ബ്ലോക്ക് | മറ്റത്തിൽ ഹൗസ്<br>ഒളശ്ശ പി.ഒ.<br>അയ്മനം, കോട്ടയം |
| ശ്രീമതി ബിന്ദു റ്റി.റ്റി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദു റ്റി.റ്റി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | തോപ്പിൽ ഹൗസ്<br>അയ്മനം പി.ഒ.<br>കോട്ടയം |
| അന്ന ജി.വർഗ്ഗീസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അന്ന ജി.വർഗ്ഗീസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>അയ്മനം ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ<br>ഏറത്ത്<br>വടക്കേടത്ത്കാവ് പി.ഒ.<br>അടൂർ – 691526 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.11.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി8/189/2012, 21.03.2012 |
| 1998-99 | എൽ.എഫ്.കെ.പി8/564/2010, 02.03.2011 |
| 1999-00, 2000-01, 2001-02 | കെഎസ്എ.കെടിഎം.പി.8-1163/15, 14.09.15 |
| 2002-03 | എൽ.എഫ്.കെ.പി.8-652/15, 15.09.15 |
| 2003-04 | എൽ.എഫ്.കെ.പി.1-1088/06, 20.03.07/16.04.07 |
| 2004-05 | എൽ.എഫ്.കെ.പി.1-616/08, 30.03.10 |
| 2005-06 | എൽ.എഫ്.കെ.പി.8-458/2011, 11.10.2011 |
| 2006-07 | എൽ.എഫ്.കെ.പി.1-234/2010, 14.05.2010 |
| 2008-09 | എൽ.എഫ്.കെ.പി.8-188/2012, 05.03.2012 |
| 2009-10 | എൽ.എഫ്.കെ.പി.8-1098/13, 02.04.2014 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി-8-1162/15, 03.10.2015 |
| 2011-12 | എൽ.എഫ്.കെ.പി.8-141/2015, 14.09.2015 |
| 2012-13 | എൽ.എഫ്.കെ.പി.8-210/14, 27.04.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-18-442/2017, 19.04.17 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി18-443/17 തീയതി 26.04.2017 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി16-430/17 തീയതി 17.08.2017 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി16/167/2018 തീയതി 27.03.2018 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)-ഇൻ ചാർജ് ഓഫ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-കെ.ടി.എം.പി.16-2224/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം
ഇ-മെയിൽ: **doktm.ksad@kerala.gov.in**
ഫോൺ: **04812564886**
തീയതി : 18.02.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രിക ജില്ലാ പഞ്ചായത്തിന്റെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)-ഇൻ-ചാർജ് ഓഫ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം